H.5.3501

[illegible]

H-S·3501

ഡാക്ടർ രാധാകൃഷ്ണൻ

Approved by the Text-Book Committee, Madras,
for class use. Vide Fort St. George Gazette
dated 4—4—56.

SHEENARASIMHA VILASOM
SHERTALLAY
Kerala State
BOOK DEPOT THURAVOOR

ഗ്രന്ഥകർത്താ:

മേക്കുന്നത്തു് കുഞ്ഞികൃഷ്ണൻനായർ ബി. എ.

SHEENARASIMHA VILASOM
SHERTALLAY
Kerala State
BOOK DEPOT THURAVOOR

പ്രസാധകന്മാർ:

പ്രകാശകൌമുദി പ്രിൻറിങ്ങ് വർക്ക്സ്

കോഴിക്കോട്ട്

1956] [വില 0—12—0

ഡാക്ടർ രാധാകൃഷ്ണൻ

പ്രവേശിക

അസ്തമനസൂര്യ്യന്റെ രശ്മികൾ സന്ധ്യയ്ക്കു് പാടലച്ഛായ ചാർത്തിത്തുടങ്ങി.

ക്രമത്തിൽ, മഞ്ഞളിച്ചു മങ്ങിയ വെളിച്ചത്തിൽ, തോട്ടത്തിലെ അശോകത്തറമേലിരുന്ന ഞാൻ ആ പുസ്തകത്തിന്റെ അവസാനഭാഗവും ഉത്സാഹപൂർവ്വം വായിച്ചുതീർത്തു.

അതൊരു മഹത്തായ പുസ്തകമായിരുന്നു.

ഐന്ദ്രജാലികന്റെ നൈപുണിയോടുകൂടി ഒരത്ഭുതരത്നശേഖരത്തിന്റെ മറനീക്കി അതു് നിങ്ങളുടെ ഹൃദയത്തിൽ വെളിച്ചം ചൊരിയുന്നു! ചരിത്രപരവും വിചാരരമ്യവുമായ പശ്ചാത്തലത്തിൽ, തേച്ചുമിനുക്കി 'കാന്തിയും മൂല്യവും വാച്ച്' ഭാരതീയ തത്വചിന്താരത്നങ്ങൾ നിങ്ങളുടെ മുമ്പാകെ പൂർണ്ണശോഭയിൽ മുഴുകി നില്ക്കുന്നു!

അതൊരു മഹത്തായ പുസ്തകമായിരുന്നു!

ആ പുസ്തകം വായിച്ചു കഴിഞ്ഞ ഞാൻ അതിന്റെ പിന്നിൽ കർത്തൃത്വാധികാരം വഹിച്ചു പരിലസിച്ച മഹനീയവ്യക്തിയെ അനുസ്മരിച്ചു. ആയിരക്കണക്കിലുള്ള കൊല്ലങ്ങളിൽകൂടി, അനേകം ഇഴകളിൽ കെട്ടിപ്പിണച്ചു് രൂപപ്പെടുത്തിയ, ഭാരതീയ തത്വചിന്തയെ ഒരിഴപോലും സ്പർശിക്കാൻ മറക്കാതെയും

കണ്ടെത്താൻ വിട്ടുപോകാതെയും സമഗ്രരൂപത്തിൽ അനുവാചകൎക്കു് കാട്ടിക്കൊടുത്ത അദ്ദേഹം അസാധാരണധിഷണാശാലിയാണു്; സംശയമില്ല. ആ ചിന്തകാഗ്രണിയെ നേരിട്ടുകണ്ടു് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കാനിടവന്ന അസുലഭസന്ദൎഭത്തെപ്പററിയും ഞാനോൎത്തു.

അന്നു ഞാൻ എറണാകുളം 'മഹാരാജാസ്' കോളേജിൽ പഠിക്കുകയായിരുന്നു. അക്കൊല്ലം, കോളേജിൽ പതിവുപോലെയുള്ള ഒരു സ്മാരകപ്രസംഗം നടത്തുവാൻ (ചാത്തുപ്പണിക്കർ സ്മാരകപ്രസംഗമാണെന്നാണു് എന്റെ ഓൎമ്മ) വിശ്രുതവാഗ്മിയായ 'രാധാകൃഷ്ണൻ' വരുന്നുണ്ടെന്ന വാൎത്ത കുറെ ദിവസങ്ങൾക്കു മുമ്പുതന്നെ കലാശാലാവൃത്തങ്ങളിൽ പ്രചരിച്ചു. കേട്ടതു മുതൽ ആ സുവൎണ്ണാവസരം അതുല്യകൌതുകത്തോടുകൂടിയാണു് ഞങ്ങൾ പ്രതീക്ഷിച്ചുനിന്നതു്. അദ്ദേഹം എത്തിച്ചേൎന്നു — ആഡംബരവിമുഖനായി ഒരു പഴയ സ്കൂൾമാസ്റ്ററുടെ വേഷത്തോടുകൂടിയ സാധാരണക്കാരൻ! കൃത്രിമഗാംഭീൎയ്യമില്ല; വേഷപ്പകിട്ടില്ല; ഗൌരവനാട്യമില്ല. പാദഭാഗങ്ങൾ മൂടാത്തനിലയിൽ പാളത്താർ കെട്ടിട്ടുണ്ടു്. അടച്ചുകുടുക്കിയ വെള്ളക്കോട്ടു്; ഉന്നതനാസിക; കാൎയ്യങ്ങളുടെ യാഥാൎത്ഥ്യത്തിലേയ്ക്കു് ആഴത്തിൽ നോട്ടം വിടാൻ കരുത്തുററ കണ്ണുകൾക്കു് ആവരണം ചമച്ച കണ്ണട; മസ്തിഷ്കഗുരുത്വം താങ്ങാൻ വെച്ചതുപോലുള്ള ഒരു വലിയ തലക്കെട്ടു്; വീതി കൂടിയ നെററിത്തടം; മെലിഞ്ഞ ദേഹം — അങ്ങിനെയായിരുന്നു രാധാകൃഷ്ണനെ ഞാൻ കണ്ട

തു്. ബുദ്ധിയുടെയും സംസ്കാരത്തിന്റെയും തച്ചി ന്തയുടെയും ഉന്നതതലങ്ങളിൽ വിഹരിച്ച ആ വിദ്വ ന്മണി വേഷത്തിലോ ഭാവത്തിലോ തെല്ലും ഉദ്ധതനാ യിരുന്നില്ല.

എന്നാൽ, ആ നീണ്ട മെലിഞ്ഞ മനുഷ്യൻ പ്ര സംഗിയ്ക്കാൻ തുടങ്ങിയപ്പോഠം എന്തൊരനർഗ്ഗളമായ വാചാലതയാണു് അവിടെ നടമാടിയതു്! വാക്ക കഠം നിർല്ലോഭമായും നിരർഗ്ഗളമായും പ്രവഹിക്കുന്നു! ഗുരുതരമായ ചിന്തയുടെ കനംപിടിച്ച ആശയങ്ങഠം വചോവിലാസത്തിൽ പൊതിഞ്ഞു ശ്രോതാക്കഠംക്കു് മധുരക്കനികഠം സല്ക്കരിക്കുന്നു! പക്ഷേ, ഒരു പത്തുനി മിഷം ശ്രദ്ധിച്ചില്ലെങ്കിൽ മതി; നിങ്ങഠംക്കു് 'എത്തും പിടിയും' കിട്ടിയെന്നു വരില്ല. ചിന്തകളെ കൊള്ളു ത്തിയിട്ട കണ്ണികഠം കണ്ടെത്താൻ കഴിയാതെ പോകും. അദ്ദേഹത്തിന്റെ ഓരോ വാചകവും അത്ഥഗർഭവും ചിന്തോദ്ദീപകവുമായിരുന്നു. മിക്കവയ്ക്കും ലക്ഷണാ വാക്യങ്ങളുടെ ഗാംഭീര്യമുള്ളതായിത്തോന്നി. പാശ്ചാ ത്യപരിഷ്കാരത്തെ അന്ധമായനുകരിച്ചു തെളിയുന്ന 'മാന്യം മന്യ'ന്മാരെപ്പററി ആ ചിന്തകൻ പറഞ്ഞതു ഞാൻ ഇന്നും അനുസ്മരിക്കുന്നു. അതെത്രമാത്രം സത്യാ ത്മകമാണെന്നു് ഓക്കേണ്ട പല സന്ദർഭങ്ങളും ഉണ്ടാ യിട്ടുണ്ടു്. ആധുനിക 'മാന്യ'ന്മാരെപ്പററി ഡാക്ടർ രാധാകൃഷ്ണൻ നൽകിയ നിർവ്വചനം ഇതായിരുന്നു: *

'A modern gentleman is one who has all the outward manifestations of Virtue and the secret enjoyment of all Vices.'

'പുറത്ത്' സദാചാരത്തിൻെറ എല്ലാ പ്രകടനമോടി കളും അകത്ത്' എല്ലാ ദുർവൃത്തികളുടെയും രഹസ്യാനു ഭോഗവുമുള്ള ആളാകുന്നു ആധുനികമാന്യൻ.' അനുഭ വങ്ങളുടെ വെളിച്ചത്തിൽ ഈ നിർവ്വചനം ചിലരെ സംബന്ധിച്ച്' എത്രമാത്രം വാസ്തവികമായിത്തോന്നു കയില്ല!

ഇന്നത്തെ ഭാരതീയതത്വചിന്തകന്മാരിൽ അഗ്രി മനായ ഒരാചാര്യനാണ്' ഡാക്ടർ രാധാകൃഷ്ണൻ. ഇ യ്യിടെയായി അദ്ദേഹം രാഷ്ട്രീയജീവിതത്തിൽ പ്രവേ ശിച്ചിട്ടുണ്ടെന്നത്' വാസ്തവം തന്നെ. എന്നാൽ ഒരു തത്വചിന്തകനെന്ന നിലയ്ക്ക്' അദ്ദേഹം ചെയ്ത സേവ നങ്ങളാണ്' നമുക്ക്' ആദ്യമായി പരിഗണിക്കേണ്ടത്'. 'ഭാരതരത്നം' എന്ന മഹോന്നതബിരുദം നൽകിക്കൊ ണ്ടു നടത്തിയ ബഹുമാനച്ചടങ്ങിൽ, 'ഡാക്ടർ രാധാകൃ ഷ്ണൻ ചെയ്ത ഏററവും മഹത്തായ സേവനം ഭാരതീയ തത്വചിന്തയെ പാശ്ചാത്യലോകത്തിന്ന്' വ്യാഖ്യാനി ച്ചുകൊടുത്തതാണെ'ന്നു പ്രസ്താവിക്കപ്പെടുകയുണ്ടായി. അതൊരനിഃഷേധ്യമായ വാസ്തവമാണ്'. തത്വചിന്ത യെപ്പററി അദ്ദേഹം എഴുതിയ പുസ്തകം, ഞാൻ വാ യിച്ച പുസ്തകം മാത്രം മതി, ആ ധിഷണാശാലിക്ക്' അനശ്വരകീർത്തി ചാർത്തിക്കൊടുക്കുവാൻ!

മഹാനായ ആ ചിന്തകൻെറ ജീവിതത്തിലേക്ക്' നമുക്കൊന്നെത്തിനോക്കുക! ആ ദാർശനികൻെറ ജീ വിതസന്ദേശം മനസ്സിലാക്കാൻ നമുക്കു പരിശ്രമി ക്കുക!

ഒന്നാം അദ്ധ്യായം

ബാല്യവും വിദ്യാഭ്യാസവും

മദിരാശി നഗരത്തിന്നു് വടക്കുപടിഞ്ഞാറായി ഏതാണ്ടു് നാല്പതു നാഴിക അകലെ, ആന്ധ്രയിലെ ചിററൂർ ജില്ലയിൽ 'തിരുത്തണി' എന്ന ഒരു സ്ഥലമുണ്ടു്. നഗരത്തിലെ ജനബാഹുല്യമോ ബഹളമോ 'പൊടിപാറുന്ന' ആഡംബരമോ ആർഭാടമോ ഒന്നും അവിടെ കാണുകയില്ല. പക്ഷെ ഹിന്ദുഭക്തന്മാരുടെ മനസ്സിൽ പാവനസ്മരണകൾ ഉദ്ദീപിപ്പിക്കുന്ന ഒരു സ്ഥലമാണതു്—തിരുപ്പതിപോലെ ഭക്തജനങ്ങളെ ആകർഷിച്ചുപോന്ന ഒരു തീർത്ഥയാത്രാസങ്കേതം. ശാന്തമോഹനമായ ആ പ്രദേശത്തിലെ സുബ്രഹ്മണ്യ ദേവാലയം സുപ്രസിദ്ധമാണു്. സർവ്വേപ്പള്ളി രാധാകൃഷ്ണൻ തിരുത്തണിയിൽ 1888 സപ്തമ്പർ 5-ാംനു- ജനിച്ചു.

ഇടത്തരക്കാരായ ഒരു തെലുങ്കു ബ്രാഹ്മണകുടുംബത്തിൽ അദ്ദേഹം പിറന്നു. ആ കുടുംബത്തിന്നു് ധനപ്രശസ്തിയോ പ്രതാപമോ ഉണ്ടായിരുന്നില്ല. പക്ഷേ അതിലെ അംഗങ്ങൾ സാധുശീലന്മാരും പരിപാവനമായികരുതിയ അവരുടെ കുലവൃത്തിയ്ക്കു് കളങ്കം തട്ടിക്കാത്തവരും ആയിരുന്നു. പ്രതാപൈശ്വര്യങ്ങളേക്കാൾ അവർ പാരമ്പര്യധർമ്മത്തെ വിലമതിച്ചു. വൈദികജ്ഞാനസമ്പന്നരായ ആ കുടുംബാം

'പുറത്ത് സദാചാരത്തിന്റെ എല്ലാ പ്രകടനമോടി കളും അകത്ത് എല്ലാ ദുർവൃത്തികളുടെയും രഹസ്യാനു ഭോഗവുമുള്ള ആളാകുന്നു ആധുനികമാന്യൻ.' അനുഭ വങ്ങളുടെ വെളിച്ചത്തിൽ ഈ നിർവ്വചനം ചിലരെ സംബന്ധിച്ച് എത്രമാത്രം വാസ്തവികമായിത്തോന്നു കയില്ല!

ഇന്നത്തെ ഭാരതീയതത്വചിന്തകന്മാരിൽ അഗ്രി മനായ ഒരാചാര്യനാണ് ഡാക്ടർ രാധാകൃഷ്ണൻ. ഇ യ്യിടെയായി അദ്ദേഹം രാഷ്ട്രീയജീവിതത്തിൽ പ്രവേ ശിച്ചിട്ടുണ്ടെന്നതു വാസ്തവം തന്നെ. എന്നാൽ ഒരു തത്വചിന്തകനെന്ന നിലയ്ക്ക് അദ്ദേഹം ചെയ്ത സേവ നങ്ങളാണ് നമുക്ക് ആദ്യമായി പരിഗണിക്കേണ്ടതു്. 'ഭാരതരത്നം' എന്ന മഹോന്നതബിരുദം നൽകിക്കൊ ണ്ടു നടത്തിയ ബഹുമാനച്ചടങ്ങിൽ, 'ഡാക്ടർ രാധാകൃ ഷ്ണൻ ചെയ്ത ഏററവും മഹത്തായ സേവനം ഭാരതീയ തത്വചിന്തയെ പാശ്ചാത്യലോകത്തിന്നു വ്യാഖ്യാനി ച്ചുകൊടുത്തതാണെ'ന്നു പ്രസ്താവിക്കപ്പെടുകയുണ്ടായി. അതൊരനിഷേധ്യമായ വാസ്തവമാണ്. തത്വചിന്ത യെപ്പററി അദ്ദേഹം എഴുതിയ പുസ്തകം, ഞാൻ വാ യിച്ച പുസ്തകം മാത്രം മതി, ആ ധിഷണാശാലിക്ക് അനശ്വരകീർത്തി ചാർത്തിക്കൊടുക്കുവാൻ!

മഹാനായ ആ ചിന്തകന്റെ ജീവിതത്തിലേക്ക് നമുക്കൊന്നെത്തിനോക്കുക! ആ ദാർശനികന്റെ ജീ വിതസന്ദേശം മനസ്സിലാക്കാൻ നമുക്കു പരിശ്രമി ക്കുക!

ഒന്നാം അദ്ധ്യായം

ബാല്യവും വിദ്യാഭ്യാസവും

മദിരാശി നഗരത്തിന്നു് വടക്കപടിഞ്ഞാറായി ഏഴ്താണ്ടു് നാല്പതു നാഴിക അകലെ, ആന്ധ്രയിലെ ചിററൂർ ജില്ലയിൽ 'തിരുത്തണി' എന്ന ഒരു സ്ഥലമുണ്ടു്. നഗരത്തിലെ ജനബാഹുല്യമോ ബഹളമോ 'പൊടിപാറുന്ന' ആഡംബരമോ ആർഭാടമോ ഒന്നും അവിടെ കാണുകയില്ല. പക്ഷെ ഹിന്ദുഭക്തന്മാരുടെ മനസ്സിൽ പാവനസ്മരണകൾ ഉദ്ദീപിപ്പിക്കുന്ന ഒരു സ്ഥലമാണതു്—തിരുപ്പതിപോലെ ഭക്തജനങ്ങളെ ആകർഷിച്ചുപോന്ന ഒരു തീർത്ഥയാത്രാസങ്കേതം. ശാന്തമോഹനമായ ആ പ്രദേശത്തിലെ സുബ്രഹ്മണ്യ ദേവാലയം സുപ്രസിദ്ധമാണു്. സർവ്വേപ്പള്ളി രാധാകൃഷ്ണൻ തിരുത്തണിയിൽ 1888 സപ്തമ്പർ 5-ാംനു- ജനിച്ചു.

ഇടത്തരക്കാരായ ഒരു തെലുങ്കു ബ്രാഹ്മണകുടുംബത്തിൽ അദ്ദേഹം പിറന്നു. ആ കുടുംബത്തിന്നു് ധനപ്രശസ്തിയോ പ്രതാപമോ ഉണ്ടായിരുന്നില്ല. പക്ഷേ അതിലെ അംഗങ്ങൾ സാധുശീലന്മാരും പരിപാവനമായിക്കരുതിയ അവരുടെ കുലവൃത്തിയ്ക്കു് കളങ്കം തട്ടിക്കാത്തവരും ആയിരുന്നു. പ്രതാപൈശ്വര്യങ്ങളേക്കാൾ അവർ പാരമ്പര്യധർമ്മത്തെ വിലമതിച്ചു. വൈദികജ്ഞാനസമ്പന്നരായ ആ കുടുംബാം

ഗങ്ങൾ മറയോക്കുള്ള മുറകളെല്ലാം തെററാതെ ആചരി ച്ചുവന്നു. അങ്ങിനെ, ധർമ്മനിഷ്ഠ തികഞ്ഞ ഒരു കുടുംബ ത്തിലാണു് രാധാകൃഷ്ണൻ ജനിച്ചതു്. ബാല്യകാലത്തിൽ തന്നെ പരിചയിച്ചുതെളിഞ്ഞ ആ ധർമ്മബോധം രാധാ കൃഷ്ണൻെറ ഹൃദയത്തിൽ, മായാതെ വിളങ്ങിയതിനെപ്പ ററി അത്ഭുതപ്പെടേണ്ടതില്ല.

രാധാകൃഷ്ണൻെറ പിതാവു് ഒരു സെമിന്താരുടെ കീ ഴിലാണു് ജോലിചെയ്തിരുന്നതു്. വൈദികവൃത്തികളുമാ യി പരിചയം നേടിക്കൊണ്ടു് ആ ബാലൻ വളൎന്നുവന്നു. തിരുത്തണിയിലും തിരുപ്പതിയിലുമായാണു് ആദ്യത്തെ പന്ത്രണ്ടു വൎഷങ്ങൾ കഴിച്ചതു്. രണ്ടും പുകഴ്‌പെററ തീൎത്ഥ യാത്രാസങ്കേതങ്ങൾ! അവിടെ ഈശ്വരനാമങ്ങൾ മുഴ ങ്ങിക്കൊണ്ടിരുന്നു; ഭക്തജനങ്ങൾ ആരാധനക്കായി പ്ര വഹിച്ചുകൊണ്ടിരുന്നു. ചെറുപ്പന്നേ രാധാകൃഷ്ണനിൽ ഈശ്വരഭക്തിയും ഇന്ദ്രിയാഗോചരമായ ഒരദൃശ്യലോകം ബാഹ്യലോകത്തിന്നപ്പുറമുണ്ടെന്ന ദൃഢവിശ്വാസവും വള ൎത്തുവാൻ ഈ പുണ്യസ്ഥലങ്ങളിലെ വാസവും ഭക്തജന ങ്ങളോടുള്ള സമ്പൎക്കവും സഹായകമായി. അദ്ദേഹത്തി ൻെറ ഉൾപ്പൂവിനെ ഹൈന്ദവതത്വചിന്തയ്ക്കഭിമുഖമായി വികസിപ്പിച്ചതും ഈ സാഹചര്യങ്ങളായിരുന്നു.

ഏകാന്തതയിൽ, ചിന്തയിൽ മുഴുകിയിരിക്കു ന്നതു്, രാധാകൃഷ്ണന്നു് ബാല്യത്തിൽതന്നെ ഇഷ്ടമായി രുന്നു. പുസ്തകങ്ങൾ വായിക്കാനുള്ള അഭിരുചിയാക ട്ടെ വളൎന്നുംവന്നു. പുസ്തകങ്ങൾ മറനീക്കിക്കാണിക്കു

ന്ന ലോകത്തിലും അവ ഉണൎത്തുന്ന സ്വപ്നങ്ങളിലും ലയിച്ചാൽ രാധാകൃഷ്ണൻ മറെറല്ലാം മറന്നുപോകും. അങ്ങിനെ ആ ബാലഹൃദയത്തിനു് വികാസം സിദ്ധിച്ചുതുടങ്ങി. ഈ വികാസത്തിൻെറ അനുക്രമമായ പരിണാമമാണു് രാധാകൃഷ്ണനു് ഒരു വിശ്വചിന്തകനെന്ന വിഖ്യാതി നേടിക്കൊടുത്തതു്.

പുസ്തകങ്ങൾ വായിച്ചു തള്ളുക മാത്രമല്ല, വായിച്ച കാൎയ്യങ്ങളെപ്പററി നല്ലപോലെ മനസ്സിലാക്കുകയും ഉള്ളിൽ ചർച്ചനടത്തി അവ സാത്മ്യപ്പെടുത്തുകയും ചെയ്യുവാൻ രാധാകൃഷ്ണൻ പ്രത്യേകം ശ്രദ്ധിച്ചു. ഒററയ്ക്കിരുന്നുള്ള പുസ്തകവായനയിൽനിന്നും ആലോചനയിൽ നിന്നുമാവാം ഏകാന്തതയ്ക്കുള്ള ഇഷ്ടം അദ്ദേഹത്തിൻെറ സ്വഭാവത്തിൽ വേരൂന്നാൻ ഇടയായതു്. ആ കുട്ടി ലജ്ജാശീലനായിരുന്നു. സംഘങ്ങളിൽചേൎന്നു കളിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ സംഘങ്ങളിൽ പെടേണ്ടിവന്നാൽ മധുരമായിപ്പെരുമാറുന്നതിലും മററുള്ളവരുടെ പ്രീതിയാൎജ്ജിക്കുന്നതിലും രാധാകൃഷ്ണൻ മിടുക്കു കാണിച്ചു. പരിചയമുള്ളവരോടു് ആ കുട്ടി അടുത്തു പെരുമാറുകയും ചെയ്യും. എന്നാൽക്കൂടി കളിത്തോഴരേക്കാൾ പുസ്തകങ്ങളെ ചങ്ങാതികളാക്കാനായിരുന്നു രാധാകൃഷ്ണനു് കൂടുതൽ ആഗ്രഹം.

ആ കുട്ടിയ്ക്കു് സ്വഭാവത്തിൽ മററു ചില പ്രത്യേകതകളും ഉണ്ടായിരുന്നു. പുസ്തകപ്രേമം, ഏകാന്തചിന്ത, ലജ്ജാശീലം എന്നിവയെപ്പററി പ്രസ്താവിച്ച

വല്ലോ. പരുഷവാക്കുകഠം കേഠംക്കുന്നതു് രാധാകൃഷ്ണന്നു് അസഹ്യമായിരുന്നു. കണക്കിലേറെ പരിഭ്രമമുണ്ടായിരുന്നതിനാൽ പരുഷമായ ഒരു പെരുമാററം, വാക്കിലോ നോട്ടത്തിലോ ഭാവത്തിലോ ആയാൽക്കൂടി, താങ്ങുവാൻ കരുത്തുണ്ടായിരുന്നില്ല. പക്ഷെ, ഉള്ളിൽ സത്യവും ന്യായ്യവുമാണെന്നുതോന്നിയ ഏതു കാര്യത്തെപ്പററിയും ധൈയ്യപൂവ്വം ഉറപ്പിച്ചു പറയുവാനും വാദിക്കുവാനുമുള്ള കഴിവു് ആ കുട്ടിക്കുണ്ടായിരുന്നു.

അന്നു്, ഇന്ത്യയിൽ ആംഗ്ലേയസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം പ്രചരിച്ചുവന്നു. ക്രിസ്തീയ മിഷ്യൻ സംഘങ്ങഠം പല വിദ്യാലയങ്ങളും സ്ഥാപിച്ചിരുന്നു. രാധാകൃഷ്ണൻെറ സ്കൂഠം വിദ്യാഭ്യാസവും, കോളേജു വിദ്യാഭ്യാസവും ക്രിസ്തീയ വിദ്യാലയങ്ങളിൽവെച്ചാണു് നടന്നതു്. ആദ്യത്തെ എട്ടു കൊല്ലങ്ങളോളം അദ്ദേഹം ക്രിസ്ത്യൻ മിഷ്യൻസ്കൂളുകളിൽ പഠിച്ചു. വെല്ലൂരിലെ 'വൂർഹീസ്' കോളേജിലും മദിരാശി ക്രിസ്ത്യൻ കോളേജിലും നിന്നു് അദ്ദേഹം കലാശാലാപഠനം പൂത്തിയാക്കി. രാധാകൃഷ്ണൻെറ കലാശാലാജീവിതം ശോഭനമായിരുന്നു. ധിഷണാശാലിയായ ഒരു വിദ്യാത്ഥിയെന്ന പ്രശസ്തി അദ്ദേഹം എളുപ്പത്തിൽ സമ്പാദിച്ചു. അദ്ധ്യാപകന്മാക്കാകട്ടെ ആ വിദ്യാത്ഥിയുടെ കഴിവുകളിൽ അഭിമാനവും ആദരവും ഉണ്ടായിരുന്നു. നാലുകൊല്ലക്കാലത്തെ കലാലയജീവിതം രാധാകൃഷ്ണന്നു് ബുദ്ധിവികാസത്തിനുള്ള നൂത

നാവസരങ്ങൾ നല്കി. പ്രതീക്ഷിച്ചപോലെ, പരീക്ഷകളിൽ രാധാകൃഷ്ണൻ സമ്മാന്യമായ വിജയം നേടുകയും ചെയ്തു. 1903_ൽ മദിരാശി സർവ്വകലാശാലയിലെ പ്രവേശനപരീക്ഷ മുതൽ എഫ്. എ., ബി. എ. എന്നീ പരീക്ഷകളിലെല്ലാംതന്നെ ഒന്നാംക്ലാസ്സ് നേടിക്കൊണ്ടാണ് അദ്ദേഹം വിജയിച്ചതു്.

തത്വചിന്തയുടെ പഠനമായിരുന്നു കലാലയത്തിലെ പാഠ്യവിഷയങ്ങളിൽ മറ്റേതിനെക്കാളും രാധാകൃഷ്ണനെ ആകർഷിച്ചതു്. എം. എ. ബിരുദത്തിനു് അദ്ദേഹം തിരഞ്ഞെടുത്ത വിഷയവും അതായിരുന്നു. മതപരമായ താല്പര്യങ്ങൾ കുട്ടിക്കാലത്തുതന്നെ, പരിതഃസ്ഥിതികളുടെ ആനുകൂല്യം നിമിത്തം, രാധാകൃഷ്ണന്റെ ഹൃദയത്തിൽ വേരൂന്നിയിരുന്നുവെന്നു മുമ്പു പറഞ്ഞുവല്ലോ. ആ മതവിശ്വാസങ്ങളെ തനിക്കു പരിചയപ്പെട്ട തത്വചിന്താനിയമങ്ങൾ മുൻനിത്തി വിശകലനംചെയ്യുവാൻ അദ്ദേഹം ഒരുമ്പെട്ടു. ഹിന്ദുമതവിശ്വാസങ്ങളെ അവഹേളിച്ചുകൊണ്ടു് പാതിരിമാർ നടത്തിയ ചില പ്രസംഗങ്ങൾ രാധാകൃഷ്ണൻ കേട്ടിരുന്നു. എന്നാൽ അതേ അവസരത്തിൽതന്നെ ഹിന്ദുമതത്തിന്റെ മഹത്വം വിവരിച്ചുകൊണ്ടു് വിവേകാനന്ദസ്വാമികൾ നടത്തിയ ഉജ്ജ്വലപ്രസംഗങ്ങളും അദ്ദേഹം വായിച്ചു. ഇതിൽ ഏതഭിപ്രായമാണ് ശരിയായതെന്നു് രാധാകൃഷ്ണന്റെ ഹൃദയത്തിൽ സംശയമുളവായി. പാതിരിമാരുടെ പ്രസംഗങ്ങൾ വിശ്വസിച്ച് ഹിന്ദുമതത്തെ കൊള്ളരുതാത്തതായി തരംതാ

ഴ്ത്തണമോ, അതല്ല, വിവേകാനന്ദസ്വാമികളുടെയും മററും പ്രഭാഷണങ്ങൾ വിശ്വസിച്ചു മഹത്തായ ഒരു മതമായിക്കരുതണമോ?—ഇതായിരുന്നു പ്രശ്നം. ഈ പ്രശ്നത്തിൽ ഒരു തീരുമാനമുണ്ടാകുന്നതിന്നുമുമ്പു് ഹിന്ദുമതത്തെപ്പററി അവധാനപൂർവ്വം ഒരു പഠനം നടത്തണമെന്നു രാധാകൃഷ്ണൻ തീരുമാനിച്ചു. ആ പഠനത്തിൻെറ ഫലമായി ഹിന്ദുമതത്തിലെ ധർമ്മതത്വങ്ങൾക്കു് ജനഹൃദയങ്ങളിൽ ആഴത്തിൽ വേരൂന്നി നില്ക്കുവാനുള്ള കഴിവും പരമ്പരകളായി ഹൈന്ദവകുടുംബങ്ങളിൽ അവയ്ക്കുള്ള വമ്പിച്ച സ്വാധീനശക്തിയും അദ്ദേഹം മനസ്സിലാക്കി. മഹത്വമേറിയ മററെല്ലാ മതങ്ങളും ഊന്നിപ്പറഞ്ഞ ധർമ്മതത്വങ്ങൾതന്നെയാണു് ഹിന്ദുമതം സരളരീതിയിൽ പഠിപ്പിക്കുന്നതെന്നും രാധാകൃഷ്ണൻ കണ്ടറിഞ്ഞു. ജീവിതത്തിൻെറ നശ്വരത; മരണത്തിൻെറ അനിവാര്യത; ജ്ഞാനത്തിൻെറ മഹത്വം; മനസ്സിൽ ശാന്തിയും സംതൃപ്തിയും ലഭിയ്ക്കുന്നതുകൊണ്ടുള്ള സമാശ്വാസം; ഈശ്വരപ്രേമം; പാപവർജ്ജനം; കരുണ മുതലായ ഹൃദയഗുണങ്ങൾ വളർത്തേണ്ട ആവശ്യം—ഇപ്രകാരമുള്ള അനേകം ഉത്തമതത്വങ്ങളെയാണു് ഹിന്ദുമതം അവലംബിച്ചുനിന്നതു്. അന്ധവിശ്വാസങ്ങൾ നിഷേധിയ്ക്കുവയ്യാത്തവിധം ഉണ്ടായിരിയ്ക്കാം. പക്ഷെ ആയിരമായിരം കൊല്ലങ്ങളിൽ തുടർച്ചയായി പരിചയിച്ചുപോന്ന ഈ തത്വങ്ങളും വിശ്വാസങ്ങളും ഹൈന്ദവകുടുംബങ്ങൾ വിസ്മരിച്ചിട്ടില്ലെന്നും ഈശ്വരബോധവും മതബോധവും ഈ

തത്വങ്ങളെ ആശ്രയിച്ചുതന്നെയാണ് നിലകൊള്ളുന്ന തെന്നും രാധാകൃഷ്ണൻ മനസ്സിലാക്കി. ഹിന്ദുജനതയുടെ മതബോധത്തെപ്പററി രാധാകൃഷ്ണൻ താനെഴുതിയ ആത്മ കഥ (My search for truth) യിൽ ഇപ്രകാരം പ്രസ്താവി ച്ചിട്ടുണ്ട്:—"ഇന്ത്യയിലെ ജനങ്ങൾ അമ്പരപ്പിക്കുന്ന അന്ധവിശ്വാസങ്ങൾക്ക് അടിമകളാണെന്ന് എനിക്കറിയാം. പക്ഷെ അവക്കു മതബോധമില്ലെന്നു വിശ്വ സിക്കാൻ എനിക്കു സാദ്ധ്യമല്ല. മതാനുസാരേണ വള രണമെങ്കിൽ ദൈവത്തെ സ്നേഹിക്കണമെന്നും പാപ ങ്ങൾ വജ്ജിക്കണമെന്നും വിഷമതകളിൽ അകപ്പെട്ടവ ക്ക് ദയയും സഹായവും നല്കണമെന്നും ഓരോ അമ്മയും കുട്ടികളെ പഠിപ്പിക്കുന്നു. നമ്മുടെ ആയുഷ്ക്കാലം കഴിക്കു വാൻ നാം പല മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. അപ രിഷ്കൃതരായ ഹിന്ദുക്കളുടെ മാർഗ്ഗം ഇതിലെല്ലാം വിവേകശൂ ന്യമാണെന്നു വരുമോ? ശാശ്വതതത്വങ്ങളെക്കുറിച്ചുള്ള മനനവും, മനക്കണ്ണുകൊണ്ട് ദൈവികതത്വം കാണ്മാനുള്ള പരിശ്രമവും, പരിപൂർണ്ണതയുടെ ഛായകളെക്കുറിച്ചുള്ള നിരന്തരഭാവനയുമെല്ലാം നിത്യജീവിതത്തിൽപ്പെട്ടതാ ണോ?"—അല്ലെന്ന് അദ്ദേഹം നിസ്സംശയം തീരുമാ നിച്ചു.

ചിരകാലപരിചയംകൊണ്ട് ഹിന്ദുജനതയ്ക്ക് മത തത്വങ്ങളെ സരളരൂപത്തിൽ ജീവിതത്തിൽ അനുഭവ പ്പെടുത്തുവാനും അന്യമതങ്ങളോട് സഹിഷ്ണുത പാലി ക്കുവാനും സാധിച്ചിട്ടുണ്ടെന്ന് രാധാകൃഷ്ണൻ മനസ്സി ലാക്കി. ഹിന്ദുമതത്തെക്കുറിച്ചുള്ള ഈ പഠനത്തെ

ആശ്രയിച്ചാണ് അദ്ദേഹം എം. എ. യ്ക്കുള്ള ബിരുദോപന്യാസം സമപ്പിച്ചതു്. 'വേദാന്തത്തിലെ ധമ്മതത്വങ്ങൾ' എന്നായിരുന്നു ഉപന്യാസത്തിന്റെ പേർ. വേദാന്തത്തിൽ ധമ്മതത്വങ്ങൾക്കു് സ്ഥാനമില്ലെന്ന അപവാദം നിരാകരിക്കുവാനാണ് രാധാകൃഷ്ണൻ ഈ ഉപന്യാസം മുഖേന ഉദ്യമിച്ചതു്. ആ ഉദ്യമം സഫലമായി. ഹിന്ദുവേദാന്തം ആദ്യന്തം യുക്തിസഹമായ ജീവിതത്തെ അനുകൂലിക്കുന്നുവെന്നും യുക്തിചിന്തയിലും സഫലകമ്മങ്ങളിലും ശരിക്കു പ്രവത്തിക്കുന്ന സാമൂഹ്യസ്ഥാപനങ്ങളിലുംകൂടി ഹിന്ദുമതം സ്വയം പ്രകാശിതമാകുന്നുവെന്നും ഈ ഉപന്യാസം മുഖേന രാധാകൃഷ്ണൻ വ്യക്തമാക്കി.

അന്നു് രാധാകൃഷ്ണനു് ഇരുപതു വയസ്സായിരുന്നതേയുള്ളു. ഈ ലഘൂപന്യാസത്തിൽ ആ യുവാവു് കാണിച്ച ചിന്താനൈപുണ്യവും വിചാരസ്പഷ്ടതയും യുക്തിബലവും പ്രൊഫസർ എ. ജി. ഹോഗ്ഗ് മുതലായ തത്വചിന്തകന്മാരുടെ പ്രശംസയ്ക്കുകൂടി പാത്രമായി. മഹാനായ ഒരു ദാശനികൻ വളന്നുവരുന്നുവെന്നു് ആ ഉപന്യാസം ചിന്തകലോകത്തെ അറിയിച്ചു.

പൌരാണികാചാരങ്ങൾ അനുഷ്ഠിച്ചുപോരുന്ന ബ്രാഹ്മണകുടുംബങ്ങളിൽ ശൈശവവിവാഹം സാധാരണമായിരുന്നു. രാധാകൃഷ്ണനും വിവാഹം കഴിച്ചതു് അന്നത്തെ പതിവനുസരിച്ചാണ്. ഹൈന്ദവാദശ പ്രകാരം ജീവിതം നയിച്ച ഒരു ശീലവതിയായിരുന്നു

അദ്ദേഹത്തിൻെറ പത്നി. ഭർത്താവുതന്നെ ധർമ്മദൈവമെന്നു കരുതി അദ്ദേഹത്തെ സർവ്വാത്മനാ സ്നേഹിക്കുകയും, വിശ്വസിക്കുകയും, പരിചരിക്കുകയും അദ്ദേഹത്തിൻെറ ക്ഷേമാഭ്യുദയങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തുവന്ന ഹിന്ദുപത്നിമാരുടെ പാതയെത്തന്നെ ആ സാദ്ധ്വിയും അവലംബിച്ചു. ഭർത്താവിൻെറ ജീവിതം തൃപ്തിഭാസുരമാകാൻ അതിലേറെ എന്തുവേണം? ഉത്തമസ്ത്രീകളെ സഹധർമ്മിണിമാരായി ലഭിക്കുന്നതുതന്നെ ഒരു ഭാഗ്യമായി കരുതപ്പെടുന്നു. ആ ധാരണ ശരിയാണെങ്കിൽ ദാമ്പത്യജീവിതത്തിൽ രാധാകൃഷ്ണൻ പൂർണ്ണഭാഗ്യവാനാണെന്നു പറയാം. ഭർത്തൃസ്നേഹവും വിവേകവും സുശീലവും അനുഗ്രഹിച്ച ഭാഗ്യവതിയാണു് അദ്ദേഹത്തിൻെറ ഭാര്യ.

ഒരു പ്രശസ്തചിന്തകൻെറ ജീവിതം അങ്ങിനെ ഭാസുരതയിൽ വികസിച്ചുവന്നു!

രണ്ടാം അദ്ധ്യായം

ഉദ്യോഗവും ഗ്രന്ഥനിൎമ്മാണവും

കലാശാലയിലെ പരിശീലനം കഴിഞ്ഞു; ഉന്നത ബിരുദംനേടി; ജീവികാസമ്പാദനത്തിനുവേണ്ടി രാധാകൃഷ്ണൻ ഉദ്യോഗത്തിൽ പ്രവേശിച്ചു.

അദ്ദേഹത്തിന്നു് ഉദ്യോഗമന്വേഷിച്ചു് അലയേണ്ടി വന്നില്ല. വിദ്യാൎത്ഥിയായിരിക്കുമ്പോൾ നേടിയ വിജയപ്രശസ്തിയിൽ, കലാശാലയിൽനിന്നു പുറത്തുകടക്കുമ്പോൾ തന്നെ, ഉദ്യോഗജീവിതം അലങ്കാരമാല്യവുമായി അദ്ദേഹത്തെ മാനിക്കാൻ കാത്തുനില്ക്കുന്നുണ്ടായിരുന്നു!

1909-ലാണു് രാധാകൃഷ്ണൻ എം. എ. ബിരുദം നേടിയതു്. ആ കൊല്ലംമുതൽ 1917-വരെ അദ്ദേഹം മദിരാശി പ്രസിഡൻസി കോളേജിൽ തത്വശാസ്ത്രം പഠിപ്പിക്കുന്ന ജോലി തൃപ്തികരമായി നിൎവ്വഹിച്ചു.

തത്വചിന്ത!—അതൊരു വിരസവിഷയമായാണു് പലരും കരുതിവരുന്നതു്! എന്നാൽ രാധാകൃഷ്ണന്റെ അദ്ധ്യാപനത്തിൽ ആ വിഷയം സരസമോഹനമായി വിളങ്ങി. അനൎഗ്ഗളമായ വാഗ്വിലാസവും വൈശദ്യമുള്ള വിവരണങ്ങളും ഉൾക്കൊണ്ട അദ്ദേഹത്തിന്റെ അദ്ധ്യാപനപ്രസംഗങ്ങൾ കേൾക്കുന്നതു തന്നെ മനസ്സിന്നും ബുദ്ധിക്കും ഉല്ലാസപ്രദമായിരുന്നു. പഠിപ്പിക്കുന്ന വിഷയത്തിന്റെ നാനാവശങ്ങളും

സമഗ്രമായി ചർച്ചചെയ്യാനുള്ള അദ്ദേഹത്തിൻെറ പാടവം അദ്വിതീയമായിരുന്നു. വിഷയത്തെക്കുറിച്ചു് അത്രയ്ക്കും അവഗാഢമായ പരിജ്ഞാനമുണ്ടായിരുന്നതുകൊണ്ടു് അതിനെ അത്യന്തം ലളിതമായി പ്രതിപാദിക്കാനും വിദ്യാർത്ഥികളുടെ മനസ്സിൽ ഉളവാകുന്ന എല്ലാ സംശയങ്ങൾക്കും നിവൃത്തി വരുത്തുവാനും രാധാകൃഷ്ണനു് സാദ്ധ്യമായി. അതിനാൽ വിഷയസ്വരൂപം വ്യക്തമായി ഗ്രഹിക്കാൻ വിദ്യാർത്ഥികൾക്കു് സൌകര്യം ലഭിച്ചു. രാധാകൃഷ്ണൻെറ പ്രസംഗങ്ങൾക്കു് മറെറാരു പ്രത്യേകതയും ഉണ്ടായിരുന്നു. ആംഗ്ലേയഭാഷയിലുള്ള അസാധാരണമായ പാണ്ഡിത്യവും അനുഗൃഹീതമായ വാഗ്മിത്വവും ഉചിതപദങ്ങൾ അതാതവസരങ്ങളിൽ ഉപയോഗിക്കുന്ന ചാതുര്യവുംകൊണ്ടു് പ്രസംഗങ്ങൾ പ്രത്യേകം ആകർഷകങ്ങളായി.

വിദ്യാർത്ഥികളുടെ ബഹുമാനമർഹിയ്ക്കാൻ ഒരദ്ധ്യാപകനു് ഇത്രയും ഗുണങ്ങൾ ധാരാളമായിരുന്നു. എന്നാൽ രാധാകൃഷ്ണനെ വിദ്യാർത്ഥികൾ ബഹുമാനിക്കുക മാത്രമല്ല സ്നേഹിക്കുകകൂടിച്ചെയ്തു. എത്രയും സ്നേഹപൂർവ്വമായാണു് അദ്ദേഹം വിദ്യാർത്ഥികളോടു് പെരുമാറിയതു്. ഒരു ചങ്ങാതിയെന്നപോലെ അവരുമായി ഇടപെടുകയും അവരുടെ വൈഷമ്യങ്ങൾ പരിഹരിക്കുവാനും പ്രതീക്ഷകൾ നിറവേററുവാനും പരിശ്രമിക്കുകയും ചെയ്യുന്നതു് അദ്ദേഹത്തിൻെറ പതിവായിരുന്നു. അതിനാൽ വിദ്യാർത്ഥികളും അദ്ദേഹത്തെ സ്നേ

ഹിച്ചു. സ്നേഹം സ്നേഹത്തെ വളർത്തുമല്ലോ. അധ്യേതാക്കളുടെ സ്നേഹബഹുമാനങ്ങൾ അനായാസേന ആർജ്ജിച്ചുകൊണ്ടു് രാധാകൃഷ്ണൻ അദ്ധ്യാപനത്തിൽ വിജയം നേടി.

തത്വചിന്ത പഠിപ്പിച്ചുകൊണ്ടിരിക്കെത്തന്നെ കൂടുതൽ കൂടുതൽ ഉയൎന്ന ചിന്താമണ്ഡലങ്ങളിലേയ്ക്കു് ബുദ്ധി വ്യാപരിപ്പിക്കുവാനും രാധാകൃഷ്ണൻ പരിശ്രമിച്ചു. ഇന്ത്യയിലെ മതതത്വങ്ങളെപ്പററി കൂടുതലായി അന്വേഷിക്കുവാനും പഠിക്കുവാനും അദ്ദേഹം കലാലയത്തിലുള്ള അവസരം വിനിയോഗിക്കുകയും ചെയ്തു. ആത്മകഥയിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു:—'1909 ഏപ്രിൽ മാസത്തിൽ മദിരാശി പ്രസിഡൻസികോളേജിലെ തത്വചിന്താവകുപ്പിൽ എന്നെ നിയമിച്ചതു മുതല്ക്കു് ഞാൻ തത്വചിന്ത പഠിപ്പിക്കുകയും അതോടൊപ്പംതന്നെ ഇന്ത്യയിലെ തത്വചിന്തയുടെയും മതത്തിന്റെയും ഗുരുതരമായ പഠനത്തിൽ ഏൎപ്പെടുകയും ചെയ്തു. സ്വയം നിൎണ്ണയിക്കപ്പെട്ട രൂപത്തിലുള്ള ഒരനുഭവമാണു് മതമെന്നു് എനിക്കു് എളുപ്പത്തിൽ ബോദ്ധ്യമായി. മറെറാന്നോടും സദാചാരതത്വങ്ങളോടോ ധൎമ്മതത്വങ്ങളോടോ കൂടിച്ചേൎപ്പോലും, മതത്തെ കൂട്ടിക്കുഴയ്ക്കാൻ കഴിയുകയില്ല. ഉയൎന്ന ധൎമ്മതത്വങ്ങളിൽക്കൂടി മാത്രമല്ലാതെ മതത്തെ പ്രകാശിപ്പിക്കാൻ സാദ്ധ്യമല്ലായിരിക്കാം. എന്നാൽ ഈ ധൎമ്മതത്വങ്ങളാണു് മതമെന്നു പറയുന്നതു് ശരിയല്ല. മതം പ്രധാനമായും ആന്തരജീവിതത്തെ സംബന്ധി

ക്കുന്നതാണു്. അത്ഥശൂന്യമായി ജീവിക്കുന്നതിൽനി ന്നോ മ്ലാനതയിൽ വിഷാദിക്കുന്നതിൽ നിന്നോ വ്യതി രിക്തമായി ജീവിതത്തെ ഉയത്തുന്ന ആത്മീയ സുനി ശ്ചിതത്വം അനുഭവപ്പെടുത്തുകയാണു് മതത്തിൻെറ ല ക്ഷ്യം. മൂല്യങ്ങളെ സുരക്ഷിതമാക്കുകയോ ജീവിതത്തെ അത്ഥവത്താക്കുകയോ സാഹസികതയ്ക്കു് ആത്മവിശ്വാ സം നല്കുകയോ എന്തുതന്നെ ചെയ്താലും ശരി, മതത്തെ അതിൻെറ സ്വന്തം തോതുകൊണ്ടു മാത്രമേ അളന്നു കൂടു. വികാരത്തേക്കാളും ഇച്ഛാശക്തിയേക്കാളും, ബുദ്ധി യേക്കാളും ആഴത്തിൽ മതത്തിൻെറ വേരുകൾ മനുഷ്യാ ത്മാവിൽ ആഴ്ന്നു നില്ക്കുന്നു.'

ഇത്തരത്തിൽ തുടന്നു ചിന്തിച്ചതിൻെറ ഫലമാ യി ഇന്ത്യയിൽ മതം, ഈശ്വരബോധം, ധമ്മസം ഹിത, സാമൂഹ്യസേവനം എന്നിവ തമ്മിലുള്ള ബ ന്ധങ്ങൾ വ്യക്തമായി മനസ്സിലാക്കുവാൻ രാധാകൃഷ്ണ നു സാധിച്ചു. ഇന്ത്യയിലെ തത്വചിന്ത മനുഷ്യജീ വിതത്തിൽനിന്നു വേർതിരിഞ്ഞു് വികാസം പ്രാപി ച്ചതല്ലെന്നും, നേരെമറിച്ചു്, മനുഷ്യജീവിതവുമായി ഏ റവും ഇണങ്ങിച്ചേന്നതാണെന്നും അദ്ദേഹം മനസ്സി ലാക്കി. ലോകത്തെ പരിത്യജിച്ചു് കാഷായവസ്ത്രവും ചുററി കാടുകളിൽ അലഞ്ഞുനടക്കുകയാണു് ഭാരത ത്തിലെ തത്വചിന്തയെന്നുപോലും ധരിച്ച പാശ്ചാത്യ രുണ്ടായിരുന്നു. ഈ ധാരണ തെററാണെന്നു തെളി യിക്കാൻ പരിശ്രമിക്കേണ്ടതു് തൻെറ ചുമതലയായി

രാധാകൃഷ്ണൻ കരുതി. ഇന്ത്യയിലെ പരിഷ്കാരം സാമൂഹ്യജീവിതത്തിൽ തത്വചിന്തയെ അടക്കം ചെയ്യാനുള്ള ഒരുദ്യമമാണെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. അതു് സയുക്തികം തെളിയിക്കാനുതകുന്ന അനേകം ലേഖനങ്ങൾ രാധാകൃഷ്ണൻ എഴുതി. തത്വചിന്തയെക്കുറിച്ചു പ്രതിപാദിക്കുന്ന പ്രശസ്ത പാശ്ചാത്യ മാസികകൾ (International Journal of Ethics, Monist Quest മുതലായവ) ഈ ലേഖനങ്ങൾ കൌതുകപൂർവ്വം പ്രസിദ്ധീകരിച്ചു. ഭാരതീയതത്വചിന്തയെപ്പററിയുള്ള പല അബദ്ധവിശ്വാസങ്ങളെയും ഈ ലേഖനങ്ങൾ നിരാകരിച്ചു. തത്വചിന്തയും മനുഷ്യജീവിതവും തമ്മിൽ എത്രമാത്രം അടുത്ത, അഭേദ്യമായ, ബന്ധമാണു് ഭാരതീയാചാര്യന്മാരുടെ ഭാവനയിൽ തെളിഞ്ഞിരുന്നതെന്നും ഈ ലേഖനങ്ങൾ വിശദമാക്കി. ഇന്ത്യയിലെ തത്വചിന്ത സമർത്ഥമായി വ്യാഖ്യാനിക്കാൻ സാധിക്കുന്ന ഒരു ചിന്താപടുവെയും പ്രതിഭാശാലിയെയും ഈ ലേഖനങ്ങളിൽകൂടി പാശ്ചാത്യരാജ്യങ്ങളിലെ തത്വചിന്തകന്മാർ കണ്ടു.

1909 മുതൽ 1917 വരെ രാധാകൃഷ്ണൻ പ്രസിഡൻസി കോളേജിൽതന്നെ അദ്ധ്യാപനവൃത്തി തുടൎന്നുപോയി. 1917-ൽ അദ്ദേഹം രാജമഹേന്ദ്രി കലാശാലയിലേയ്ക്കു് മാററപ്പെട്ടു. ഒരു കൊല്ലം മാത്രമേ അവിടെ ജോലിചെയ്തുള്ളു. അക്കാലത്തു് മൈസൂരിൽ ഒരു പുതിയ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിരുന്നു. ഈ സർവ്വകലാശാലയിൽ തത്വശാസ്ത്രവകുപ്പിലെ പ്രൊഫ

സരുദ്യോഗം സ്വീകരിക്കാൻ മദിരാശി കലാശാലയു ടെ അനുമതിയോടുകൂടി അധികൃതന്മാർ രാധാകൃഷ്ണ നെ ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചു് 1918-ൽ രാധാ കൃഷ്ണൻ മൈസൂരിലേയ്ക്കുപോയി. 1921 വരെ മൈസൂ രിൽ തന്നെ ഉദ്യോഗം തുടൎന്നുപോകയും ചെയ്തു. മൈ സൂരിലെ അദ്ധ്യാപനകാലത്താണു് അദ്ദേഹം രണ്ടു പ്ര ശസ്ത ഗ്രന്ഥങ്ങൾ രചിച്ചതു്.

'ഈശ്വരതത്വം മാത്രമേ സത്യമായുള്ളു; ഈ ലോകം മുഴുവൻ മായയാണു്; മിഥ്യയാണു്; ഇല്ലാത്ത താണു്'—ഭാരതീയ തത്വചിന്ത ഇപ്രകാരം അനുശാ സിക്കുന്നുവെന്ന ഒരു ധാരണ പ്രചരിച്ചിരുന്നു. എ ന്നാൽ ഈ ധാരണ തെററാണെന്നും മായാവാദം അവതരിപ്പിച്ച ശ്രീ ശങ്കരൻപോലും ജഗത്തിൻെറ സദ്ഭാവത്തെ പൂൎണ്ണമായി നിഷേധിച്ചിട്ടില്ലെന്നും രാധാകൃഷ്ണൻ മനസ്സിലാക്കി. മഹാകവി രവീന്ദ്രനാ ഥടാഗോറും അദ്ദേഹത്തിൻെറ കൃതികളിൽ ഇതേ നിഗമനം രേഖപ്പെടുത്തിയിരുന്നു. മഹാകവിയുടെ ചിന്താഗതി തൻെറ ചിന്താഗതിയുമായി അത്രയ്ക്കും സാത്മ്യം പ്രാപിച്ചതോൎത്തു രാധാകൃഷ്ണൻ അത്ഭുതപ്പെട്ടു. ടാഗോറിൻെറ തത്വചിന്ത സംഗ്രഹിച്ചു് ലോകത്തെ ധരിപ്പിക്കുന്നതു് ഉപകാരമായിരിക്കുമെന്നും അദ്ദേഹം കരുതി. അങ്ങിനെ 1918-ൽ 'രവീന്ദ്രനാഥടാഗോറി ൻെറ തത്വചിന്ത' (Philosophy of Rabindranath Tagore) എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു. ലണ്ടു നിലെ മാക്മില്ലൻ കമ്പനിക്കാരാണു് പ്രസിദ്ധീകര ണകൃത്യം ഏറെറടുത്തതു്. ഈ പുസ്തകം ചിന്തകു

ലോകത്തിൻെറ പ്രശംസയ്ക്കു് പാത്രമായി. രവീന്ദ്രനാഥ ടാഗോർ തന്നെ പുസ്തകം വായിച്ചു് ഇപ്രകാരം അഭിപ്രായമെഴുതി: "എന്നെ സംബന്ധിച്ച ഒരു പുസ്തകത്തെപ്പററി ഞാൻതന്നെ കുറിക്കുന്ന ഒരഭിപ്രായം അത്ര കാര്യമായി കരുതപ്പെട്ടില്ലായിരിക്കാം. എങ്കിലും ഈ പുസ്തകം എൻെറ പ്രതീക്ഷകളിലും കവിഞ്ഞുവെന്നു് എനിക്കു പറവാൻ കഴിയും. നിങ്ങളുടെ ഉദ്യമത്തിലുള്ള കാര്യപ്രസക്തിയും സൂക്ഷ്മനിരീക്ഷണശക്തിയും എന്നെ അത്ഭുതപ്പെടുത്തി. മാത്രമല്ല, സാങ്കേതികമായ ശബ്ദാടോപങ്ങളിൽ നിന്നും പാണ്ഡിത്യപ്രകടനങ്ങളിൽ നിന്നും സ്വതന്ത്രമായി ഏററവും സുന്ദരമായ ഒരു ഭാഷാശൈലിയിൽ രചിക്കപ്പെട്ട ഈ പുസ്തകത്തിൻെറ സാഹിത്യഭംഗിക്കു് ഞാൻ താങ്കളോടു് നന്ദിപറയുകയും ചെയ്യുന്നു." മഹാകവിയുടെ ഈ അഭിപ്രായം ഗ്രന്ഥകർത്താവിന്നു് എത്രമാത്രം ചാരിതാർത്ഥ്യം ഉളവാക്കിയെന്നു പറയേണ്ടതില്ലല്ലോ. ഒരുയർന്ന ചിന്തകനും ഗ്രന്ഥകർത്താവുമെന്ന സുസമ്മതി രാധാകൃഷ്ണനു് ആദ്യമായി നേടിക്കൊടുത്തതു് ഈ പുസ്തകമായിരുന്നു. അദ്ദേഹത്തിൻെറ ഖ്യാതി ഇന്ത്യയിലെങ്ങും പരക്കുവാനും ഈ പ്രസിദ്ധീകരണം ഉപകരിച്ചു.

തത്വശാസ്ത്രത്തെക്കുറിച്ചുള്ള പ്രൊഫസർ രാധാകൃഷ്ണൻെറ പഠനങ്ങൾ തുടർന്നുപോയി. പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാരുടെ വിവിധചിന്താരീതികൾ അദ്ദേഹം താരതമ്യപ്പെടുത്തി പരിശോധിച്ചു. ചിന്ത

യിൽ സ്വന്തം വ്യക്തിത്വം പുലർത്തിക്കൊണ്ടു് ആ ചി ന്താഗതികഠം വ്യാഖ്യാനിക്കുവാനും രാധാകൃഷ്ണൻ മുതിൎന്നു. ലീബ്നിസ്സ്, ജേയംസ് വാർഡ്, വില്യം ജെയിംസ്, ഹേസ്റ്റിങ്ങ്സ് റേഷ്ഡൽ, ബെർട്രാൻറ് റസ്സൽ മുതലാ യ പ്രസിദ്ധതത്വചിന്തകന്മാരുടെ നിഗമനങ്ങഠം ഇപ്ര കാരം താരതമ്യപ്പെടുത്തി വിധേയമാക്കി അദ്ദേഹം ഒരു പുസ്തകം രചിച്ചു. 'സമകാലികതത്വചിന്തയിൽ മതത്തി ൻെറ വാഴ്ച' (The Reign of Religion in Contemporary Philosophy.) എന്ന ഈ പുസ്തകം ലോകവിഖ്യാതരായ തത്വചിന്തകരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു് പാത്രീഭ വിച്ചു. 1920-ൽ മേക്മില്ലൻ കമ്പനിക്കാർ തന്നെയാ ണ് ഈ പുസ്തകവും പ്രസിദ്ധീകരിച്ചതു്. പേർ പുകഴ് ന്ന നിരൂപകന്മാർ പുസ്തകകർത്താവിൻെറ പുതുമതികഞ്ഞ സമീപനരീതിയെയും പ്രതിപാദനസാമർത്ഥ്യത്തെയും അ ഭിനന്ദിച്ചെഴുതി മ്യൂർഹെഡ്, മെക്കൻസി, ടെഗ്ഗാട്ട് മുതലായ പ്രശസ്തതത്വചിന്തകന്മാർ ഈ പുസ്തകത്തെക്കു റിച്ചു വളരെ നല്ല അഭിപ്രായം രേഖപ്പെടുത്തി. അമേ രിക്കയിലെ തത്വശാസ്ത്രസമാജത്തിൽ അത്തവണ ആ ധ്യക്ഷ്യം വഹിച്ചതു് പ്രൊഫസർ ഹിൻമേനായിരു ന്നു. അദ്ദേഹം തൻെറ പ്രസംഗത്തിന്നു് തിരഞ്ഞെ ടുത്ത വിഷയം പ്രൊഫസർ രാധാകൃഷ്ണന്നു് പ്രമു ഖ തത്വചിന്തകന്മാൎക്കിടയിൽ സ്ഥാനം സിദ്ധിച്ചു വെന്നു് വ്യക്തമാക്കി: "പ്രാതിനിദ്ധ്യം വഹിക്കുന്ന രണ്ടു് ആദർശവാദികഠം—ബൊസാങ്കേയും രാധാകൃഷ്ണ

നം" എന്നായിരുന്നു വിഷയം. ബൊസാങ്കേയോടൊപ്പം രാധാകൃഷ്ണനും തുല്യപദവിയിൽ പരിഗണിയ്ക്കപ്പെട്ടുവെന്നതുതന്നെ ബഹുമാന്യമായ ഒരു പ്രശംസയാണല്ലോ— അതും ഹിൻമാനെപ്പോലുള്ള ഒരു വിഖ്യാതചിന്തകൻെറ വിലയിരുത്തലിൽ രാധാകൃഷ്ണൻെറ പേർ ഉയൎന്ന തത്വചിന്തകന്മാരുടെ കൂട്ടത്തിൽപെട്ടുകഴിഞ്ഞുവെന്നായിരുന്നു അതിൻെറ സൂചന. പ്രൊഫസർ രാധാകൃഷ്ണൻെറ ഈ പുസ്തകം ഇന്ത്യയിൽ മാത്രമല്ല, അമേരിക്കയിലും ബ്രിട്ടനിലുംകൂടി, അദ്ധ്യാത്മശാസ്ത്രം പഠിക്കുന്ന വിദ്യാൎത്ഥികൾ ഒരു പ്രാമാണികഗ്രന്ഥമായി ഉപയോഗിച്ചുവന്നു. തത്വശാസ്ത്രത്തിൽ അത്രത്തോളം അമൂല്യമായ ഒരു സ്ഥാനം അതിന്നു ലഭിച്ചുകഴിഞ്ഞിരുന്നു.

അക്കാലത്ത് കല്ക്കത്താസൎവ്വകലാശാല പ്രസിദ്ധവിദ്യാഭ്യാസപ്രവൎത്തകനായ സർ ആശുതോഷ് മുക്കൎജ്ജിയുടെ നേതൃത്വത്തിൽ അനുക്രമം അഭിവൃദ്ധിപ്രാപിച്ചുവരികയായിരുന്നു. മുക്കൎജ്ജിയായിരുന്നു സൎവ്വകലാശാലയുടെ വൈസ് ചാൻസലർ. മാനസികവും ധാൎമ്മികവുമായ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നതിന്നുള്ള അദ്ധ്യാപകപീഠം ഈ സൎവ്വകലാശാലയിൽ ഒഴിഞ്ഞുകിടക്കാനിടയായി. സർ വ്രജേന്ദ്രനാഥസീലാണ് അതുവരെ സൎവ്വകലാശാലയിൽ മാനസികശാസ്ത്രവും ധൎമ്മശാസ്ത്രങ്ങളും പഠിപ്പിച്ചുവന്നത്. അദ്ദേഹം മൈസൂർ സൎവ്വകലാശാലയുടെ വൈസ് ചാൻസലർ പദം സ്വീകരിക്കുവാൻ സമ്മതിച്ചു. അങ്ങിനെ

കല്ക്കത്താ സർവ്വകലാശാലയിൽ ഒഴിവും വന്നു. മഹാനാ യ മുക്കർജ്ജി ഈ ഒഴിവിലേയ്ക്കു് രാധാകൃഷ്ണനെതന്നെ നി യമിക്കണമെന്നു് നിഷ്കർഷിച്ചു. അതിലും പ്രാപ്തനായ മറെറാരാളേയും അദ്ദേഹത്തിന്നു തിരഞ്ഞെടുക്കാനുണ്ടാ യിരുന്നില്ല. എഴുത്തിലും പ്രസംഗത്തിലും നൈപുണ്യം കൂടിയ പ്രതിഭാസമ്പന്നനായ ഒരു തത്വശാസ്ത്രജ്ഞനെ ന്ന നിലയ്ക്കു് രാധാകൃഷ്ണൻ പരക്കെ അറിയപ്പെട്ടിരുന്നു. അദ്ദേഹത്തെപ്പോലെ ആദരണീയനായ ഒരു വ്യക്തിയ്ക്കു് ആ ഉദ്യോഗം ഭൂഷണമായിരുന്നുതാനും. മുക്കർജ്ജി ക്ഷ ണമയച്ചു; പ്രൊഫസർ സസന്തോഷം അതു് സ്വീകരി ക്കുകയും ചെയ്തു. അങ്ങിനെ 1921-ൽ രാധാകൃഷ്ണൻ ക ല്ക്കത്തയിൽ അദ്ധ്യാപനസേവനത്തിന്നെത്തി.

കല്ക്കത്തയിൽ വെച്ചായിരുന്നു രാധാകൃഷ്ണൻ ഇ ന്ത്യൻ തത്വചിന്തയെപ്പററിയുള്ള തൻെറ പ്രഖ്യാതഗ്ര ന്ഥം പ്രസിദ്ധീകരിച്ചതു്.

പ്രൊഫസർ മ്യൂർഹെഡ്ഡു് തത്വചിന്തകന്മാരുടെ ലോകത്തിൽ സുസമ്മതനാണു്. രാധാകൃഷ്ണൻ രചി ച്ച ഗ്രന്ഥത്തിന്നു് അദ്ദേഹം അഭിനന്ദനരൂപത്തിൽ ഒരു നിരൂപണമെഴുതിയതിനെപ്പററി മുമ്പു പ്രസ്താ വിച്ചിട്ടുണ്ടല്ലോ. ഈ രണ്ടു തത്വചിന്തകന്മാരും അ തിൽപിന്നെ എഴുത്തുകുത്തുകൾമൂലം അന്യോന്യം കൂട്ടു തലായട്ടുത്തു. ഇന്ത്യൻ തത്വശാസ്ത്രത്തെപ്പററി ഒരു ഗ്രന്ഥം ഇംഗ്ലീഷിൽ എഴുതുന്നതിന്നായി മ്യൂർഹെഡ്ഡു് രാധാകൃഷ്ണനോടു് അപേക്ഷിച്ചു. അത്തരമൊരു പുസ്ത

കം എഴുതണമെന്നു് രാധാകൃഷ്ണൻ മുമ്പുതന്നെ ആലോചിച്ചിരുന്നതായിരുന്നു. മൂർഹെഡ്സ്റ്റിൻെറ അപേക്ഷ അതിനാൽ അദ്ദേഹം സ്വീകരിക്കുകയും 'ഇന്ത്യൻ തത്വശാസ്ത്രം' (Indian Philosophy) എന്ന പുസ്തകത്തിൻെറ ആദ്യഭാഗം 1923-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വിവിധകാലഘട്ടങ്ങളിൽ വ്യത്യസ്താചാര്യന്മാരുടെ നേതൃത്വത്തിൽ ഇന്ത്യയിലെ തത്വചിന്തകന്മാർക്കുണ്ടായ വളർച്ച കാണിക്കുന്ന ഒരു പുസ്തകമായിരുന്നു ഇതു്. ഓരോ കാലത്തുമുണ്ടായ പ്രത്യേക വളർച്ചയെ പൂർവ്വകാലാപേക്ഷയോടുകൂടി വിശകലനം ചെയ്യുന്നതും പഴയതും പുതിയതും തമ്മിലുള്ള ബന്ധങ്ങൾ വ്യക്തമാക്കി കാണിക്കുന്നതും എളുപ്പമായിരുന്നില്ല. ചിന്താസമ്പ്രദായങ്ങളിലുള്ള പ്രത്യേകതകൾ നിർത്തിവെയ്ക്കുവാൻ മാത്രമല്ല, വ്യത്യസ്തചിന്തകൾ തമ്മിലുള്ള ബന്ധങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കുവാനും പ്രൊഫസർ രാധാകൃഷ്ണൻ പ്രസ്തുത ഗ്രന്ഥം മുഖേന പരിശ്രമിച്ചു. ഓരോ ആചാര്യനും ജീവിച്ച കാലഘട്ടത്തിൻെറ പ്രത്യേകതകളും പരിതഃസ്ഥിതികളും മനസ്സിലാക്കി, ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു് സഹാനുഭൂതിയോടുകൂടി അവരുടെ ചിന്തകൾ വ്യാഖ്യാനിക്കുക എന്നതായിരുന്നു ഈ ഗ്രന്ഥം നിർമ്മിക്കുന്നതിൽ രാധാകൃഷ്ണൻ അവലംബിച്ച മാർഗ്ഗം. വ്യത്യസ്ത ചിന്താഗതികളെ സത്യാത്മകമായി സമീപിക്കുവാനും വ്യാഖ്യാനിക്കുവാനും ഉതകുന്ന ഏകമാർഗ്ഗം ഇതാണെന്നു പറയേണ്ടതില്ല.

'ഇന്ത്യൻ തത്വശാസ്ത്ര'ത്തിൻെറ ആദ്യഭാഗത്തിൽ വൈദികകാലം മുതൽ ശ്രീബുദ്ധൻെറ അനന്തരകാലംവരെയുള്ള തത്വചിന്തകളെപ്പററിയാണ് പ്രൊഫസർ രാധാകൃഷ്ണൻ പ്രതിപാദിച്ചതു്. വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത, ജൈനമതം, ബുദ്ധമതം എന്നിവയിലെ തത്വചിന്തകൾ ഈ പുസ്തകത്തിൽ ആസൂത്രണം ചെയ്യപ്പെട്ടു. 'ഇന്ത്യൻ തത്വശാസ്ത്ര'ത്തിൻെറ രണ്ടാംഭാഗം 1927-ൽ പ്രസിദ്ധീകൃതമായി. ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം എന്നീ ഷഡ്ദശനങ്ങളിലും ശൈവ, വൈഷ്ണവ, ശാക്ത സമ്പ്രദായങ്ങളിലുമുള്ള ചിന്താപ്രത്യേകതകൾ ദ്വിതീയഭാഗത്തിൽ വിവരിക്കപ്പെട്ടു. നല്ല ഭാഷാശൈലിയിൽ സ്പഷ്ടവിവരണങ്ങളോടും നിപുണവ്യാഖ്യാനങ്ങളോടുംകൂടി നിമ്മിക്കപ്പെട്ട ഈ പുസ്തകങ്ങളിൽനിന്നു ഇന്ത്യയിലെ തത്വചിന്താരൂപങ്ങളെപ്പററി പാശ്ചാത്യക്ക് ഒരു സമഗ്രജ്ഞാനം സിദ്ധിക്കാനിടയായി. അതുവരെ ഇന്ത്യയിലെ തത്വചിന്ത ആധുനികജീവിതത്തിൻെറ യാഥാത്ഥ്യങ്ങളെ നേരിടുവാൻ അസമത്ഥമാണെന്ന വിചാരം പാശ്ചാത്യരിൽ പലക്കുമുണ്ടായിരുന്നു. അതു തെററാണെന്നും തികച്ചും പ്രായോഗികസീമയിൽനിന്നാണ് ഇന്ത്യയിലെ തത്വാചാൎയ്യന്മാരുടെ നിഗമനങ്ങളുണ്ടായിട്ടുള്ളതെന്നും ഈ പുസ്തകങ്ങൾ ചിന്തകലോകത്തെ ധരിപ്പിച്ചു. ഇന്ത്യൻ തത്വശാസ്ത്രം നിഷ്കൃഷ്ടപഠനം അഹിക്കുന്നുവെന്നും അതു് ജീൎണ്ണിച്ചതോ അസാ

ധാരണമോ ആയി തള്ളേണ്ടതല്ലെന്നും അവർ മനസ്സി ലാക്കി. ഇന്ത്യൻ തത്വശാസ്ത്രത്തിന്നു് ആധുനിക പാശ്ചാത്യതത്വചിന്തകന്മാരുടെ ആദരവും അംഗീകരണവും സമ്പാദിച്ചുകൊടുത്തതും അവക്കു മനസ്സിലാക്കാവുന്ന വിധം ഭാരതീയതത്വചിന്തയെ വിവരിച്ചു വ്യാഖ്യാനിച്ചതും പ്രൊഫസർ രാധാകൃഷ്ണൻെറ നേട്ടങ്ങളായിരുന്നു.

മൂന്നാം അദ്ധ്യായം

മറുനാടുകളിൽ

ഇന്ത്യയിലെ ആ ഉയൎന്ന തത്വചിന്തകന്നു് തന്റെ സന്ദേശം മറുനാടുകളിലും നേരിട്ടെത്തിക്കാനുള്ള അവസരം ലഭിച്ചു.

1926-ൽ സൎവ്വകലാശാലാ പ്രതിനിധികളുടെ ഒരു സമ്മേളനം കേംബ്രിഡ്ജിൽവെച്ചു നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ എല്ലാ സൎവ്വകലാശാലകളും ഈ സമ്മേളനത്തിലേക്കു പ്രതിനിധികളെ അയച്ചു. കല്ക്കത്താ സൎവ്വകലാശാല പ്രതിനിധിയായി രാധാകൃഷ്ണനെയാണു് തിരഞ്ഞെടുത്തതു്. അങ്ങിനെ രാധാകൃഷ്ണൻ ഇംഗ്ലണ്ടിലേക്കു യാത്രപുറപ്പെട്ടു. ഇംഗ്ലണ്ടിലേയ്ക്കു പോകുന്നുണ്ടെന്നറിഞ്ഞപ്പോൾ പ്രസംഗങ്ങൾ നടത്തുന്നതിന്നായി പല സ്ഥാപനങ്ങളും സമാജങ്ങളും അദ്ദേഹത്തെ ക്ഷണിച്ചുതുടങ്ങി. എല്ലാ ക്ഷണങ്ങളും സ്വീകരിക്കുന്നതു് അസാദ്ധ്യമായിരുന്നു. അതിനാൽ പലരെയും നിരാശപ്പെടുത്തേണ്ടിവന്നു. പക്ഷെ ഓക്സ്ഫോൎഡിൽനിന്നു വന്ന ഒരു പ്രധാനക്ഷണം അദ്ദേഹം സ്വീകരിച്ചു. മാഞ്ചെസ്റ്റർ കോളേജിൽവെച്ചു് അക്കുറി 'അപ്ടൺ' പ്രസംഗങ്ങൾ നടത്തണമെന്ന അപേക്ഷയായിരുന്നു അതു്.

അന്നു് മാഞ്ചസ്റ്റർ കോളേജിലെ പ്രിൻസിപ്പാളാ യിരുന്നതു് ഡാക്ടർ എൽ. പി. ജേക്സ് എന്ന മഹാനാ യിരുന്നു. 'ഹിബ്ബർട്ട് പത്രിക' (Hibbert Journal) എന്ന തത്വശാസ്ത്രപത്രത്തിന്റെ അധിപരുമായിരുന്നു അദ്ദേഹം. ഈ പത്രത്തിൽ രാധാകൃഷ്ണൻ ഇടയ്ക്കിടെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിവന്നു. അങ്ങിനെ അ വർ പരസ്പരം പരിചയം പുലർത്തുവാനും ബഹുമാനി ക്കുവാനും ഇടയായി. ജേക്സിന്റെ ക്ഷണം അതിനാൽ രാധാകൃഷ്ണൻ സൌഹാർദ്ദപൂർവ്വം സ്വീകരിച്ചു.

അതുവരെ പേർ പുകഴ്ന്ന ആംഗ്ലേയചിന്തകർ മാത്രമാണു് അപ്ടൺ പ്രസംഗങ്ങൾ നടത്തിയിരു ന്നതു്. ആ മഹനീയകർത്തവ്യത്തിനു് ഒരിന്ത്യക്കാര നെ ക്ഷണിച്ചതു് അനാദ്യമായിട്ടായിരുന്നു. രാധാകൃ ഷ്ണൻ ക്ഷണം സ്വീകരിച്ചപ്പോൾ ജേക്സ് കൃതാർത്ഥനാ യി. "ഇന്ത്യയ്ക്കുപ്പുറത്തു് നിങ്ങളുടെ ആദ്യത്തെ പ്ര സംഗങ്ങൾ ഞങ്ങളുടെ സർവ്വകലാശാലയിൽവെച്ചു ചെ യ്തതുകൊണ്ടു് നിങ്ങൾ ഞങ്ങളെ ബഹുമാനിച്ചിരിക്കു ന്നു" എന്നു് പ്രിൻസിപ്പാൾ ജേക്സ് രാധാകൃഷ്ണനോടു് തുറന്നു പ്രസ്താവിച്ചു.

'ഹിന്ദുക്കളുടെ ജീവിതവീക്ഷണം' (The Hindu view of Life) എന്നതായിരുന്നു രാധാകൃഷ്ണന്റെ പ്ര സംഗവിഷയം. ഹിന്ദുമതം പുരോഗമനാത്മകമായ ഒരു ചരിത്രപ്രസ്ഥാനമാണെന്നും, അതിന്റെ അനുയാ യികൾ യാഥാസ്ഥിതികത്വത്തിൽ നില്ക്കാതെ വി ജ്ഞാനത്തിന്റെ പന്തവും കൊളുത്തി മുന്നോട്ടുപോക

യാണെന്നും രാധാകൃഷ്ണൻ ഈ പ്രസംഗത്തിൽ ശ്രോതാക്കളെ ധരിപ്പിച്ചു. ഹിന്ദുമതത്തിൽ അനാചാരദൂഷ്യങ്ങളുണ്ടായിരിക്കാം. എങ്കിലും ആ മതം ആത്മോദ്ധാരണത്തിന്നു് പ്രാധാന്യം നല്കുന്നു; ഉന്നതമായ സദാചാരബോധത്തിന്നു മാത്രമല്ല ബുദ്ധിവികാസത്തിന്നും ആവശ്യപ്പെടുന്നു. അതു് അശുഭപ്രതീക്ഷാത്മകമോ വിധിബലത്തിൽ മാത്രം വിശ്വസിക്കുന്നതോ അല്ല.'—ഇപ്രകാരം ഹിന്ദുധർമ്മത്തിന്റെ പ്രത്യേകതകളും ഹിന്ദുക്കളുടെ ജീവിതവീക്ഷണവും വിവരിക്കുക മാത്രമല്ല ഹിന്ദുമതത്തിന്നു നേരെ പലരും ചൊരിഞ്ഞ ആക്ഷേപങ്ങൾക്കു് മറുപടി പറയുകകൂടിയാണു് അദ്ദേഹം ഈ പ്രസംഗങ്ങൾ വഴിയായി ചെയ്തതു്.

അവർ ആ പ്രസംഗങ്ങൾ കേട്ടു. അദ്ദേഹത്തിന്റെ ശുദ്ധമായ ഭാഷാശൈലിയും സ്പഷ്ടതയുള്ള വിവരണങ്ങളും നിരർഗ്ഗളമായ വാഗ്വൈഭവവുമെല്ലാം പ്രസംഗങ്ങൾ കേട്ടവരെ വിസ്മയിപ്പിച്ചു. എന്തൊരത്ഭുതചാതുര്യം? ആ പ്രസംഗധാരണിയിൽ ആനന്ദിക്കുവാൻ ദിവസംതോറും കൂടുതൽ കൂടുതൽ ആളുകൾ എത്തിത്തുടങ്ങി.

പ്രാസംഗികനെക്കുറിച്ചുണ്ടായ മതിപ്പിനെപ്പററി പത്രങ്ങളിൽ പ്രകാശിതങ്ങളായ അഭിപ്രായങ്ങൾതന്നെ മികച്ച സാക്ഷ്യപത്രങ്ങളായിരുന്നു. അവയിൽ ചിലതു താഴെ ചേർക്കാം—

"പാശ്ചാത്യരുടെയും പൌരസ്ത്യരുടെയും തത്വചിന്തകളെപ്പററി ധാരാളം പരിചയമുള്ള ആളും വി

പുലമായ വിജ്ഞാനത്തിനു് അവകാശിയുമാണു് രാധാകൃഷ്ണൻ. അദ്ദേഹത്തിൻെറ ലേഖനങ്ങളാകട്ടെ വൈശദ്യം തികഞ്ഞവയാണു്. ഈ യോഗ്യതകളെല്ലാമുള്ള അദ്ദേഹത്തെപ്പോലെ ആക്ഷം തന്നെ നവീനവും പരിശുദ്ധവുമായ ഹിന്ദുധമ്മത്തെപ്പററി പാശ്ചാത്യരെ ധരിപ്പിക്കാൻ പ്രാപ്തിയില്ല. ഹിന്ദുധമ്മത്തെപ്പററി ഉദ്ബോധിപ്പിക്കുന്നതിനു് ഏററവും പ്രഗത്ഭനായ ആചായ്യൻ ഇക്കാലത്തു് അദ്ദേഹമായിരിക്കാൻ മതി.'' രാധാകൃഷ്ണൻെറ ഇംഗ്ലീഷുഭാഷാസ്വാധീനതയെക്കുറിച്ചു വേറൊരു നിരൂപകൻ ഇപ്രകാരമെഴുതി: "ഈ ഭാരതീയ പണ്ഡിതനെപ്പററി എടുത്തുപറയേണ്ട ഒരു നല്ലകായ്യം ഇംഗ്ലീഷുഭാഷയിലുള്ള അദ്ദേഹത്തിൻെറ അസാധാരണമായ സ്വാധീനതയാണു്. വിഷമതയുള്ള ഏതെങ്കിലും തത്വചിന്താവിഷയത്തെപ്പററി യാതൊരു കുറിപ്പും നോക്കാതെ അദ്ദേഹത്തിനു് ഒരു മണിക്കൂറിലേറെ ഇംഗ്ലീഷിൽ സംസാരിക്കുവാനുള്ള സാമത്ഥ്യമുണ്ടു്.'' യാതൊരു കുറിപ്പും നോക്കാതെ ഗഹനമായ തത്വചിന്താപ്രമേയങ്ങളെപ്പററി ഒരു മണിക്കൂറല്ല, എത്രയോ മണിക്കൂറുകളോളം നിരർഗ്ഗളമായി പ്രസംഗിക്കാനുള്ള രാധാകൃഷ്ണൻെറ അത്ഭുതപാടവം അവക്കു് തികച്ചും അനുഭവപ്പെട്ടിരിക്കയില്ല!

ഓക്സ്ഫോർഡിൽ മാത്രമല്ല കേംബ്രിഡ്ജ് സവ്വകലാശാലയിലും രാധാകൃഷ്ണൻ പ്രസംഗിച്ചു. കേംബ്രിഡ്ജിലെ തത്വചിന്തകന്മാരെല്ലാം അദ്ദേഹത്തെ ആദരിക്കുന്നതിനു് ഒത്തുകൂടി. പാശ്ചാത്യലോകത്തിലും

പൌരസ്ത്യലോകത്തിലും പ്രസിദ്ധരായ രണ്ടു ദാശ്നിക ന്മാരുടെ ചിന്താഗതികൾ താരതമ്യപ്പെടുത്തിക്കൊണ്ടാ ണ് രാധാകൃഷ്ണൻ കേംബ്രിഡ്ജിൽ പ്രസംഗിച്ചതു്. അ ദ്ദേഹത്തിൻെറ പ്രസംഗവിഷയം 'ബ്രാഡ്ലിയും ശങ്കര നം' എന്നായിരുന്നു. ഇംഗ്ലീഷുതത്വചിന്തകന്മാരിൽ അഗ്രഗണ്യനായ ബ്രാഡ്ലിയുടെയും ഭാരതീയ ദാശ്നിക രിൽ അദ്വിതീയനായ ശ്രീശങ്കരൻെറയും ചിന്താസരണി കളെ വ്യാഖ്യാനിക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്തു കൊണ്ടായിരുന്നു പ്രസംഗം. തത്വശാസ്ത്രത്തെപ്പററി താ രതമ്യേന അത്ര വിശദമായി പ്രതിപാദിക്കുന്ന ഒരു പ്ര സംഗം കേംബ്രിഡ്ജിലുള്ളവർ അതുവരെ കേട്ടിരുന്നില്ല.

ഇക്കാലത്തായിരുന്നു അമേരിക്കയിലെ ഹാർവേ ഡ് (Harvard) സവ്വകലാശാലയിൽവെച്ചു് അന്തരാ ഷ്ട്രീയതത്വശാസ്ത്രസമ്മേളനം നടന്നതു്. ഈ സമ്മേ ളനത്തിൽ കല്ക്കത്താ സവ്വകലാശാലയുടെ പ്രാതിനി ധ്യം വഹിച്ചു സന്നിഹിതനായതു് പ്രൊഫസർ രാധാ കൃഷ്ണൻതന്നെയായിരുന്നു. സമ്മേളനത്തിൽ അദ്ദേഹം ഭാരതീയ തത്വചിന്തയെപ്പററി അത്യുജ്വലമായ ഒരു പ്രസംഗംചെയ്തു. പ്രസംഗാനന്തരം 1926 ആഗസ്റ്റ് മാസത്തിൽ ചിക്കാഗോ സവ്വകലാശാലയിൽവെച്ചു് 'ഹാസ്കൽ' പ്രസംഗങ്ങൾ (Haskell Lectures) നടത്തു വാൻ സവ്വകലാശാലയുടെ അധികൃതന്മാർ അദ്ദേഹ ത്തെ ക്ഷണിക്കുകയുണ്ടായി. രാധാകൃഷ്ണൻ ക്ഷണം സ്വീകരിച്ചു് ഒരു പ്രസംഗപരമ്പരതന്നെ നടത്തി.

അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുകയും അദ്ദേഹത്തെക്കണ്ടു സംഭാഷണം നടത്തുകയും ചെയ്തു എല്ലാ തത്വചിന്തകന്മാരും ആ പണ്ഡിതപ്രവേകന്റെ കനത്ത പാണ്ഡിത്യത്തെയും ആശയങ്ങൾ പ്രകാശിപ്പിക്കുന്നതിലുള്ള അസാധാരണ ചാതുര്യത്തെയും അഭിനന്ദിച്ചു. ദൈവതത്വചിന്തയിൽ കെട്ടിപ്പിണഞ്ഞു കിടന്ന അനേകം സങ്കീർണ്ണതകൾ വിശകലനം ചെയ്തു കാണിക്കാനുള്ള രാധാകൃഷ്ണന്റെ വൈദഗ്ദ്ധ്യം അന്യാദൃശമായിരുന്നു. മാത്രമല്ല, ആ ധിഷണാശാലിയുടെ ധാരാവാഹിയായ പ്രസംഗം അവരെ അത്ഭുതപ്പെടുത്തുകയും ചെയ്തു. പല സർവ്വകലാശാലകളും അദ്ദേഹത്തെ ബഹുമാനപൂർവ്വം ക്ഷണിച്ചു. ഓക്സ്ഫോഡിലും കേംബ്രിഡ്ജിലും ഹാർവേഡിലുമുള്ള സന്ദർശനങ്ങളെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പ്രിൻസ്ടൺ, യേൽ മുതലായ ഇതര സർവ്വകലാശാലകളും ആ ഭാരതീയചിന്തകനെ സ്വീകരിച്ചാദരിച്ചു. അങ്ങിനെ യൂറോപ്പിലും അമേരിക്കയിലുമുള്ള മിക്ക സർവ്വകലാശാലകളും രാധാകൃഷ്ണൻ സന്ദർശിക്കുകയും അവിടെയുള്ള വിദ്യാപ്രേമികളുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുകയും ചെയ്തു.

ഹാർവേഡ് സർവ്വകലാശാലയിൽ നടത്തിയ അന്താരാഷ്ട്രീയ തത്വശാസ്ത്രസമ്മേളനത്തിൽവെച്ച് ചെയ്ത പ്രസംഗം അവലംബിച്ച് രാധാകൃഷ്ണൻ ഇക്കാലത്ത് ഒരു ചെറിയ പുസ്തകം പ്രസിദ്ധപ്പെടുത്തി. 'കല്ക്കി അഥവാ പരിഷ്കാരത്തിന്റെ ഭാവി' (Kalki or the

future of civilization) എന്നാണു് ഈ പുസ്തകത്തിന്നു പേരിട്ടതു്. ആധുനികപരിഷ്ക്കാരത്തിൽ ആത്മീയമൂല്യങ്ങളെ അവഗണിച്ചു വരുന്നതിനെ രാധാകൃഷ്ണൻ ഈ പുസ്തകം മുഖേന നിശിതമായി വിമശിച്ചു. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളിലും വിജ്ഞാനബലത്തിലും വമ്പിച്ച പുരോഗതി നേടീട്ടുണ്ടെങ്കിൽകൂടി ധാമ്മികവും ആത്മീയവുമായ തോതുകളിൽ നാം തരംതാഴ്ന്നുപോയിരിക്കുന്നുവെന്നു് അദ്ദേഹം വ്യക്തമാക്കി. 'വ്യക്തികളുടെ മനോഗുണങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധപതിയുന്നില്ല. സാമൂഹ്യപരിഷ്ക്കാരങ്ങൾ വരുത്തുവാനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ആത്മാവിൽ പ്രേമവും സന്തോഷവും, ഭക്തിയും സേവനൌത്സുക്യവും വളത്തിയാലേ മനുഷ്യത്വവും പരിഷ്ക്കാരവും പൂൎണ്ണത പ്രാപിക്കുകയുള്ളു. ആത്മീയമായ അജ്ഞതയും അന്ധതയും നിലനില്ക്കുന്ന കാലത്തോളം കായബലവും കുമ്മബുദ്ധിയും ആപല്ക്കരമായേ പരിണമിക്കുകയുള്ളു. പരിഷ്ക്കാരമെന്നതു് ശരീരത്തെയോ മനസ്സിനെയോ ബാധിക്കുന്നതല്ല; ആത്മാവിനെ ബാധിക്കുന്നതാണു്. അറിവോ ബലമോ ഉണ്ടായതുകൊണ്ടു് കാൎയ്യമില്ല; ധാമ്മികവും ആത്മീയവുമായ കൃത്യങ്ങൾ നിൎവ്വഹിക്കേണ്ടതു് അത്യാവശ്യമാണു്. ആത്മീയപരിഷ്ക്കാരം മനുഷ്യന്നു് അനുഭവപ്പെട്ടാൽ മാത്രമേ യഥാൎത്ഥ പരിഷ്ക്കാരമാകയുള്ളു'—ഇത്തരം തത്വങ്ങൾ ഈ ഗ്രന്ഥംമുഖേന രാധാകൃഷ്ണൻ അനുവാചകലോകത്തെ ഗ്രഹിപ്പിച്ചു.

വിജയകരമായ പ്രസംഗപര്യടനത്തിന്നുശേഷം രാധാകൃഷ്ണൻ സ്വരാജ്യത്തേയ്ക്കു തിരിച്ചു. ഭാരതീയക്ക് അദ്ദേഹത്തെക്കുറിച്ചുള്ള മതിപ്പും ആദരവും അപ്പോഴേക്കും വളരെ ഉയൎന്നുകഴിഞ്ഞിരുന്നു. ജന്മദേശമായ ആന്ധ്രയിലെ സൎവ്വകലാശാല അദ്ദേഹത്തെ ആദരിക്കാൻ അവസരവും പാൎത്തിരുന്നു. സൎവ്വകലാശാലയിലെ ബിരുദദാനപ്രസംഗം വന്നുചേൎന്നു. മദിരാശി ഗവൎണ്ണരായിരുന്നു ബിരുദദാനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചതു്. അന്നു് ആന്ധ്രക്കാൎക്കു് ഏററവും സന്തോഷപ്രദമായ ഒരു കൃത്യം നിൎവ്വഹിക്കപ്പെട്ടു. വിപുലപാണ്ഡിത്യത്തേയും വിദ്യാസേവനങ്ങളേയും മാനിച്ചു് രാധാകൃഷ്ണന്നു് 'ഡിലിററു്' എന്ന ബിരുദം നല്കി. അന്നുമുതല്ക്കാണു് ഡാക്ടർ രാധാകൃഷ്ണനെന്ന പേരിൽ അദ്ദേഹം പ്രസിദ്ധനായതു്. ആന്ധ്രദേശം ചരിത്രനായകന്റെ സേവനങ്ങൾക്കു് അകമഴിഞ്ഞു നല്കിയ പാരിതോഷികമായിരുന്നു അതു്.

ഡാക്ടർ രാധാകൃഷ്ണന്റെ കീൎത്തിയുടേയും കഴിവുകളുടേയും മണ്ഡലങ്ങൾ അങ്ങിനെ വികസിച്ചുവന്നു.

നാലാം അദ്ധ്യായം

വീണ്ടും ഇംഗ്ലണ്ടിൽ

പ്രശസ്തിയിൽനിന്നു പ്രശസ്തിയിലേയ്ക്കു—രാധാകൃഷ്ണൻ ജീവിതസോപാനത്തിന്റെ പടികഠം കയറിക്കയറി വിജയത്തിന്റെ മണിത്തൂക്കോവിലിന്നു മുമ്പിലെത്തി!

വിദേശീയപണ്ഡിതന്മാരുഠംപ്പെടെ എല്ലാവരും ആ വിജയത്തെ ആദരിച്ചു.

സൌഹൃദസൂചകമായ ഒരു ക്ഷണം ഓക്സ്ഫോർഡിൽനിന്നു വീണ്ടും എത്തി—1929ൽ.

ഓക്സ്ഫോർഡിലെ 'മാഞ്ചെസ്റ്റർ' സവ്വകലാശാലയിൽ താരതമ്യമതപഠനത്തിൽ പ്രസംഗങ്ങഠം നടത്തി വന്ന പ്രിൻസിപ്പാഠം 'എസ്റ്റ്ലിൻ കാർപെൻടർ' സ്ഥാനമൊഴിഞ്ഞു. ആ സ്ഥാനത്ത് രാധാകൃഷ്ണനെ ലഭിക്കുകയാണെങ്കിൽ ആശാസ്യമായിരിക്കുമെന്നു സർവ്വകലാശാലയിലെ അധികൃതന്മാർ കരുതി. മതതത്വങ്ങളെ താരതമ്യവിശകലനംചെയ്തു ഗ്രഹിപ്പിക്കുവാൻ ആ പൌരസ്ത്യസൂരിക്കുള്ള വൈദഗ്ദ്ധ്യം ഓക്സ്ഫോർഡിൽവെച്ചു മുമ്പു നടന്ന പ്രസംഗങ്ങളിൽനിന്നുതന്നെ അവക്കു നേരിട്ടറിവുണ്ടായിരുന്നു.

ക്ഷണം അയക്കപ്പെട്ടു; സ്വീകരിക്കപ്പെട്ടുകയും ചെയ്തു.

1929-ൽ ഡോക്ടർ രാധാകൃഷ്ണൻ ഓക്സ്ഫോഡിലേയ്ക്കു പുറപ്പെട്ടു. ഒക്ടോബർ 22-ാംനു— അന്നായിരുന്നു അദ്ദേഹം പ്രസംഗപരമ്പരയിലെ പ്രഥമപ്രസംഗം നടത്തിയതു്. തുടൎന്നു് അനേകം സ്ഥാപനങ്ങൾ അദ്ദേഹത്തെ പ്രസംഗത്തിന്നു ക്ഷണിച്ചു. ചില ക്രിസ്തീയ പള്ളികളും അദ്ദേഹത്തിൻെറ മതപ്രസംഗങ്ങൾ കേൾക്കാൻ ഉത്കണ്ഠിതരായി. ഓക്സ്ഫോഡിലും ബർമിങ്ങ്ഹാമിലും മാഞ്ചെസ്റ്ററിലും ലിവർപൂളിലുമുള്ള പ്രധാന ക്രിസ്തീയദേവാലയങ്ങളിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ഹൃദയസ്പൃക്കുകളായിരുന്നു. വൈദികരുൾപ്പടെയുള്ള ക്രൈസ്തീയസാമാജികന്മാർ ആ പ്രസംഗങ്ങൾ കേട്ടു സന്തുഷ്ടരായി. മതത്തിൻെറ കാമ്പും കാതലുമായ ആത്മബോധം അവരുടെ ഉൾത്തടങ്ങളിൽ പ്രകാശം ചൊരിഞ്ഞു. അദ്ദേഹത്തിൻെറ പ്രോജ്വലപ്രഭാഷണം ശ്രദ്ധാപൂർവ്വം കേട്ടുനിന്ന ധൎമ്മമതിയായ ഒരു വൃദ്ധ പള്ളിയിൽവെച്ചു് ഇപ്രകാരം പറഞ്ഞുവത്രെ: "നമുക്കിനി ഇന്ത്യയിലേയ്ക്കു് മതപ്രചാരത്തിന്നുവേണ്ടി പാതിരിമാരെ അയക്കേണ്ടതില്ല." വൃദ്ധയുടെ അടുത്തിരുന്ന സുഹൃത്തു് ആ അഭിപ്രായത്തെ ആദരിച്ചു പറഞ്ഞു: "രാധാകൃഷ്ണനെപ്പോലെയുള്ളവർ ഇടയ്ക്കിടെ ഇംഗ്ലണ്ടിൽ വരുന്നതു് വളരെ നന്നായിരിക്കും. അവൎക്കു് അവരുടെ രാജ്യത്തിൻെറ സന്ദേശങ്ങളും വൈഷമ്യങ്ങളും നമ്മെ ഗ്രഹിപ്പിക്കാവുന്നതാണു്. അങ്ങിനെയായാൽ ഇംഗ്ലണ്ടും ഇന്ത്യയുമായി കൂടുതൽ അടുത്ത ഒരു ധാരണ ഉളവാകും. ചില

ഇംഗ്ലീഷുകാർ ഇന്ത്യയിൽചെന്നു നമ്മുടെ രാജ്യത്തിലെ ആശയങ്ങഠം ഇന്ത്യക്കാരെ ധരിപ്പിക്കുകയും വേണം. ഇംഗ്ലണ്ടും ഇന്ത്യയും പരസ്പരം അറിയുന്നതിന്നും ആദരിക്കുന്നതിന്നും പററിയ ഏററവും നല്ല മാഗ്ഗം അതാണു്." ഈ അഭിപ്രായം അത്ഥവത്തായിരുന്നു. ഇംഗ്ലീഷുകാർ ഇന്ത്യയെപ്പററി—ഈ പൌരാണികരാജ്യത്തിൻെറ തത്വശാസ്ത്രത്തെയും ചിന്താഗതികളെയും ആശയങ്ങളെയും അഭിലാഷങ്ങളെയും പററി—വാസ്തവത്തിന്നു നിരക്കാത്ത പല അബദ്ധധാരണകളും പുലത്തിപ്പോന്നിരുന്നു. എന്നാൽ രാധാകൃഷ്ണൻ അവരുടെ മുമ്പിൽ കാണിച്ചുകൊടുത്തതു് അന്ധവിശ്വാസജടിലവും ജജ്ജരിതവുമായ ഒരിന്ത്യയെയല്ല, നവോന്മേഷത്തോടും ചൈതന്യദീപ്തിയോടുംകൂടി ഉത്കൃഷ്ടചിന്തകളിൽ അഭിമാനംകൊണ്ട ഒരിന്ത്യയെയാണു്. ആംഗ്ലേയസുഹൃത്തുക്കഠംക്കു് അതുവരെയുണ്ടായിരുന്ന പല സംശയങ്ങഠംക്കും അവിശ്വാസങ്ങഠംക്കും രാധാകൃഷ്ണൻെറ സംശയമററ വ്യാഖ്യാനങ്ങളും വിവരണങ്ങളും നിവാരണമുണ്ടാക്കിയെന്നതു് ഒരു വാസ്തവം മാത്രമായിരുന്നു.

രാധാകൃഷ്ണൻെറ മതപ്രസംഗത്തെപ്പററി ഓക്സ്ഫോഡിലെ ഒരു പ്രാമാണികദിനപത്രം ഈ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:— "വിചാരം, ഭാവന, ഭാഷാഭംഗി എന്നിവകൊണ്ടു് ഈ ഇന്ത്യൻ പ്രാസംഗികന്നു് ഒരു മായാവലയം നിമ്മിക്കാനുള്ള അത്ഭുതനൈപുണ്യമുണ്ടു്. എന്നാൽ അദ്ദേഹത്തിൻെറ

യഥാൎത്ഥമഹത്വം നിലകൊള്ളുന്നതു് അതിലൊന്നുമല്ല. ശ്രദ്ധയെ പിടിച്ചു നിൎത്തുകയും, ഹൃദയത്തെ ഇളക്കുകയും സ്വച്ഛവും സുഖവിശാലവുമായ ഒരന്തരീക്ഷത്തിലേയ്ക്കു നമ്മെ ഉയൎത്തുകയും ചെയ്യുന്ന അനിൎവ്വചനീയമായ ഏതോ ആത്മീയഗുണത്തിലാണു് ആ മഹത്വം സ്ഥിതിചെയ്യുന്നതു്'' ഈ അഭിപ്രായം രാധാകൃഷ്ണന്റെ പ്രസംഗങ്ങൾക്കുള്ള അനിൎവ്വാച്യമായ വശ്യശക്തിയുടെ യഥാൎത്ഥസ്വഭാവം വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ആത്മീയസൌഭാഗ്യത്താൽ മനോഹരങ്ങളായിരുന്നു. അതാണു് അവയ്ക്കു് ശോഭയും ഹൃദയാവൎജ്ജകത്വവും നല്കിയതു്.

മതങ്ങളുടെ താരതമ്യപഠനം മുൻനിൎത്തി രാധാകൃഷ്ണൻ നടത്തിയ പ്രസംഗങ്ങൾ ശ്രോതാക്കളെ അത്ഭുതപ്പെടുത്തി. പാശ്ചാത്യവും പൌരസ്ത്യവുമായ മതതത്വങ്ങളിൽ അദ്ദേഹത്തിന്നു് അത്രയേറെ അവഗാഹവും പാണ്ഡിത്യവുമുണ്ടെന്നു് ആരും കരുതിയിരുന്നില്ല. മാഞ്ചെസ്റ്റർ കോളേജിലെ പ്രിൻസിപ്പാളായ മി: ജേക്സ് ഈ വാസ്തവം തുറന്നുപറഞ്ഞു: "രാധാകൃഷ്ണന്നു് പൌരസ്ത്യതത്വശാസ്ത്രത്തിൽ മാത്രമല്ല പാശ്ചാത്യതത്വശാസ്ത്രത്തിലും അന്യാദൃശമായ പാണ്ഡിത്യമുണ്ടു്. അദ്ദേഹത്തെക്കാണുകയോ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുകയോ ചെയ്യാൻ ഇടവന്നിട്ടുള്ള എല്ലാവരുടേയും ഹൃദയങ്ങളിൽ അദ്ദേഹം ഒരിക്കലും മായാത്ത വ്യക്തിമുദ്ര പതിച്ചിരിക്കുന്നു''— അങ്ങിനെ ആ

പൌരസ്ത്യപണ്ഡിതവര്യൻെറ മികച്ച വിദ്യാകൌശല ത്തെ വിദ്വച്ഛിരോമണികഠം പലരും പ്രശംസിച്ചു!

താരതമ്യമതപഠനത്തെക്കുറിച്ചും മററും നടത്തിയ പ്രസംഗങ്ങഠം 1933-ൽ സമാഹരിച്ചു ഡോക്ടർ രാധാകൃഷ്ണൻ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. 'മതത്തിൽ—പൌരസ്ത്യരും പാശ്ചാത്യരും (East and West in Religion) എന്നായിരുന്നു പുസ്തകത്തിൻെറ പേർ. ഈ പ്രസംഗങ്ങളുടെയെല്ലാം തത്വസാരം ഇപ്രകാരം സംഗ്രഹിക്കാം: "നീതിപൂർവ്വം പ്രവർത്തിക്കുക; കരുണ മുതലായ ഗുണങ്ങഠം വളർത്തുക; സഹജീവികഠംക്കു സുഖമുണ്ടാക്കുക—ഇതാണു വാസ്തവത്തിൽ മതത്തിലെ പ്രധാനതത്വങ്ങഠം, ഏതു മതമായാലും ഈ തത്വങ്ങഠംക്കു മാററം കാണുകയില്ല. സഹജീവികഠംക്കുവേണ്ടി പ്രവർത്തിക്കുകയും അവക്കിടയിൽ പ്രേമാത്മകമായ കാരുണ്യബന്ധം പുലർത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നവരാണു യഥാർത്ഥസന്യാസികഠം. ആത്മാവിൽ മാത്രമല്ല, രക്തത്തിലും മാംസത്തിലും മനുഷ്യർ സമന്മാരാണെന്ന ബോധം ഉളവാകണം. നാം ജീവിതത്തിൽ ഇടപെടുന്ന പുരുഷന്മാരോടും സ്ത്രീകളോടുമുള്ള ബന്ധങ്ങളിൽ മനുഷ്യത്വത്തിൻെറ പേരിൽ നമുക്കുള്ള പ്രേമം തെളിഞ്ഞുകാണുമാറാകണം. കാരണം, അവരിൽനിന്നു വിഭിന്നമായ മറെറാരു മനുഷ്യത്വമില്ല"-ചുരുക്കത്തിൽ മാനവസഹോദരന്മാരെ ഭേദഭാവനകൂടാതെ സേവിക്കുകയും സ്നേഹിക്കുകയും അവരുടെ കണ്ണുനീരും കഷ്ടപ്പാടും അകററുകയും ചെയ്യുന്നതിലാണു

യഥാത്ഥമതബോധം കുടികൊള്ളുന്നതു്. ആധുനികയുഗത്തിൻെറ ആദശങ്ങറംക്കു് എത്രമാത്രം ഇണങ്ങിയ ആദരണീയമായ അഭിപ്രായമാണിതെന്നു വിവരിക്കേണ്ടതില്ല. ഈ അഭിപ്രായത്തെ, അടിസ്ഥാനമില്ലാതെ, വാചാലതയിൽ പൊതിഞ്ഞു അനുവാചകരുടെ മുമ്പാകെ വെയ്ക്കുകയല്ല രാധാകൃഷ്ണൻ ചെയ്തതു്. മതഗ്രന്ഥങ്ങളിൽനിന്നു് ഓരോഘട്ടത്തിലും സംശയാതീതമായവിധം അതു് ഉദാഹരണങ്ങളെക്കൊണ്ടും ഉദ്ധാരണങ്ങളെക്കൊണ്ടും സയുക്തികം തെളിയിക്കുകകൂടി ചെയ്തു

ഇംഗ്ലണ്ടിലായിരുന്നപ്പോഠം പണ്ഡിതന്മാർ രാധാകൃഷ്ണൻെറ മുമ്പിൽ മറെറാരപേക്ഷ സമപ്പിച്ചു. ഹിബ്ബട്ട് പ്രസംഗങ്ങറം അക്കൊല്ലം അദ്ദേഹംതന്നെ നിവ്വഹിക്കണമെന്നായിരുന്നു അതു്. രാധാകൃഷ്ണൻ ക്ഷണം സ്വീകരിച്ചു; 1929-ലെ ഹിബ്ബട്ട് പ്രസംഗങ്ങറം ലണ്ടനിലും മാഞ്ചസ്റ്ററിലുമുള്ള സവ്വകലാശാലകളിൽവെച്ചു നടത്തുകയും ചെയ്തു. 'ജീവിതത്തെപ്പററി ഒരാദശവീക്ഷണം' (An idealistic view of life) എന്നതായിരുന്നു പ്രസംഗവിഷയം. അനേകം വിദ്വാന്മാർ ഈ പ്രസംഗങ്ങറം കേഠംക്കുന്നതിന്നു് ലണ്ടനിലും മാഞ്ചസ്റ്ററിലും എത്തിച്ചേന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള വിഖ്യാതതത്വചിന്തകന്മാർ—സേമുവൽ അലക്സാണ്ടർ, ബെർട്രാൻറ് റസ്സൽ, മൂർഹെഡ്ഡ്, മേക്കൻസി, ഇഞ്ചി, ജേക്സ്, ഹെർബെട്ട് സാമുവൽ മുതലായവർ-ഈ പ്രസംഗങ്ങളിലുള്ള ചിന്താസൌ

ന്ദയ്യങ്ങളെ പുകഴ്ത്തി. ഇന്ത്യയിലെ ചിന്തകവയ്യനും മഹാകവിയുമായ രവീന്ദ്രനാഥടാഗോർ ഈ പ്രസംഗങ്ങളെ മാനിച്ചെഴുതി. ഡാക്ടർ രാധാകൃഷ്ണൻ ഈ പ്രസംഗങ്ങാം വഴിയായി കാണിച്ച അസാധാരണവും അത്ഭുതകരവുമായ തത്വോപദേശ്ഗ്രഥനത്തെ എല്ലാ നിരൂപകന്മാരും പ്രശംസിച്ചു. പ്രസംഗങ്ങാംക്കുശേഷം കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു് ലണ്ടൻ സവ്വകലാശാലയിലെ വൈസ് ചാൻസലർ ഇപ്രകാരം പറഞ്ഞു: "ഇക്കാലത്തുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ നിറയെ സംശയങ്ങളും ഭയങ്ങളുമുണ്ടെന്നതു് വാസ്തവമാണു്. എന്നാൽ അവ എങ്ങിനെ അകററാമെന്നു താങ്കാം വ്യക്തമായി കാണിച്ചുതന്നിരിക്കുന്നു. താങ്കാം ഞങ്ങളിൽ ധൈയ്യവും ഭാവിയെപ്പററി പ്രത്യാശകളും വളത്തിയിരിക്കുന്നു. താങ്കളുടെ പ്രസംഗങ്ങാം കോംക്കുവാൻ ഇവിടെയുള്ള വിദ്യാത്ഥികാംക്കു് അവസരം ലഭിച്ചതു് വളരെ നന്നായി. ഇത്രയും വൈഷമ്യമേറിയ ഒരു വിഷയത്തെപ്പററി താങ്കാം നടത്തിയ സരളമായ പ്രതിപാദനം ഞങ്ങളെ വിസ്മയഭരിതരാക്കിയിരിക്കുന്നു. പക്ഷെ മാതൃഭാഷയല്ലാത്ത ഇംഗ്ലീഷിൽ താങ്കാം കാണിച്ച അനന്യാദൃശമായ സ്വാധീനതയും സ്വാമിത്വവും ഞങ്ങളെ കൂടുതൽ അത്ഭുതാധീനരാക്കിയിരിക്കയാണു്. ഇന്ത്യ എല്ലായ്പോഴും മതങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും നിലയനമെന്ന പ്രശംസയ്ക്കു് പാത്രമായിട്ടുണ്ടു്. അത്തരം വിഷയങ്ങളെപ്പററി ഒരു മഹാനായ ഭാരതീയാചായ്യൻ പ്രതിപാദിക്കുന്നതു് കോംക്കാൻ സാധിച്ചതിൽ ഞങ്ങാംക്കു് പ്രത്യേകസുഖം

തോന്നുന്നു''—വൈസ്ചാൻസലരുടെ ഈ പ്രശംസാവചനങ്ങളിൽനിന്നു രാധാകൃഷ്ണൻെറ പ്രസംഗചാതുര്യം നമുക്കു ഗ്രഹിക്കാൻ കഴിയും; ആ പ്രസംഗങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ എത്രമാത്രം ആഴത്തിൽ പതിഞ്ഞുവെന്ന വാസ്തവവും!.

1932-ൽ ഹിബ്ബട്ട് പ്രസംഗങ്ങൾ പുസ്തകരൂപത്തിൽ പ്രസംഗവിഷയത്തിൻെറ പേരിൽതന്നെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഡോക്ടർ രാധാകൃഷ്ണൻെറ ഗ്രന്ഥങ്ങളിൽവെച്ച് ഏററവും പ്രധാനമായതു് ഇതാണെന്നു പറയാം. മതചിന്തയിൽ അദ്ദേഹം നല്കിയ ഒരു പുതുസംഭാവനയാണ് ഈ പുസ്തകത്തിൽ കാണുന്നതു്. രാധാകൃഷ്ണൻെറ ചിന്താപാടവം തികച്ചും സ്വകീയമായ ശോഭയിൽ ഈ പുസ്തകത്തിൽ പ്രകാശിതമായിരിക്കുന്നു. തത്വശാസ്ത്രത്തിലെ ചില ആത്യന്തികപ്രശ്നങ്ങളെപ്പററി ആ തത്വചിന്തകനുള്ള അഭിപ്രായങ്ങൾക്കും ഈ പുസ്തകം പ്രാതിനിധ്യം വഹിക്കുന്നു. ബുദ്ധിപരമായി ഈ ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വികാസത്തെയും അതിൻെറ പശ്ചാത്തലത്തിൽ സാമൂഹ്യജീവിതത്തിന്നും മതാചരണങ്ങൾക്കും വന്നുചേൎന്നിട്ടുള്ള മാററങ്ങളേയും പരിഗണിച്ചുകൊണ്ടാണ് രാധാകൃഷ്ണൻ വിഷയപ്രതിപാദനം നിൎവ്വഹിച്ചിട്ടുള്ളതു്. അതിനാൽ മതത്തെയും തത്വചിന്തയെയും ആധുനികപരിതഃസ്ഥിതികളുമായിണക്കി യാഥാൎത്ഥ്യബോധത്തോടെ സമീപിക്കുവാൻ അദ്ദേഹത്തിന്നു് സാധിച്ചു. പഴയ വിലക്കുനിയമങ്ങളുടെ

വലയത്തിൽ മതത്തെയും തത്വശാസ്ത്രത്തെയും അടക്കി നിൎത്തുവാൻ ഇന്നു സാദ്ധ്യമല്ല. മനുഷ്യന്റെ മനസ്സ് വിലക്കുനിയമങ്ങളെ വെറുതെ ആദരിക്കുന്നില്ല. അവയുടെ ആവശ്യകത ചോദ്യംചെയ്യപ്പെടുന്നു. ജീവിതത്തിന്റെ ആഴത്തിൽ ബുദ്ധി ചുഴിഞ്ഞുചെല്ലുന്നു. യാഥാൎത്ഥ്യത്തിന്നുമുമ്പാകെ കെട്ടിത്തൂക്കിയിട്ട വെളിയടകൾ വലിച്ചുമാററപ്പെടുന്നു. ജീവിതത്തിന്നും സത്യത്തിന്നും ധാൎമ്മികതയ്ക്കും ഒഴിച്ചുകൂടാത്ത ലളിതനിയമങ്ങൾ ഏതെല്ലാമെന്നു മാനവമനസ്സ് അന്വേഷിക്കുന്നു. ആ അന്വേഷണത്തിന്നു് തൃപ്തികരമായ ലക്ഷ്യങ്ങൾ കാണിച്ചുകൊടുക്കാനുള്ള കഴിവും കരുത്തും തത്വശാസ്ത്രത്തിന്നുണ്ടായിരിക്കണം. കേവലം ലൌകികജ്ഞാനംകൊണ്ടുള്ള ലക്ഷ്യപ്രാപ്തി ഈ അന്വേഷണത്തിൽ സാദ്ധ്യമല്ല. ആധുനികപരിഷ്കാരം പ്രധാനമായും അനാത്മീയമാണു്; പരിഷ്കാരത്തിൽ ആത്മാവു നഷ്ടപ്പെട്ടുപോയിരിക്കുന്നു. ആ ആത്മാവു് മനുഷ്യന്നു വീണ്ടും കിട്ടുവാൻ മതവും തത്വചിന്തയും സഹായിക്കണം. അതിന്നുപററിയ, ശക്തിസഹമായ, പുതിയ ഊൎജ്ജസ്വലതയുള്ള, ഒരു മതബോധത്തെയാണു് നാം വികസിപ്പിക്കേണ്ടതു്. എന്നാൽ മതത്തിന്നു് യാഥാൎത്ഥ്യങ്ങൾ അഭിമുഖീകരിക്കാൻ കഴിയും. പൊതുവെ അദ്ധ്യാത്മകാൎയ്യങ്ങളിൽ അങ്ങിനെ ഒരു സുനിശ്ചിതത്വം വളൎത്തുവാൻ ശരിക്കുള്ള ആത്മീയജ്ഞാനം നമുക്കുണ്ടായിരിക്കേണ്ടതാണു്. ആത്മജ്ഞാനം തൎക്കാതീതമാകുന്നു. തൎക്കത്തിന്നോ യുക്തിക്കോ

പരമപ്രാധാന്യം നല്കുന്നതു് ശരിയല്ല. ആത്മജ്ഞാനം കൊണ്ടു് യാഥാർത്ഥ്യത്തെ നേരിട്ടറിയുകയും അനുഭവപ്പെടുത്തുകയും ചെയ്യുന്നതിൽനിന്നു് അതിൻെറ അന്യാദൃശമാഹാത്മ്യവും പ്രാധാന്യവും മനസ്സിലാക്കാവുന്നതാണു്. യുക്തിക്കു് അതിൻെറ പരിമിതികളുണ്ടു്. ഹെഗൽ മുതലായ തത്വശാസ്ത്രജ്ഞന്മാർ യുക്തിക്കും ബുദ്ധിക്കും പരമപ്രാധാന്യം നല്കുന്നതു് തെററാണെന്നും യാഥാർത്ഥ്യങ്ങളെ നേരിട്ടറിയാനുപകരിക്കുന്ന ആത്മജ്ഞാനത്തിനുതന്നെയാണു് പ്രാധാന്യമെന്നും ഭാരതീയദാർശനികന്മാരും പ്ലേറേറാ, പോളിനസ്സ് പോഠം, അഗസ്തിൻ, ലൂതർ, പാസ്കൽ മുതലായ പാശ്ചാത്യചിന്തകന്മാരും ക്രാന്തദർശിത്വത്തിനു് പ്രാധാന്യം നല്കുന്നതിൽ ഒരേ അഭിപ്രായക്കാരാണെന്നും രാധാകൃഷ്ണൻ സമർത്ഥിച്ചു. ലോകം പക്ഷേ യുക്തിക്കു് അതീതമാണെന്നും പറഞ്ഞുകൂടാ. ആന്തരമായ ആത്മീയജ്ഞാനംകൊണ്ടും അന്തർദൃഷ്ടികൊണ്ടും മാത്രമേ പ്രപഞ്ചത്തിനു പിന്നിലുള്ള യാഥാർത്ഥ്യത്തെ പൂർണ്ണമായും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. സ്വാർത്ഥബുദ്ധിയുടെ പരിത്യാഗത്തിൽ നിന്നാണു്, അഹംബുദ്ധിയുടെ അഭാവത്തിൽനിന്നാണു്, ആത്മീയോത്തേജനം ലഭിക്കുക. യുക്തിയും ആത്മീയശോഭയും യോജിച്ചു് ആത്മതൃപ്തിയും ക്രാന്തദർശനവും ഉണ്ടായവർക്കുമാത്രമേ ഈ ലോകത്തിൽ ത്യാഗമോഹനതകൊണ്ടു് ആധുനികകാലങ്ങളുടെ ദോഷങ്ങളെ പരിഹരിക്കാനുതകുന്ന ഒരു പുതിയ മനുഷ്യസമുദായത്തെ സൃഷ്ടിക്കുവാനും സാ

ധിക്കുകയുള്ളൂ. അങ്ങിനെ ഒരു സമുദായത്തിൻെറ ആവിർഭാവത്തിൽ മാത്രമേ, സ്വയം പരിത്യാഗത്തിൽ വികസിക്കുന്ന സമ്മോഹനതയിൽക്കൂടി മാത്രമേ, ഈശ്വരൻെറയും പ്രേമത്തിൻെറയും ധർമ്മത്തിൻെറയും സദാചാരത്തിൻെറയും വാഴ്ച ലോകത്തിൽ ഉണ്ടാവുകയുമുള്ളൂ. എല്ലാ ആത്മാക്കളും നവലോകസൃഷ്ടിയിൽ തങ്ങൾക്കുള്ള കർത്തവ്യങ്ങൾ മനസ്സിലാക്കേണ്ടതാണ്—ഈ വിധത്തിലായിരുന്നു ഡാക്ടർ രാധാകൃഷ്ണൻ ജീവിതത്തിലുള്ള തൻെറ ആദർശവീക്ഷണം വ്യക്തമാക്കിയത്.

മററെല്ലാററിനും മേലെ ഒരു മഹാസത്യത്തെ ആത്തവേദി തൻെറ ഗ്രന്ഥത്തിൽ ഉയർത്തിക്കാണിച്ചു. മതവും തത്വശാസ്ത്രവും ഐഹികജീവിതവുമായി അത്രതന്നെ ബന്ധപ്പെട്ടതല്ലെന്നും പ്രത്യേകിച്ചും ഭാരതത്തിൽ അങ്ങിനെയാണെന്നുമുള്ള അബദ്ധധാരണ തിരുത്തി. മനുഷ്യജീവിതം മനോഹരവും പ്രകാശമാനവുമാക്കുവാൻ തത്വചിന്ത ഉപകരിക്കണമെന്നും അങ്ങിനെ ഉപകരിക്കണമെന്ന് ആചാര്യന്മാർ നിസ്സന്ദേഹം പറഞ്ഞിട്ടുണ്ടെന്നും രാധാകൃഷ്ണൻ വ്യക്തമാക്കി. മാത്രമല്ല, യുക്തിയും ആത്മജ്ഞാനവും ഒത്തിണങ്ങി ഒരു പുതിയ മാനവസമുദായത്തെ സൃഷ്ടിക്കുന്നതിൽ സഹായിക്കണമെന്നും ലൌകികകാര്യങ്ങളിൽ ഐശ്വരബന്ധമില്ലെന്ന വാദം നിരർത്ഥകമാണെന്നും അദ്ദേഹം വിശദമാക്കി. ഇപ്രകാരം രാധാകൃഷ്ണൻ തൻെറ പുസ്തകം മുഖേന ജീവിതത്തെപ്പററി അത്യന്തം ഉപ

കാരപ്രദമായ ഒരു നൂതനവീക്ഷണമാണ് തത്വചിന്തയിൽക്കൂടി അവതരിപ്പിച്ചതു്. ആധുനികലോകത്തിന്റെ സ്ഥിതിഗതികളിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഒരിക്കലും അപ്രായോഗികമല്ല; മാത്രമല്ല, ഒരു ആദശസമുദായം സൃഷ്ടിക്കുവാനും സാമൂഹ്യോൽത്തേജനം വളത്തുവാനും ഉള്ള വ്യക്തമായ ഉത്തരവാദിത്വം ആ വീക്ഷണത്തിൽ തെളിഞ്ഞുകാണുന്നുണ്ടു്.

രാധാകൃഷ്ണൻ ഇംഗ്ലണ്ടിൽവെച്ചു നടത്തിയ പ്രസംഗപരമ്പരകൾ തത്വചിന്തകലോകത്തിന്റെ സത്വരശ്രദ്ധ ആകഷിച്ചതിൽ അതിനാൽ അത്ഭുതപ്പെടേണ്ടതില്ല. അദ്ദേഹത്തിന്റെ ചിന്താമണ്ഡലം പ്രകാശപരിവേഷത്തോടെ പരിലസിച്ചു.

അഞ്ചാം അദ്ധ്യായം

വൈസ്-ചാൻസലർ

കീൎത്തിപതാക പറപ്പിച്ചുകൊണ്ടു് രാധാകൃഷ്ണൻ അട്ടത്തകൊല്ലം സ്വരാജ്യത്തേയ്ക്കു മടങ്ങി.

കല്ക്കത്താസർവ്വകലാശാലയിലെ അന്തേവാസികളും ആചാൎയ്യന്മാരും അഭിമാനത്തോടും ആദരവോടും കൂടിയാണു് അദ്ദേഹത്തെ സ്വീകരിച്ചതു്. രാധാകൃഷ്ണൻ ഭാരതീയതത്വചിന്തയ്ക്കു് തെളിവും കാന്തിയും വളൎത്താൻ സഹായിച്ചതിൽ അവർ സന്തുഷ്ടരായി.

കല്ക്കത്താസർവ്വകലാശാല അദ്ദേഹത്തിന്നു് ഒരപൂൎവ്വ ബഹുമതി നല്കി. കരാറനുസരിച്ചു പ്രൊഫസർസ്ഥാനം തുടരാനുള്ള കാലം അവസാനിച്ചുവെങ്കിലും അവർ അദ്ദേഹത്തെ ആ സർവ്വകലാശാലയിൽ ആയുഷ്ക്കാലം മുഴുവൻ പ്രൊഫസറാക്കി നിയമിച്ചു.

പ്രൊഫസർ രാധാകൃഷ്ണൻ എന്ന പേർ വിശ്രുതമായി. ഭാരതീയതത്വശാസ്ത്രത്തെ സമൎത്ഥമായി വ്യാഖ്യാനിക്കുകയും വിവരിക്കുകയും ചെയ്ത അദ്ദേഹത്തിൻെറ സേവനങ്ങളെ ഇന്ത്യയിലെ ഭരണപുരുഷന്മാരും ആദരിച്ചു 'സർ' എന്ന ബഹുമതിസ്ഥാനം അദ്ദേഹത്തിന്നു നല്കപ്പെട്ടു.

രാധാകൃഷ്ണനു് ഏറെനാൾ കല്ക്കത്തയിൽ പ്രൊഫസറായി തുടരുവാൻ സാദ്ധ്യമായില്ല. സ്വദേശമായ ആന്ധ്ര

യിൽനിന്നു് അദ്ദേഹത്തിൻെറ സേവനങ്ങൾ ആവശ്യപ്പെട്ടു് ഒരു സന്ദേശം ലഭിക്കുകയുണ്ടായി. ആ സന്ദേശത്തെ അവഗണിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. ആന്ധ്രയുടെ അഭിവൃദ്ധിയിൽ അതിന്നു് അത്രമാത്രം പ്രാധാന്യമുണ്ടായിരുന്നു. ഒരു വ്യക്തിയെയല്ല, ഒരു സ്ഥാപനത്തെ, സ്വദേശത്തിൻെറ അഭിവൃദ്ധിയെ, സമഗ്രമായി ബാധിക്കുന്ന ആവശ്യം ആ സ്വരാജ്യസ്നേഹി തള്ളിക്കളയുന്നതെങ്ങിനെ?

ആന്ധ്രാജനതയുടെ ചിരകാലപ്രതീക്ഷ നിറവേററിക്കൊണ്ടു് 1926-ൽ ആന്ധ്രാ സവ്വകലാശാല രൂപം പ്രാപിച്ചിരുന്നു. നാലുവഷങ്ങളോളം അതു് ബിരുദധാരികളെ പുറത്തേക്കയക്കുകയും ചെയ്തു. രാധാകൃഷ്ണനെപ്പോലെ വിദ്യാഭ്യാസരംഗത്തിലും തത്വചിന്താലോകത്തിലും പ്രശസ്തനായ ഒരാളെ സർവ്വകലാശാലയ്ക്കു് വൈസ്ചാൻസലരായി ലഭിക്കുന്നപക്ഷം ആ സ്ഥാപനത്തിന്നു് സർവ്വതോഭദ്രമായ അഭിവൃദ്ധിയും പ്രശസ്തിയും അനായാസേന എത്തിച്ചേരുമെന്നു സർവ്വകലാശാലയുടെ അധികൃതന്മാക്കു തോന്നി. കീത്തിനേടിയ സർവ്വകലാശാലകളുമായി അടുത്ത പരിചയം നേടിയ സ്വദേശീയനായ രാധാകൃഷ്ണനെപ്പോലെ അത്രയ്ക്കും പററിയ മറെറാരാളെ അവക്കു തിരഞ്ഞെടുക്കാൻ കഴിയുമോ? ആന്ധ്രാ സർവ്വകലാശാലയിലെ വൈസ്ചാൻസലർ പദവി സ്വീകരിക്കണമെന്നു് സെനററു് ഏകകണ്ഠമായി രാധാകൃഷ്ണനോടപേക്ഷിച്ചു.

ഒരു വൈസ്ചാൻസലരായിരിക്കാനുള്ള എല്ലാ യോഗ്യതകളും രാധാകൃഷ്ണനുണ്ടായിരുന്നു. വൈദഗ്ദ്ധ്യത്തിൽ അദ്ദേഹം അദ്വിതീയനായിരുന്നു. കൂടാതെ മാനസികപരിഗണനകൾക്കനുസരിച്ചു വിദ്യാൎത്ഥികളോടും യഥാനുസാരം പെരുമാറി നേതൃത്വം പുലൎത്താൻ ആ പണ്ഡിതപ്രവരന്നു കഴിയുമെന്നതും അനുഭവപ്പെട്ട ഒരു വാസ്തവമായിരുന്നു. പഴയതും പുതിയതുമായ രീതികളിൽ നടത്തിവന്ന സൎവ്വകലാശാലകളിലെ പ്രവൎത്തനങ്ങൾ ആ വിദ്യാബന്ധുവിന്നു സുപരിചിതവുമായിരുന്നു. രാധാകൃഷ്ണനെപ്പോലെ യോഗ്യത നേടിയ ഒരാളെ ലഭിക്കുന്നതു് ഏതു സൎവ്വകലാശാലയ്ക്കും പ്രശസ്തിയും പ്രാമാണ്യവും നല്കാൻ ഉപകരിക്കുമെന്നതിൽ സംശയമുണ്ടായിരുന്നില്ല.

രാധാകൃഷ്ണൻ സ്വദേശീയരുടെ സ്നേഹപൂൎവ്വമായ ക്ഷണം സ്വീകരിച്ചു്, പുതിയ ഉദ്യോഗം വഹിക്കുന്നതിന്നായി കല്ക്കത്തയിൽനിന്നു് ആന്ധ്രാ സർവ്വകലാശാലയുടെ ആസ്ഥാനമായ വാൾട്ടയറിൽ എത്തിച്ചേൎന്നു. 1931 മുതൽ 1936 വരെ അദ്ദേഹം ആന്ധ്രാ സൎവ്വകലാശാലയ്ക്കുവേണ്ടി നിർവ്വഹിച്ച സേവനങ്ങൾ സാദരപ്രശംസ അൎഹിക്കുന്നവയാണു്. വിദ്യാൎത്ഥികളിൽ വിദ്യാഭ്യാസത്തിന്നു് യഥാൎത്ഥതാല്പൎയ്യം വളൎത്തുവാൻ അദ്ദേഹത്തിന്നു സാധിച്ചു. മഹത്വത്തിന്റെ ശക്തിയിൽ അദ്ദേഹം വിദ്യാൎത്ഥികളുടെ ഹൃദയങ്ങൾ ഉണൎത്തി. വിദ്യാൎത്ഥികളുടെ സംഖ്യ അനുക്രമമായി അധികരിച്ചു. വൈസ്ചാൻസലരുടെ കീൎത്തിയും കാ

ര്യങ്ങൾ നടത്തുന്നതിലുള്ള സാമത്ഥ്യവും പല വിദ്യാത്ഥികളെയും വാറ്ട്ടയറിലേയ്ക്ക് ആകഷിച്ചു. വിദ്യാത്ഥികളുടെ ഹോസ്റ്റൽജീവിതത്തിൽ പുതിയൊരു ചൈതന്യത്തിൻെറ അലകൾ പരന്നു. സമാജങ്ങളും ക്ലബ്ബുകളും വളൻറു. അപ്രകാരംതന്നെ കായികവിനോദങ്ങളിലും അവക്ക് ഊജ്ജസ്വലമായ താല്പയ്യം വളത്തുവാൻ വൈസ് ചാൻസലർ ശ്രദ്ധപതിപ്പിച്ചു. ആന്ധ്രാ സർവ്വകലാശാലയുടെ തലവനെന്ന നിലയിൽ രാധാകൃഷ്ണൻ ആ സ്ഥാപനത്തിന്നു അഭൂതപൂർവ്വമായ പുരോഗതിയാണു ഉണ്ടാക്കിയതു്.

1931 മുതൽ സർവ്വരാജ്യസംഘ (League of Nations) വുമായി സഹകരിച്ചു പ്രവത്തിക്കാനുള്ള സന്ദഭം രാധാകൃഷ്ണനു സിദ്ധിച്ചു. വിവിധരാജ്യങ്ങളിൽനിന്നുള്ള ധിഷണാശാലികൾക്ക് ഒത്തുചേൻറു പ്രശ്നങ്ങൾ ചച്ചചെയ്യാനും ലീഗിൻെറ പരിപാടികൾ മുന്നോട്ടുകൊണ്ടുപോകാനുള്ള പദ്ധതികൾ ആസൂത്രണംചെയ്യുവാനും സർവ്വരാജ്യസമിതിക്ക് ഒരു സംഘടനയുണ്ടായിരുന്നു. ബുദ്ധിപരമായ സഹകരണത്തിന്നുവേണ്ടി രൂപവൽക്കരിക്കപ്പെട്ട ഒരു കമ്മിററി ആ പരിപാടിയനുസരിച്ചു പ്രവത്തിച്ചുവന്നു. മററു രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളോടൊപ്പം ഈ കമ്മിററിയിൽ ഇന്ത്യയുടെ പ്രാതിനിധ്യം വഹിച്ച് ഒരംഗമായിരിക്കുന്നതിന്നു സർവ്വരാജ്യസംഘടന രാധാകൃഷ്ണനെ ക്ഷണിച്ചു. രാധാകൃഷ്ണൻ അനുകൂലമായ മറുപടി നല്കി. ഈ കമ്മിററിയിൽ 1931 മുതൽ

1939 വരെ അദ്ദേഹം ഒരംഗമായിരുന്നു. കൊല്ലംതോറും കമ്മിററിയുടെ യോഗം നടത്തിവന്നതു് സർവ്വരാജ്യ സമിതിയുടെ തലസ്ഥാനമായ ജനീവയിൽവെച്ചാണു്. അതിനാൽ രാധാകൃഷ്ണന്നു് പ്രതിവഷം ജനീവയിലേയ്ക്കു പോകേണ്ടിവന്നു. കമ്മിററിയിലെ ഒരംഗമെന്നനിലയ്ക്കുള്ള തന്റെ കത്തവ്യങ്ങറം അദ്ദേഹം ഭംഗിയായി നിറവേററുകയും ചെയ്തു. വിശ്വവിശ്രുതരായ ചിന്തകന്മാരും ഗ്രന്ഥകാരന്മാരുമായി രാധാകൃഷ്ണൻ ഈ കമ്മിററിമുഖേന പരിചയംനേടി. പാണ്ഡിത്യത്തിലും കലകളിലും പാശ്ചാത്യരേയും പൌരസ്ത്യരേയും അടുപ്പിക്കേണ്ടതാണെന്നു രാധാകൃഷ്ണൻ വിശ്വസിച്ചിരുന്നു. അതിന്നനുസരിച്ചു പൌരസ്ത്യരും പാശ്ചാത്യരുമായ പണ്ഡിതന്മാർതമ്മിൽ സ്നേഹവും സഹകരണവും വളത്തുവാൻ അദ്ദേഹം ആവുംവിധമെല്ലാം പരിശ്രമിച്ചു. വിവിധരാജ്യങ്ങളിലെ പണ്ഡിതന്മാരുമായി ഇടപെടുന്നതിന്നു് ലീഗ്കമ്മിററിയിലെ അംഗത്വംകൊണ്ടു സിദ്ധിച്ച അവസരം ഈ പരിശ്രമത്തിന്നു് വളരെ സഹായകമായി.

ഇന്ത്യയിൽ പലേടങ്ങളിൽനിന്നും പ്രസംഗങ്ങറം നടത്താനുള്ള ക്ഷണങ്ങറം രാധാകൃഷ്ണന്നു കിട്ടിക്കൊണ്ടിരുന്നു. നിരവധി വിദ്വത്സദസ്സുകളെ അഭിമുഖീകരിച്ചു് അദ്ദേഹം പ്രസംഗിച്ചു. ബിരുദദാനപ്രസംഗങ്ങറം എത്രയോതവണ നടത്തി. ആന്ധ്റാ, മൈസൂർ, ലക്നോ, നാഗപ്പൂർ, അലഹബാദ് എന്നിവിടങ്ങളിലെ സർവ്വകലാശാലകളിലെല്ലാം രാധാകൃഷ്ണൻ

ബിരുദദാനപ്രസംഗങ്ങൾ നടത്തിട്ടുണ്ട്. വിദ്യാർത്ഥികൾ നിരാശാഭരിതരാകാതെ ജീവിതത്തിൽ പ്രസന്നവീക്ഷണം പുലർത്തണമെന്നും നീതി, സത്യം, മര്യാദ, ത്യാഗബോധം മുതലായ ഗുണങ്ങൾ വളർത്തണമെന്നും അദ്ദേഹം ഈ പ്രസംഗങ്ങളിൽ ഉപദേശിച്ചു.

ആറാം അദ്ധ്യായം

ഓക്സ്ഫോർഡ് പ്രൊഫസർ

1936-ൽ ഓക്സ്ഫോഡിൽനിന്നു് രാധാകൃഷ്ണന്ന വീണ്ടും ഒരു ക്ഷണം വന്നെത്തി.

ഒരു മാന്യസ്ഥാനം അലങ്കരിക്കാനുള്ള ക്ഷണമായിരുന്നു അതു് — ഇന്ത്യക്കാരിൽ ആക്കംതന്നെ മുമ്പു ലഭിക്കാഞ്ഞ ഒരു ബഹുമതി!

പൌരസ്ത്യമതങ്ങളും സദാചാരശാസ്ത്രങ്ങളും പഠിപ്പിക്കാൻവേണ്ടി ഒരു പുതിയ പ്രൊഫസർ പദവി ഓക്സ്ഫോഡിൽ സൃഷ്ടിക്കുന്നതിന്നു് തദധികൃതന്മാർ തീരുമാനിച്ചു. ഓക്സ്ഫോഡിലെ ഈ പ്രൊഫസർ സ്ഥാനം സ്വീകരിക്കുവാൻ അവർ രാധാകൃഷ്ണനോടു് അപേക്ഷിക്കുകയും ചെയ്തു.

ഓക്സ്ഫോഡിലേയ്ക്കു് പുറപ്പെടുന്നതിന്നു മുമ്പായി ആന്ധ്റാസവ്വകലാശാലയിലെ വൈസ്ചാൻസലരുദ്യോഗം രാധാകൃഷ്ണൻ രാജിവെച്ചു. പക്ഷെ കല്കത്താസവ്വകലാശാലയിലെ പ്രൊഫസരുദ്യോഗം അദ്ദേഹം കൈവെടിഞ്ഞില്ല. വിദ്യാഭ്യാസവഷത്തിലെ മൂന്നു കാലവിഭാഗങ്ങളിൽ ഒന്നിൽ കല്കത്തയിലും രണ്ടെണ്ണങ്ങളിൽ ഓക്സ്ഫോഡിലും പ്രൊഫസരുദ്യോഗം വഹിക്കാനുള്ള സൌകയ്യമുണ്ടായിരുന്നു. ആ നിലയ്ക്കു് ഓക്സ്ഫോഡിലും കല്കത്തയിലുമായി അദ്ധ്യാ

പനസേവനം നിർവ്വഹിക്കാമെന്നു് അദ്ദേഹം തീരുമാനിച്ചു.

രാധാകൃഷ്ണൻ ഓക്സ്ഫോഡിൽ പ്രൊഫസരായി പോകുന്നുവെന്ന വാർത്ത അദ്ദേഹത്തിൻെറ സുഹൃത്തുക്കളെ മാത്രമല്ല ഇന്ത്യയിലെ സംസ്കാരപ്രേമികളെ മുഴുവൻ സന്തോഷിപ്പിച്ചു. ഏഷ്യൻ രാജ്യങ്ങളിലുള്ള യാതൊരാൾക്കും അതുവരെ ലഭിക്കാഞ്ഞ ഒരപൂർവ്വബഹുമതിയായിരുന്നു അതു്. രാജ്യത്തിൻെറ പലഭാഗങ്ങളിലും രാധാകൃഷ്ണനെ മാനിക്കുവാനായി അനുമോദനയോഗങ്ങളും യാത്രയയപ്പു യോഗങ്ങളും നടക്കുകയുണ്ടായി. കവികളുടെയും പ്രബന്ധകാരന്മാരുടെയും നോവലെഴുത്തുകാരുടെയും ഒരു ലോകസംഘടനയായ പി. ഇ. എൻ. സമാജത്തിൻെറ ഇന്ത്യൻ ശാഖ ബോമ്പായിൽവെച്ചു നടത്തിയ യോഗം ഈ അവസരത്തിൽ പ്രസ്താവ്യമാണു്. പേർ പുകഴ്ന്ന പല സാഹിത്യകാരന്മാരും ഈ യോഗത്തിൽവെച്ചു രാധാകൃഷ്ണനു് യാത്രയിൽ മംഗളവും ഉദ്യോഗത്തിൽ അഭ്യുദയവും നേൎന്നു. ഉപാദ്ധ്യക്ഷനെന്ന നിലയ്ക്കു് രാധാകൃഷ്ണൻ പി. ഇ. എൻ. ഇന്ത്യൻ ശാഖയ്ക്കു് നല്കിയ സേവനങ്ങളെ അവർ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു. രാധാകൃഷ്ണൻ തനിയ്ക്കു സമർപ്പിച്ച ആശംസകൾക്കു് സമുചിതമായി മറുപടിപറഞ്ഞു. അദ്ദേഹം കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗം ഹൃദയത്തെ ഇളക്കാൻ പര്യാപ്തമായിരുന്നു. വിനയം വിദ്വാൻെറ വിശിഷ്ടഭൂഷണമാണെന്ന തത്വം ആ മറുപടിയിൽനി

ന്നു തെളിഞ്ഞു. ഇന്ത്യയുടെ തത്വചിന്താമഹത്വം ഇംഗ്ലണ്ടിലുള്ളവരെ ധരിപ്പിക്കാൻ സർവ്വഥാ പ്രാപ്തി തികഞ്ഞ ഒരു സഹൃദയപണ്ഡിതനാണു് അദ്ദേഹമെന്നു് എല്ലാവക്കും തോന്നി.

അങ്ങിനെതന്നെയായിരുന്നു ഓക്സ്ഫോഡിൽ രാധാകൃഷ്ണൻ പാശ്ചാത്യരെ ആകർഷിച്ചതു്. സംസ്കാരമഹിമയുള്ള ഇന്ത്യയുടെ ഒരുത്തമസന്താനമെന്ന ബഹുമതി അദ്ദേഹം ആർജ്ജിച്ചു. ഓക്സ്ഫോഡിലെ പ്രൊഫസർസ്ഥാനം ചിന്തകലോകത്തിന്നു് ഒരു പ്രശസ്തപുസ്തകം സമ്മാനിക്കാനും ഇടയാക്കി. അവിടെ നടത്തിയ പ്രസംഗങ്ങൾ സമാഹരിച്ചു്, "പൌരസ്ത്യമതങ്ങളും പാശ്ചാത്യചിന്തയും" (Eastern Religions and Western Thought) എന്ന പേരിൽ രാധാകൃഷ്ണൻ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. പൌരസ്ത്യമതതത്വങ്ങളും ചിന്തകളും പാശ്ചാത്യചിന്തയിൽ എത്രമാത്രം സ്വാധീനത ചെലുത്തിട്ടുണ്ടെന്നു് ഈ പുസ്തകത്തിൽ വ്യക്തമായി പ്രതിപാദിച്ചിരുന്നു. പാശ്ചാത്യവും പൌരസ്ത്യവുമായ ചിന്താഗതികൾ തമ്മിൽ സംബന്ധമില്ലെന്നു് പലക്കുമുണ്ടായിരുന്ന തെററായ ധാരണ പരിഹരിക്കാൻ ഈ പുസ്തകം സഹായിച്ചു. ഉപനിഷത്തുകളിൽ പ്രതിപാദിക്കപ്പെട്ട ആത്മജ്ഞാനതത്വം പാശ്ചാത്യതത്വചിന്തയിൽ അനുസ്യൂതമായ പ്രേരകശക്തിയായിത്തീൎന്നുവെന്നു് രാധാകൃഷ്ണൻ തെളിയിക്കുകയുണ്ടായി. യവനതത്വചിന്തകന്മാരായ പൈത്തഗോറസ്സ്, പ്ലേറോ എന്നിവർതൊട്ടു് ആധുനിക

കാലത്തുള്ള പാശ്ചാത്യചിന്തകന്മാർ വരെ ഔപനിഷദതത്വങ്ങളുടെ പ്രേരണയ്ക്കു് വശംവദരായിട്ടുണ്ടെന്നു് രാധാകൃഷ്ണൻ സമർത്ഥിച്ചു. വളരെ ആദരവോടുകൂടിയാണു് നിരൂപകലോകം ഈ പുസ്തകത്തെ സ്വീകരിച്ചതു്. ടൈംസ് പത്രത്തിലെഴുതിയ നിരൂപണത്തിൽ, 'പാശ്ചാത്യപരിഷ്കാരത്തിലെ ഒരു വഴിതിരിവാണു് ഈ പുസ്തകം കുറിക്കുന്നതു്'' എന്നു് പ്രസ്താവിച്ചിരുന്നു. "ഒരു സുദുർല്ലഭമനസ്സിൽനിന്നുണ്ടായ സുദുർല്ലഭമായ പുസ്തകം'' എന്നു മറ്റൊരു നിരൂപകൻ ഈ ഗ്രന്ഥത്തെ പ്രശംസിച്ചു.

ഓക്സ്ഫോഡിൽ പ്രൊഫസരായിരിക്കുമ്പോഴും പ്രസംഗങ്ങളും നടത്തുവാൻവേണ്ടി പല സ്ഥാപനങ്ങളും രാധാകൃഷ്ണനെ ക്ഷണിച്ചു. ബ്രിട്ടീഷ് അക്കാഡമിയൽ 'മാസ്റ്റർ മൈൻഡ്'' എന്ന പേരിൽ ഒരു പ്രസംഗപരമ്പര ഏർപ്പെടുത്തിയിരുന്നു. 1938-ൽ ഈ പ്രസംഗം നടത്താൻവേണ്ടി ഭാരവാഹികൾ രാധാകൃഷ്ണനെ ക്ഷണിച്ചു; അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തു. 'ഗൌതമബുദ്ധ'നെപ്പററി പ്രസംഗിക്കാനാണു് രാധാകൃഷ്ണൻ തീരുമാനിച്ചതു്. 1938 ജൂൺ മാസത്തിൽ പ്രസംഗം നടന്നു. പ്രസംഗം കേട്ടവൎക്കെല്ലാം രാധാകൃഷ്ണനെപ്പററിയുണ്ടായ മതിപ്പ് എത്രയും ഉയൎന്നതായിരുന്നു. പ്രസംഗത്തിൻെറ വിദഗ്ദ്ധമായ അവതരണവും വിഷയപ്രതിപാദനവും സദസ്യരുടെ ശ്രദ്ധയെ അത്രയേറെ ആകൎഷിച്ചു.

പ്രസിദ്ധിയും സുസമ്മതിയും ആജ്ജിച്ച പണ്ഡിത ശ്രേഷ്ഠന്മാരാണു് ബ്രിട്ടീഷ് അക്കാഡമിയിൽ അംഗങ്ങളായുള്ളതു്. അന്നു് ഇന്ത്യക്കാരായ ആരുംതന്നെ ആ സംഘത്തിൽ അംഗമായിരുന്നില്ല. 1939_ൽ രാധാകൃഷ്ണൻ ബ്രിട്ടീഷ് അക്കാഡമിയിൽ ഒരു 'ഫെലോ' ആയി തിരഞ്ഞെടുക്കപ്പെട്ടു. അഭിപ്രായഭേദം കൂടാതെയാണു് ഐകകണ്ഠ്യേന അദ്ദേഹത്തിൻെറ അംഗത്വം സ്വീകരിക്കപ്പെട്ടതു്. ബ്രിട്ടീഷ് അക്കാഡമിയിലെ 'ഫെലോ' എന്ന അപൂവ്വബഹുമതി ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരൻ രാധാകൃഷ്ണനാകുന്നു. ഇന്ത്യയുടെ സംസ്കാരമഹിമയ്ക്കും ബുദ്ധിവിലാസത്തിനും അതു് അഹ്മായ ഒരംഗീകരണമായി അനുഭവപ്പെട്ടു.

'പൌരസ്ത്യമതങ്ങളും പാശ്ചാത്യചിന്തയും' എന്ന പുസ്തകം 1939_ലാണു് രാധാകൃഷ്ണൻ പ്രസിദ്ധീകരിച്ചതു്. ഈ കൊല്ലത്തിൽതന്നെ അദ്ദേഹം മഹാത്മജിയെ സംബന്ധിച്ചുള്ള ഒരു പുസ്തകവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഗാന്ധിജിയുടെ ജീവിതത്തെയും പ്രവത്തനങ്ങളെയും പററി ലോകത്തിലുള്ള പ്രസിദ്ധചിന്തകന്മാരും ലേഖകന്മാരും എഴുതിയ പ്രബന്ധങ്ങളുടെ ഒരു സമാഹാരമായിരുന്നു ഈ പുസ്തകം. നാനാരാജ്യങ്ങളിലും നാനാകമ്മങ്ങളിലുമുള്ളവർ എഴുതിയ ലേഖനങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെട്ടിരുന്നു. ഈ ലേഖനങ്ങൾ സമ്പാദിച്ചു്, യഥാസ്ഥാനം സംവിധാനം ചെയ്തു് പ്രസിദ്ധീകരിക്കുകയാണു് രാധാകൃഷ്ണൻ ഏറെറടുത്ത കത്തവ്യം. മഹാത്മജിയുടെ ജീവി

ത്തെയും ജീവിതസന്ദേശങ്ങളേയും പററി രാധാകൃഷ്ണൻ സുദീർഘമായ ഒരവതാരിക ഈ പുസ്തകത്തിന്നുവേണ്ടി എഴുതുകയും ചെയ്തു. ഗാന്ധിജിയുടെ ജീവിതസിദ്ധാന്തങ്ങളെക്കുറിച്ചുള്ള ഒരു വിദഗ്ദ്ധപഠനമായിരുന്നു അതു്. മഹാത്മജിയുടെ എഴുപതാം ജന്മദിനം ആഘോഷിക്കുന്ന അവസരമാകുമ്പോഴെക്കും പുസ്തകം തെയ്യാറാക്കപ്പെട്ടു. മഹാത്മജിക്കു് ആ പുസ്തകം ജന്മസുദിനത്തിൽ സമർപ്പിക്കുകയും ചെയ്തു. 'ഗാന്ധിസാഹിത്യ'ത്തിൽ രാധാകൃഷ്ണൻെറ ഈ പുസ്തകത്തിന്നു് അനിഷേധ്യപ്രാധാന്യമാണുള്ളതു്.

ഗാന്ധിജി ആദ്യമായി രാഷ്ട്രീയപ്രസിദ്ധിയിലേയ്ക്കുയർന്ന തെക്കെ ആഫ്രിക്കയിൽ നിന്നു് ഈ കൊല്ലത്തിൽ തന്നെ രാധാകൃഷ്ണന്നു് ഒരു ക്ഷണം ലഭിച്ചു. ഇന്ത്യൻ സംസ്കാരത്തെയും തത്വചിന്തയെയും പററി തെക്കെ ആഫ്രിക്കയിൽ പ്രസംഗങ്ങൾ നടത്തുവാനായിരുന്നു ക്ഷണം. രാധാകൃഷ്ണൻ അതനുസരിച്ചു തെക്കെ ആഫ്രിക്കയിലേയ്ക്കു യാത്രയായി. അവിടെവെച്ചു് അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ ഭാരതീയസംസ്കാരത്തെപ്പററി സുവ്യക്തബോധം ഉളവാക്കുന്നവയായിരുന്നു. എവിടെച്ചെന്നു പ്രസംഗിച്ചാലും ഭാരതത്തിലെ തത്വചിന്തയുടെ സാരാംശം വളരെ നന്നായി, ശ്രോതാക്കളുടെ ഉള്ളിൽ തട്ടത്തക്കവിധം, ഗ്രഹിപ്പിക്കുവാൻ രാധാകൃഷ്ണൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

1939-ൽ കല്ക്കത്തയിലെ ക്ലാസ്സുകളിൽ പ്രസംഗിക്കാനായി രാധാകൃഷ്ണൻ ഇന്ത്യയിലേയ്ക്കു് മടങ്ങിയതോ

ടെ പല പ്രധാനയോഗങ്ങളിലും പ്രസംഗിക്കാൻ അദ്ദേഹത്തിനു് നിരവധി അപേക്ഷകൾ കിട്ടി. അങ്ങിനെ അദ്ദേഹം പങ്കെടുത്ത യോഗങ്ങളിൽ ലക്നോവിൽ വെച്ചു കൂടിയ യോഗം എടുത്തുപറയത്തക്ക പ്രാധാന്യമുള്ളതാണു്. അഖിലേന്ത്യാ അദ്ധ്യാപകസമ്മേളനമായിരുന്ന അതു്. രാധാകൃഷ്ണനെപ്പോലെ വിദ്യാഭ്യാസകാര്യത്തിൽ പ്രാഗത്ഭ്യമുള്ള ഒരുന്നതവ്യക്തി ആദ്ധ്യക്ഷം വഹിക്കുകയെന്നതു് സമ്മേളനത്തെ പ്രധാനവും ശോഭനവുമാക്കി. രാധാകൃഷ്ണൻെറ സമുജ്ജ്വലമായ അദ്ധ്യക്ഷപ്രസംഗം വിദ്യാഭ്യാസലോകത്തിൽ ഒരു പുതിയ വീക്ഷണം വളർത്തുന്നതിനുള്ള ആഹ്വാനമായിരുന്നു. ഇന്ത്യയിൽ പലരും വിദ്യാഭ്യാസത്തെ അപ്രധാനമായ ഒരു വിഷയമായി അവഗണിക്കുന്നതു ശരിയല്ലെന്നു് അദ്ദേഹം ഉദ്ബോധിപ്പിച്ചു. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം അറിവുനേടുക മാത്രമാണെന്ന തെററായ ധാരണ അദ്ദേഹം നീക്കുകയും ചെയ്തു. പുസ്തകങ്ങൾ 'കരണ്ടി' അറിവു വദ്ധിപ്പിക്കുകയാണു് വിദ്യാത്ഥികളുടെ കത്തവ്യമെന്നു ചിലർ വിചാരിക്കുന്നുണ്ടു്. മററുചിലരാകട്ടെ അറിവുമാത്രം പോരെന്നു വിചാരിക്കുന്നു; ജീവിതവൃത്തി സമ്പാദിക്കാൻ ഉപകരിക്കുന്നതു മാത്രമാണു് വിദ്യാഭ്യാസമെന്നത്രെ അവരുടെ വിശ്വാസം. മറെറല്ലാററിനും മേലെ ജീവിക്കാനുള്ള വക, ഭക്ഷണം,—അതാണു് പ്രധാനമെന്നു് അക്കൂട്ടർ വിചാരിക്കുന്നു. വേറെ ചിലർ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം നല്ല പൌരന്മാരെയും ഉത്തമദേശാഭി

മാനികളെയും സൃഷ്ടിക്കുക മാത്രമായിരിക്കണമെന്നു വി ശ്വസിക്കുന്നു. ഇവരെല്ലാവരും തന്നെ വിദ്യാഭ്യാസത്തി ന്റെ വിവിധോദ്ദേശ്യങ്ങളിൽ ഓരോന്നുമാത്രം കാണു ന്നവരാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഇവയെ ല്ലാം കൂടിച്ചേർന്നതാകുന്നു. വിദ്യാഭ്യാസം അറിവുണ്ടാകു വാനും സ്വാശ്രയശീലം വളർത്തുവാനും അന്യരെ സേവി ക്കുവാനും ഒരുപോലെ ഉപകരിക്കണം. സ്വന്തം സ്വാ തന്ത്ര്യത്തെ സ്നേഹിക്കുന്നതോടൊപ്പം മററുള്ളവരുടെ സ്വാതന്ത്ര്യം എടുത്തുകളയുന്ന പൌരന്മാരെ വിദ്യാഭ്യാ സം സൃഷ്ടിക്കരുത്. സ്വരാജ്യത്തെ സ്നേഹിക്കുന്ന ആളു ക്കാർ വിദ്യാഭ്യാസം കൊണ്ടുണ്ടാകണം; പക്ഷെ അവർ മററു രാജ്യങ്ങളെ ദ്രോഹിക്കാനിടവരരുത്."—ഇത്തര ത്തിൽ നവീനവും വിശാലവുമായ ഒരു ചിന്താസരണി യാണ് വിദ്യാഭ്യാസവിചക്ഷണനായ രാധാകൃഷ്ണൻ സ മ്മേളനം മുമ്പാകെ അവതരിപ്പിച്ചത്. വിദ്യാഭ്യാസ ത്തിന്റെ ആത്യന്തികലക്ഷ്യം രാധാകൃഷ്ണൻ സംശയത്തി ന്നവകാശമില്ലാത്തവിധം ആ സമ്മേളനത്തിൽവെച്ച് വിശദീകരിച്ചു.

1931-ൽ രാധാകൃഷ്ണൻ 'ബനാറസ്സ്" (കാശി) സ ർവ്വകലാശാലയുമായി ബന്ധപ്പെട്ടു. അഭിവന്ദ്യദേശാഭി മാനിയായ പണ്ഡിത മദനമോഹനമാളവ്യയുടെ നേ തൃത്വത്തിൽ ബനാറസ്സ് സർവ്വകലാശാല വളർന്നുവ ന്നു. സർവ്വകലാശാലയുടെ സ്ഥാപകനും വൈസ് ചാൻസലറും മാളവ്യജിയായിരുന്നു. ഇക്കാലത്ത് വാ ർദ്ധക്യം മാളവ്യയെ അസ്വസ്ഥനാക്കി. സർവ്വകലാ

ശാലയെ സംബന്ധിച്ചുള്ള ബാദ്ധ്യതകഠം തൃപ്തികരമായി നിർവ്വഹിക്കുന്നതിൽ അദ്ദേഹത്തിൻെറ ദേഹാസ്വാസ്ഥ്യം പ്രതിബന്ധമായിനിന്നു. ഹിന്ദുസർവ്വകലാശാലയ്ക്കു് പററിയ ഒരു വൈസ്ചാൻസലരെ തൻെറ അനുഗാമിയായി നിയമിക്കണമെന്നു മാളവ്യജി വിചാരിക്കുകയും പ്രൊഫസർ രാധാകൃഷ്ണനെ അതിന്നായി തിരഞ്ഞെടുക്കുകയും ചെയ്തു. മാളവ്യജിയുടെ പ്രേരണയ്ക്കു് വിധേയനായി രാധാകൃഷ്ണൻ വൈസ്ചാൻസലരാകാൻ സമ്മതിച്ചു. ഒരു വലിയ സംഖ്യ അദ്ദേഹത്തിന്നു് ശമ്പളമായി കൊടുക്കാമെന്നു് പറഞ്ഞുവെങ്കിലും രാധാകൃഷ്ണൻ അതിനെ അനുകൂലിച്ചില്ല. പ്രതിഫലംകൂടാതെ പ്രവൎത്തിക്കാനാണു് അദ്ദേഹം ഇഷ്ടപ്പെട്ടതു്. കല്ക്കത്തയിലെ പ്രൊഫസരുദ്യോഗം അദ്ദേഹം ഉപേക്ഷിച്ചതുമില്ല. അങ്ങിനെ ബനാറസ്സ് സർവ്വകലാശാലയിലെ വൈസ്ചാൻസലരായും കല്ക്കത്താ പ്രൊഫസരായും ഓക്സ്ഫോർഡ് പ്രൊഫസരായും അദ്ദേഹം ഒരേ അവസരത്തിൽ പ്രവൎത്തിച്ചു.

ഹിന്ദുസർവ്വകലാശാലയിലെ വൈസ്ചാൻസലർ പദവി ഡാക്ടർ രാധാകൃഷ്ണനു നല്കിയതു് ഔചിത്യപൂർവ്വമായിരുന്നു. ഹൈന്ദവതത്വചിന്തയെപ്പററി ശരിയായ ബോധം യൂറോപ്പിലും അമേരിക്കയിലും വളൎത്തുവാൻ ഗ്രന്ഥങ്ങഠംകൊണ്ടും പ്രസംഗങ്ങഠംകൊണ്ടും പരിശ്രമിച്ചവരിൽ പ്രമുഖനായിരുന്നു ഡോക്ടർ രാധാകൃഷ്ണൻ. പാശ്ചാത്യൎക്കു് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ അദ്ദേഹം ഭാരതീയതത്വചിന്തയെ വ്യാ

ഖ്യാനിച്ചു. അങ്ങിനെയുള്ള ഒരു പ്രധാനചിന്തകൻ ഹിന്ദുസർവ്വകലാശാലയുടെ നായകസ്ഥാനത്തിരിക്കുന്നതിലേറെ ഔചിത്യമെന്തുണ്ട്? രാധാകൃഷ്ണൻ വൈസ്ചാൻസലരായിരിക്കാൻ സമ്മതിച്ചപ്പോൾ അതിനാൽ പരക്കെ സംതൃപ്തിയുളവായി.

1941-ൽ പ്രൊഫസർ രാധാകൃഷ്ണൻ ബറോഡയിലെ ഒരുദ്യോഗപദവി സ്വീകരിക്കാനും നിർബ്ബന്ധിതനായി. തൻെറ വന്ദ്യപിതാവായ സാർ സയാജിറാവുവിനുള്ള സ്മാരകമായി ഇന്ത്യയിലെ സംസ്കാരവും പരിഷ്കാരവും പഠിപ്പിക്കാൻവേണ്ടി ഒരു പ്രൊഫസരുദ്യോഗം ഗേക്ക്വാർ ഏർപ്പെടുത്തിയിരുന്നു. ആ ഉദ്യോഗം സ്വീകരിക്കാൻ അധികൃതന്മാർ രാധകൃഷ്ണനോടപേക്ഷിച്ചു. കല്ക്കത്തയിലെ പ്രൊഫസരുദ്യോഗം ഉപേക്ഷിച്ച് രാധാകൃഷ്ണൻ ഉദ്യോഗം സ്വീകരിക്കുകയുംചെയ്തു. പക്ഷേ കല്ക്കത്താ സർവ്വകലാശാലയുമായുള്ള ബന്ധം ഇടയ്ക്കിടെ പുതുക്കാൻ വേണ്ട സന്ദർഭങ്ങൾ എത്തിച്ചേരുമ്പോഴെല്ലാം രാധാകൃഷ്ണൻ അവ സസന്തോഷം സ്വാഗതംചെയ്തിരുന്നു. ഇരുപതുവർഷങ്ങളോളം ആ സർവ്വകലാശാലയുമായി രാധാകൃഷ്ണനുണ്ടായിരുന്ന സ്നേഹബന്ധം വിസ്മരിക്കുന്നതെങ്ങിനെ? കല്ക്കത്താ സർവ്വകലാശാലയുടെ നേരെ, ആദ്യംമുതൽ അവസാനംവരെ, രാധാകൃഷ്ണന് സൌഹൃദം മാത്രമേ ഉണ്ടായിരുന്നുള്ളു.

കല്ക്കത്താ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തിവന്ന 'കമലാപ്രസംഗങ്ങൾ' 1942-ൽ നിർവ്വ

ഹിയ്ക്കാൻ തങ്ങളുടെ സ്നേഹഭാജനമായ രാധാകൃഷ്ണനെത്തന്നെ ഭാരവാഹികൾ തിരഞ്ഞെടുത്തു. കല്ക്കത്തയിലും ബനാറസ്സിലുമായാണു് അത്തവണ പ്രസംഗങ്ങൾ നടത്തിയതു്. ഈ പ്രസംഗങ്ങൾ ഏററവും വിജയപ്രദവും സമുജ്ജ്വലവുമായിരുന്നു. പിന്നീടു്, 1947-ൽ അവ പുസ്തകരൂപത്തിൽ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

1936 മുതൽ 1942 വരെ ഓക്സ്ഫോർഡിലുള്ള തന്റെ പ്രൊഫസരുദ്യോഗത്തിൽ രാധാകൃഷ്ണൻ തുടർന്നുപോയി. ലോകമഹായുദ്ധത്തിന്റെ ആരംഭത്തോടുകൂടി യൂറോപ്പിലേയ്ക്കുള്ള യാത്ര സുരക്ഷിതമല്ലാതെവന്നു. കപ്പൽവഴിയ്ക്കാണു് രാധാകൃഷ്ണൻ അതുവരെ കൊല്ലംതോറും പൊയ്ക്കൊണ്ടിരുന്നതു്. പക്ഷേ കപ്പൽയാത്ര വളരെ ആപല്ക്കരമായിത്തീർന്നു. യുദ്ധകാലത്തുള്ള ഈ അസൗകര്യങ്ങൾ മുൻനിർത്തി ഓക്സ്ഫോർഡിലെ അധികൃതന്മാർ ഉദ്യോഗബാദ്ധ്യത തുടർന്നുപോകുന്നതിൽനിന്നു രാധാകൃഷ്ണനെ ഒഴിവാക്കി.

ഓക്സ്ഫോർഡിൽ പ്രൊഫസരായിരുന്ന ഈ കാലം രാധാകൃഷ്ണന്റെ ജീവിതത്തിൽ സുശോഭനമായിരുന്നു. ബനാറസ്സ് സർവ്വകലാശാലയുടെ നായകത്വവും ഇക്കാലത്തു പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെയും നടത്തിയ പ്രസംഗങ്ങളുടെയും മേന്മയും അദ്ദേഹത്തിന്റെ ഈ ജീവിതഭാഗത്തെ കൂടുതൽ ശോഭനമാക്കി. ആദരണീയരായ ഭാരതീയാചാര്യന്മാരുടെ ഇടയിൽ ഒരാളായി ജനങ്ങൾ അദ്ദേഹത്തെ മാനിച്ചു.

ഏഴാം അദ്ധ്യായം

ചൈനയിലും അമേരിക്കയിലും

പ്രഗത്ഭനായ ആ ഭാരതീയചിന്തകനെ ആദരിക്കാൻ ഇതരരാജ്യങ്ങളും സന്നദ്ധമായി!

ഹൃദയത്തിന്റെ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നവിധമുള്ള അദ്ദേഹത്തിന്റെ വിദഗ്ദ്ധമായ തത്വവിശകലനവും അനൎഗ്ഗളമായ വചോവിലാസവും നേരിട്ടനുഭവപ്പെടുത്തുന്നതിന്നും അവർ ആഗ്രഹിച്ചു.

1944-ൽ ചൈനാഗവമ്മേണ്ടിന്റെ ഒരു ക്ഷണം എത്തി. ചൈനയിൽ ഒരു പ്രസംഗപരമ്പര നടത്തുവാനും അവിടെയുള്ള പ്രധാനവിദ്യാഭ്യാസപ്രവത്തകന്മാരെക്കണ്ടു് സൌഹൃദസമ്പക്കം പുലത്തുവാനുമുള്ള ക്ഷണമായിരുന്നു അതു്.

രാധാകൃഷ്ണൻ ആ അപേക്ഷ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആഗമനവൃത്താന്തം ചൈനയിലെ വിദ്യാസംസ്കാരമണ്ഡലങ്ങളിൽ അഭൂതപൂർവ്വമായ കൌതുകപ്രതീക്ഷകൾ വളത്തി. ഭാരതത്തിൽ നിന്നെത്തുന്ന പണ്ഡിതവരേണ്യനെ കാണുവാനും ആദരിക്കുവാനും ചൈനയിലെ വിദ്യാപ്രേമികൾ ഉൽകണ്ഠിതരായി.

രാധാകൃഷ്ണൻ കല്ക്കത്തയിൽനിന്നു് 1944 മേയ് 6-ാം തീയതി യാത്ര പുറപ്പെട്ടു. വിമാനമാൎഗ്ഗമായിരുന്നു യാത്ര—കല്ക്കത്തയിൽനിന്നു് ചുങ്കിങ്ങിലേയ്ക്കു്.

ആവേശഭരിതമായ ഒരു സ്വീകരണമാണ് അദ്ദേഹത്തിന്നു ലഭിച്ചതു്. ഭാരതീയസംസ്കാരത്തിൻെറ ആ സന്ദേശവാഹകനെ ആദരിക്കാനും സ്വീകരണങ്ങളേപ്പെട്ടത്താനും പ്രമുഖവ്യക്തികളും സംഘങ്ങളും മുന്നോട്ടുവന്നു. ചൈന മുമ്പും ഭാരതത്തിൽ നിന്നെത്തിയ സംസ്കാരത്തെയും ആ സംസ്കാരത്തിൻെറ പ്രതിനിധികളെയും ബഹുമാനിച്ചിട്ടുണ്ടെന്നു ചരിത്രം പരിശോധിച്ചാൽ കാണാം. ആ പാരമ്പര്യത്തിന്നനുഗുണം തന്നെയായിരുന്നു രാധാകൃഷ്ണന്നു് അവിടെ ലഭിച്ച സ്വീകരണം.

ചൈനയിൽ വിവിധവിഷയങ്ങളെപ്പററി രാധാകൃഷ്ണൻ പന്ത്രണ്ടു പ്രസംഗങ്ങൾ നടത്തി. സ്വീകരണങ്ങളിലും സല്ക്കാരങ്ങളിലുംവെച്ചു ചെയ്ത പ്രസംഗങ്ങൾ ഇവയിൽ ഉൾപ്പെട്ടിരുന്നില്ല. പ്രസംഗങ്ങൾ കേട്ടവരെല്ലാം അവയിൽ വ്യക്തമായിക്കണ്ട ചിന്താവൈഭവത്തെയും പരിജ്ഞാനത്തെയും പ്രാസംഗികൻെറ വാഗ്മിത്വത്തെയും അത്യന്തം അഭിനന്ദിച്ചു!

രണ്ടാഴ്ചക്കാലം രാധാകൃഷ്ണൻ ചൈനയിൽ പര്യടനം നടത്തി; നിരവധി സുഹൃത്തുക്കളെയും ഒരു മഹാരാജ്യത്തിൻെറ ബഹുമാനത്തെയും അദ്ദേഹം ആർജ്ജിച്ചു. മേയ് 21-ാംനു- അദ്ദേഹം ഇന്ത്യയിലേയ്ക്കു മടങ്ങി.

ചൈനയിൽവെച്ചു നടത്തിയ പ്രസംഗങ്ങൾ ഒരുമിച്ചുചേർത്തു് അദ്ദേഹം പുസ്തകരൂപത്തിലാക്കി. 'ഇന്ത്യയും ചൈനയും' (India and China) എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകം ഇരുരാജ്യങ്ങളി

ലെയും സംസ്കാരഗതികളെയും സംസ്കാരബന്ധങ്ങളെയും വിശദീകരിച്ചു കാണിക്കുന്നു.

1946-ൽ രാധാകൃഷ്ണനു് അമേരിക്കയിലും ഒരു പ്രസംഗപര്യടനം നടത്തണമെന്ന അപേക്ഷ ലഭിച്ചു. സാംസ്കാരികവികസനത്തിനും നാനാരാഷ്ട്രങ്ങളിലുള്ള വിദ്വാന്മാർ തമ്മിൽ പരസ്പരധാരണ വളർത്തുന്നതിനും ഇഷ്ടപ്പെട്ട രാധാകൃഷ്ണൻ ഈ അപേക്ഷ സ്വീകരിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

1893-ൽ സർവ്വമത സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന്, നിരതിശയമായ പ്രസംഗനിപുണതയാലും ചിന്താപ്രാഗത്ഭ്യത്താലും ജനഹൃദയങ്ങളെ ഹഠാദാകർഷിച്ച സ്വാമി വിവേകാനന്ദന്റെ അനുസ്മരണം, അമേരിക്കയിൽ രാധാകൃഷ്ണന്റെ പ്രസംഗംകേട്ടവർക്കുണ്ടായി. രാധാകൃഷ്ണൻ വിവേകാനന്ദനെപ്പോലെ ഒരു വിശ്രുതയതിവര്യനായിരുന്നില്ല. എങ്കിലും മതതത്വങ്ങളുടെ സമഗ്രപഠനത്തിലും വിശകലനംചെയ്തു് അവ അവതരിപ്പിക്കുന്നതിലുള്ള വൈദഗ്ദ്ധ്യത്തിലും രാധാകൃഷ്ണനും ഗണനീയനായിരുന്നു. മാത്രമല്ല, പാശ്ചാത്യർക്കു സുലളിതമായി ഗ്രഹിക്കത്തക്കവിധമായിരുന്നു രാധാകൃഷ്ണന്റെ വിഷയപ്രതിപാദനം.

അമേരിക്കയിലെ മിക്ക സർവ്വകലാശാലകളും പ്രസംഗത്തിനായി അദ്ദേഹത്തെ ക്ഷണിച്ചു. ഹാർവേഡ്, യേൽ, ലോസ് ഏഞ്ചലസ്സ്, മിച്ചിഗൻ, കോർണെൽ എന്നീ സർവ്വകലാശാലകളിൽ അദ്ദേഹത്തിന്റെ അനന്യാദൃശമായ ആ വാഗ്വൈഖരി മുഴങ്ങി!

സ്വാമി വിവേകാനന്ദനുശേഷം, ഹിന്ദുമതതത്ത്വങ്ങളെയും ഭാരതീയസംസ്കാരത്തിൻെറ വൈശിഷ്ട്യങ്ങളെയും അത്ര നന്നായി വിവരിച്ച മററൊരാചാര്യനെയും അമേരിക്കയ്ക്കു് ഓക്കുവാനുണ്ടായിരുന്നില്ല.

ഈ കൊല്ലംതന്നെയാണു് 'പാരീസ്സ്' നഗരം സന്ദശിക്കുവാൻ രാധാകൃഷ്ണനു് അവസരം ലഭിച്ചതു്. രണ്ടാംലോകമഹായുദ്ധത്തിന്നുശേഷം ഐക്യരാഷ്ട്രസംഘത്തിൻെറ ആഭിമുഖ്യത്തിൽ 'യുണെസ്കോ' എന്ന ഒരു സംഘടന സ്ഥാപിക്കപ്പെട്ടിരുന്നു.

വിദ്യാഭ്യാസപരവും ശാസ്ത്രീയവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ലോകത്തിലെ വിവിധരാജ്യങ്ങറക്കിടയിൽ പരസ്പരം സഹകരണം വളത്തുകയെന്നതാണു് ഈ സംഘടനയുടെ ഉദ്ദേശ്യം. യുണെസ്കോവിൻെറ ആവിർഭാവം മുതൽ രാധാകൃഷ്ണൻ ആ വിശ്വസംഘടനയിലെ പ്രവത്തകസമിതിയിൽ ഒരംഗമായിരുന്നു. ഒരംഗമെന്നു പറഞ്ഞാൽ അത്ര നീതിപൂവ്വമാകയില്ല. സംഘടനയുടെ ഉദ്ദേശ്യങ്ങറ വിജയിപ്പിക്കുന്നതിന്നു് ആത്മപൂർവ്വം പരിശ്രമിക്കുകയും ഇതരരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികറക്കുകൂടി മാതൃകായോഗ്യമായി പ്രവത്തിക്കുകയും ചെയ്ത ഊജ്ജസ്വലനായ ഒരംഗം എന്നു പറയുന്നതായിരിക്കും ശരിയായതു്. യുണെസ്കോവിൻെറ പ്രഥമസമ്മേളനം പാരീസ്സിൽവെച്ചു കൂടുവാൻ നിശ്ചയിച്ചു. ഇന്ത്യയിൽ നിന്നുള്ള പ്രതിനിധികളെ നയിച്ചുകൊണ്ടു രാധാകൃ

ഷ്ണൻ സമ്മേളനത്തിൽ സന്നിഹിതനായി. അടുത്ത കൊല്ലം മെക്സിക്കോവിൽ വെച്ചായിരുന്നു സമ്മേളനം നടത്തിയതു്. അതിലും തുടൎന്നു ബിരുട്ടിൽ വെച്ചുകൂടിയ മൂന്നാംസമ്മേളനത്തിലും രാധാകൃഷ്ണൻ ഇന്ത്യയുടെ പ്രാതിനിധ്യം വഹിച്ചു പങ്കുകൊണ്ടു. 1948-'49-ലേയ്ക്കുള്ള യുനെസ്കോ ബോൎഡിന്റെ അദ്ധ്യക്ഷനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. 1948-ൽ രാധാകൃഷ്ണൻ ഭഗവദ്ഗീതയുടെ ഇംഗ്ലീഷുവിവൎത്തനം പ്രസിദ്ധപ്പെടുത്തി. ഹിന്ദുക്കളുടെ ഏററവും പ്രധാനമായ മതഗ്രന്ഥങ്ങളിൽ ഒന്നാണു് ഭഗവദ്ഗീത. ഗീതയെക്കുറിച്ചു പ്രാമാണികമായ ഒരു വിവൎത്തനം പ്രസിദ്ധപ്പെടുത്തിയതു് പാശ്ചാത്യൎക്കു് വളരെ ഉപകാരപ്രദമായി. ഈ വിവൎത്തനം പല നിരൂപകന്മാരുടെയും ശ്ലാഘയ്ക്കു് പാത്രീഭവിച്ചു. അടുത്തകൊല്ലം രാധാകൃഷ്ണൻ പ്രസിദ്ധപ്പെടുത്തിയ 'ധമ്മപദ'ത്തിന്റെ വിവൎത്തനവും . വിശ്രുതമാണു്. ബുദ്ധമതത്തിന്റെ സൎവ്വസാരതത്ത്വങ്ങളും ഉൾക്കൊള്ളുന്ന ഒരു വിശിഷ്ടഗ്രന്ഥമാകുന്നു ധമ്മപദം. ഹിന്ദുക്കൾ ഉപനിഷത്തുക്കളിൽ 'ബ്രഹ്മം' എന്നു വിളിക്കുന്നതിന്നു പകരം ബുദ്ധദേവൻ 'ധമ്മം' എന്നു വ്യവഹരിച്ചു. ഉപനിഷത്തത്ത്വങ്ങൾ തന്നെയാണു് സദാചാരവശത്തിന്നു കൂടുതൽ പ്രാധാന്യം നല്കി ശ്രീബുദ്ധൻ പ്രചരിപ്പിച്ചതെന്നു് രാധാകൃഷ്ണൻ തെളിയിച്ചു.

രാധാകൃഷ്ണന്റെ ജീവിതപുഷ്പം സേവനങ്ങളുടെ പരിമളംവീശി അങ്ങിനെ വികസ്വരമായി.

ഏട്ടാം അദ്ധ്യായം

ഉപരാഷ്ട്രപതി

കൃത്യാന്തരങ്ങളുടെ സമ്മർദ്ദംനിമിത്തം രാധാകൃഷ്ണൻ 1948-ൽ ബനാറസ്സ് സർവ്വകലാശാലയിലെ വൈസ് ചാൻസലർ സ്ഥാനം രാജിവെച്ചു. അക്കൊല്ലംതന്നെ അദ്ദേഹത്തെ ഇന്ത്യൻ സർവ്വകലാശാലാകമ്മീഷന്റെ അദ്ധ്യക്ഷനായി നിയമിക്കുകയുണ്ടായി. സർവ്വകലാശാലാകമ്മീഷന്റെ പ്രവർത്തനത്തിന്ന് അത്രയും പ്രഗത്ഭനായ ഒരു വിദ്യാഭ്യാസധുരന്ധരനെ അദ്ധ്യക്ഷനായി ലഭിച്ചതു് ഒരനുഗ്രഹമായിരുന്നു.

ഇന്ത്യയിലെ രാഷ്ട്രീയരംഗത്തും രാധാകൃഷ്ണൻ സ്ഥാനവും പ്രാധാന്യവുമാർജ്ജിച്ചു. നമുക്കുവേണ്ടി ഒരു സ്വതന്ത്രഭരണഘടന രൂപവൽക്കരിക്കാനുള്ള പരിശ്രമങ്ങൾ അന്നു നടന്നുകൊണ്ടിരുന്നു. ഭരണഘടനാനിർമ്മാണസഭയിൽ രാധാകൃഷ്ണൻ ഒരംഗമായിരുന്നു. ഈ സഭയിൽവെച്ച് അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ സന്ദർഭങ്ങൾക്കൊത്തു് ഉയരുവാനുള്ള അദ്ദേഹത്തിന്റെ കഴിവും കരുത്തും കാണിക്കുന്നവയാണു്. ഉത്തമഭരണാധർമ്മങ്ങൾക്കും ഇന്ത്യയുടെ പാരമ്പര്യത്തിന്നും യോജിച്ച ഒരു ഭരണഘടന നിർമ്മിക്കുവാൻ രാധാകൃഷ്ണൻ നല്കിയ ബുദ്ധിപരമായ സംഭാവനകൾ അവഗണിക്കാവുന്നതല്ല.

രാജ്യങ്ങൾ പരസ്പരം പ്രതിനിധികളെ കൈമാറുന്ന പതിവുണ്ടല്ലോ. സ്വരാജ്യവും പരരാജ്യങ്ങളും തമ്മിൽ സൌഹാർദ്ദവും സഹകരണവും വളർത്തുവാൻ ഈ പ്രതിനിധികൾ സഹായിക്കുന്നു. ചരിത്രപാരമ്പര്യങ്ങൾ അറിഞ്ഞുകൊണ്ടു് സ്വരാജ്യത്തിന്റെ സൽപേർ നിലനിർത്തുകയും മതിപ്പു വർദ്ധിപ്പിക്കുകയും ചെയ്യുന്നവരായിരിക്കണം ഈ പ്രതിപുരുഷന്മാർ. ഇന്ത്യയുടെ ഒരു പ്രതിപുരുഷനായിരിക്കുവാൻ ഡാക്ടർ രാധാകൃഷ്ണൻ സർവ്വഥാ യോഗ്യനായിരുന്നു. ഇന്ത്യാഗവമ്മേണ്ടു് ഈ വസ്തുത മനസ്സിലാക്കി രാധാകൃഷ്ണനെ 'റഷ്യ'യിലുള്ള തങ്ങളുടെ പ്രതിനിധിയായി നിയമിച്ചു. പലരുടെയും കണ്ണിൽ റഷ്യ അന്നു് ഇരുമ്പുമറയ്ക്കുള്ളിലുള്ള ഒരു രാജ്യമായിരുന്നു; സോവിയററു യൂനിയനിലെ ഭരണാധികാരിയായ 'മാർഷൽ സ്റ്റാലി'നാകട്ടെ അധൃഷ്യനായ ഒരു സ്വേച്ഛാധിപതിയും. ഈ ധാരണകൾ വാസ്തവികമോ അവാസ്തവികമോ എന്തെങ്കിലുമാകട്ടെ, ഒരു കാര്യം തീർച്ചയാണു്. വിജയലക്ഷ്മിപണ്ഡിററിന്നുശേഷം റഷ്യയിലെ ഇന്ത്യൻ സ്ഥാനപതിയായി നിയമിക്കപ്പെട്ട ആ കൃശഗാത്രൻ—ഡാക്ടർ രാധാകൃഷ്ണൻ—സൈനികബലത്തിന്റെ ഉച്ചകോടിയിൽനിന്നു ലോകത്തെ വിറപ്പിക്കാൻ കരുത്തനും അധൃഷ്യനുമായ മാർഷൽ സ്റ്റാലിന്റെ ബഹുമാനത്തിനു പാത്രമായി. സ്റ്റാലിൻ രണ്ടു തവണ അദ്ദേഹത്തിനു് സൌഹാർദ്ദപൂർവ്വം അഭിമുഖസംഭാഷണം അനുവദിച്ചു. എത്രയോ കൊല്ലങ്ങളോളം സ്ഥാനപതിക

ളായിത്തുടന്നിട്ടും ഒരു തവണപോലും ഈ ബഹുമതിക്ക് പലരും അർഹമായില്ലെന്നറിയുമ്പോഠം രാധാകൃഷ്ണൻെറ പ്രാപ്തിയും വ്യക്തിപരമായ മാഹാത്മ്യവും ആദരിച്ചാണ് ഈ കുടിക്കാഴ്ചകഠം അദ്ദേഹത്തിന്നനുവദിക്കപ്പെട്ടതെന്നു വ്യക്തമാകുന്നു.

റഷ്യയിൽനിന്നു വെന്നിക്കൊടി പറപ്പിച്ചാണ് രാധാകൃഷ്ണൻ സ്വരാജ്യത്തേയ്ക്കു് തിരിച്ചതു്. ഇന്ത്യയിലാകട്ടെ സമ്പൂജ്യമായ ഒരു സ്ഥാനം അദ്ദേഹത്തെ കാത്തുനിൽപ്പുണ്ടായിരുന്നു.

സ്വന്തം ഭരണഘടന അംഗീകരിച്ച ഇന്ത്യ ഒരു സ്വതന്ത്രറിപ്പബ്ലിക്കായി. ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു് ഇന്ത്യാ റിപ്പബ്ലിക്കിന്നു് ഒരു പ്രസിഡണ്ടും (ഇദ്ദേഹത്തെ ഇന്ത്യാരാഷ്ട്രപതി എന്നു വിളിക്കുന്നു) ഒരു വൈസ്പ്രസിഡണ്ടും (ഉപരാഷ്ട്രപതി) വേണം. പ്രസിഡണ്ടായി ഡാക്ടർ രാജേന്ദ്രപ്രസാദിനെ തിരഞ്ഞെടുത്തു. വൈസ് പ്രസിഡണ്ടായിരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടതു് ഡാക്ടർ രാധാകൃഷ്ണനായിരുന്നു. അങ്ങിനെ ഇന്ത്യയിലെ ഉപരാഷ്ട്രപതിയായി അദ്ദേഹം ഉയൎന്നു—ഹിമാചലം മുതൽ സേതുവരെയുള്ള ജനകോടികളുടെ സ്നേഹാദരങ്ങളോടുകൂടി!

ഡാക്ടർ രാധാകൃഷ്ണൻ ഇതിന്നുശേഷം പല രാജ്യങ്ങളും സന്ദൎശിച്ചിട്ടുണ്ടു്; ഇന്ത്യയുടെ നാനാഭാഗങ്ങളിലും അദ്ദേഹം പര്യടനം നടത്തിട്ടുണ്ടു് നിരവധി യോഗങ്ങളിൽ പ്രസംഗിച്ചിട്ടുണ്ടു്. ഈ സന്ദൎശനങ്ങളിലും പ്രസംഗങ്ങളിലുമെല്ലാംതന്നെ ഇന്ത്യയുടെ

മഹത്തായ പാരമ്പര്യത്തെയും അഭിനവേന്ത്യയുടെ കത്ത വ്യങ്ങളെയും സാംസ്കാരിക നവോത്ഥാനത്തെയും പററി അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്; ഭാരതീയസംസ്കാരത്തിന്ന നുഗുണമായ വീക്ഷണം കൈക്കൊള്ളുവാൻ ജനങ്ങാംക്ക് ഉദ്ബോധനം നല്കീട്ടുമുണ്ട്.

രണ്ടു കൊല്ലങ്ങാംക്കു മുമ്പ് ഒററപ്പാലത്തുവെച്ചു ചേ ൎന്ന സാഹിത്യപരിഷത്സമ്മേളനം ഉൽഘാടനം ചെയ്യുന്ന തിന്നുവേണ്ടി രാധാകൃഷ്ണൻ കേരളക്കരയിലും വരികയു ണ്ടായി. അദ്ദേഹത്തിൻെറ വിജ്ഞേയമായ പ്രസംഗം കേഠംക്കുവാൻ അങ്ങിനെ നമ്മുടെ പണ്ഡിതന്മാൎക്കും ഒരു സുവൎണ്ണാവസരം ലഭിച്ചു!

ഉപരാഷ്ട്രപതിയെന്ന നിലയ്ക്കു് ഇന്ത്യയുടെ പ്രാതി നിദ്ധ്യം വഹിച്ചുകൊണ്ടു സന്ദൎശിച്ച ഇതരരാജ്യങ്ങളിലെ ല്ലാംതന്നെ ഇന്ത്യയുടെനേരെ ആദരവും സൌഹൃദവും വ ളൎത്തുവാൻ രാധാകൃഷ്ണന്നു് സാദ്ധ്യമായിട്ടുണ്ട്. ആ സേ വനങ്ങാം തുടൎന്നുപോകുന്നു. തൻെറ തലക്കെട്ടിന്നുള്ളിൽ അടക്കിവെച്ച മസ്തിഷ്കഗുരുത്വം അദ്ദേഹവുമായി ഇടപെ ടുന്ന എല്ലാവൎക്കും അനുഭവപ്പെട്ടിട്ടുണ്ട്. എത്ര വലി യ ധിഷണാശാലിയോടും തുല്യനിലയിൽ കാര്യങ്ങാം ച ൎച്ചചെയ്യാനുള്ള ബുദ്ധിശക്തിയുടെ വികാസം രാധാകൃഷ്ണ ന്നുണ്ടെന്നതിന്നും രാഷ്ട്രതന്ത്രകുശലന്മാരുടെ അഭിപ്രായ ങ്ങാം സാക്ഷ്യം വഹിക്കുന്നു.

അദ്ദേഹത്തിൻെറ ജീവിതത്തിൽ സമ്പൂജ്യവിജയ ങ്ങാം ഉത്തരോത്തരം ഉണ്ടാകുമാറാകട്ടെ എന്നു നമുക്കു പ്രാൎത്ഥിക്കുക!

ഒമ്പതാം അദ്ധ്യായം

രാധാകൃഷ്ണൻ-മനുഷ്യപ്രേമിയും തത്വചിന്തകനും

ഡാക്ടർ രാധാകൃഷ്ണനെക്കുറിച്ചുള്ള ഈ പുസ്തകത്തിന്റെ അന്ത്യം കുറിക്കുന്നതിന്നു മുമ്പായി നമുക്ക് അദ്ദേഹത്തിന്റെ ജീവിതസന്ദേശത്തെപ്പററി ഒരു ലഘുപഠനം നടത്താം. ആ പഠനം കൂടാതെ രാധാകൃഷ്ണനെ സംബന്ധിച്ചുള്ള നമ്മുടെ അറിവു പൂർണ്ണമാകയില്ല.

മുന്നദ്ധ്യായങ്ങളിൽ പ്രാസംഗികമായി അവിടവിടെ രാധാകൃഷ്ണന്റെ ചില അഭിപ്രായങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. പ്രധാനമായ ചില വശങ്ങളെപ്പററി മാത്രം ഇവിടെ പ്രതിപാദിക്കാം.

പ്രശസ്തനായ ഒരു വ്യക്തി; മാത്രമല്ല, പണ്ഡിതകീർത്തിതനായ ഒരു തത്വചിന്തകൻ; സാർവ്വത്രികമായി മതിപ്പിയാററിയ പ്രഗത്ഭപ്രാസംഗികൻ; ഒരു സമുന്നതനായ നേതാവ്—ഈ നിലയെല്ലാം ഉയൎന്ന ഒരാൾ സാധാരണജനങ്ങളോട് എങ്ങിനെ പെരുമാറും? തന്റെ ഔന്നത്യത്തിലും പ്രാധാന്യത്തിലും തികഞ്ഞ ബോധത്തോടുകൂടി ഗർവ്വിലും ഗൌരവത്തിലും 'തലക്കന'ത്തോടുകൂടിപ്പെരുമാറുമോ, അല്ല ധിഷണാവൈഭവമോ മികച്ച പ്രാപ്തിയോ പ്രാഭവമോ ഇല്ലെങ്കിൽകൂടി അവർ തന്റെ മാന്യസഹോദരന്മാരാണെന്നും മനുഷ്യവർഗ്ഗത്തിൽ ഒരേനിലയ്ക്കുള്ളവരാണെന്നുമുള്ള വി

ശാലമനസ്സതയോടുകൂടിപ്പെരുമാറുമോ—മഹത്വം നിർണ്ണയിക്കാനുള്ള മാനദണ്ഡമാണ് ഈ പരിശോധന. രാധാകൃഷ്ണനെ സംബന്ധിച്ച് ഇതിൽ ഒരിക്കലും സംശയത്തിന്നവകാശമുണ്ടായിരുന്നില്ല. കാരണം, സർവ്വോപരി അദ്ദേഹം ഒരു മനുഷ്യസ്നേഹിയായിരുന്നു—ദയാലുവായ മനുഷ്യസ്നേഹി!

പല ആവശ്യങ്ങൾക്കുംവേണ്ടി പലതരക്കാരായ മനുഷ്യരും അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. അവർക്കെല്ലാം അനുഭാവപൂർവ്വകമായ വാക്കുകളും സഹായങ്ങളും കിട്ടിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ധനവും ഉപദേശങ്ങളും സ്വാധീനശക്തിയും ന്യായ്യമായവിധത്തിൽ വൈഷമ്യങ്ങൾ ലഘൂകരിക്കാൻവേണ്ടി അവർക്ക് അവകാശപ്പെടാമായിരുന്നു. പക്ഷെ ഉദ്ദേശിച്ചവിധം സഹായിക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ ആ കാര്യം തുറന്നു പറയുന്നതിന്നും അദ്ദേഹം മടിച്ചിരുന്നില്ല. അദ്ദേഹം തൻെറ കഴിവുകേട് ശാന്തമായും സമര്യാദമായുംതന്നെ അറിയിച്ചുവന്നു. ആദരണീയമായ മനുഷ്യസ്നേഹവും സാഹോദര്യബോധവുമാണ് രാധാകൃഷ്ണന്നു് പെരുമാററത്തിൽ ഈ മഹത്വം നല്കിയതു്. മററുള്ളവർക്ക് വല്ല വിധത്തിലും മനോവേദനയുളവാക്കുന്നതു് അദ്ദേഹത്തിന്നു സങ്കടകരമായിരുന്നു. കഴിവുള്ള സഹായങ്ങൾ, അങ്ങിനെ സഹായിച്ചുവെന്നു് പിന്നീട് കൊട്ടിഘോഷിക്കാതെതന്നെ അദ്ദേഹം ആവശ്യപ്പെട്ടവർക്ക് ചെയ്തു കൊടുത്തു; എല്ലാവരോടും മധുരമായിപ്പെരുമാറി; എല്ലാവരോടും മര്യാദകാണിച്ചു; അനാവശ്യമായ ആഢംബ

പപ്രകടനങ്ങളിൽ അദ്ദേഹം സ്വയം വഞ്ചിക്കപ്പെട്ടില്ല. വാക്കിലും പെരുമാററത്തിലും രാധാകൃഷ്ണൻ വിനീതനായിരുന്നു. "തത്വചിന്തയുടെ ഉദ്ദേശ്യം യഥാൎത്ഥമനുഷ്യരെ സൃഷ്ടിക്കുകയാകുന്നു." (To form men is the object of Philosophy) എന്നു് രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ എഴുതുകയുണ്ടായി. (My search for truth-ഭാഗം 36.) ആ തത്വം അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം എത്രയും അന്വൎത്ഥമായിരുന്നു.

തത്വചിന്തകനെന്ന നിലയ്ക്കു് രാധാകൃഷ്ണന്റെ സേവനങ്ങൾ ആദരണീയമാണെന്നു് മുന്നദ്ധ്യായങ്ങളിൽ കാണിച്ചിട്ടുണ്ടു്. മനുഷ്യജീവിതത്തിന്റെ പ്രശ്നങ്ങൾ, മനുഷ്യനും ഈശ്വരനുമായുള്ള ബന്ധം, മതങ്ങളുടെ യഥാൎത്ഥതത്വം എന്നിവയെക്കുറിച്ചെല്ലാം ഛിന്നസംശയമായ വിധത്തിലാണു് രാധാകൃഷ്ണൻ ചിന്തിച്ചിട്ടുള്ളതും പ്രതിപാദിച്ചിട്ടുള്ളതും. ജീവിതത്തിൽ മനശ്ശാന്തിക്കും ക്ഷമയ്ക്കുമുള്ള പ്രാധാന്യത്തെപ്പററി രാധാകൃഷ്ണൻ ഊന്നിപ്പറഞ്ഞു; ജീവിതയാതനകളിൽനിന്നു മനസ്സമാധാനം ലഭിക്കുന്നതിനെപ്പററിയും ദയയും സഹാനുഭൂതിയുമില്ലാത്ത മനുഷ്യജീവിതം വിലയില്ലാത്തതാണെന്നും മനുഷ്യപ്രേമമാണു് എല്ലാ ബന്ധങ്ങൾക്കും പാവനതയും ചൈതന്യവും നല്കുന്ന മധുരാമൃതമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇന്നു മനുഷ്യസമുദായത്തെ ബാധിച്ചിട്ടുള്ള ദുശ്ശങ്കകളെയും അനുഭവശൂന്യതയെയും രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരത്തെയും വൈരത്തെയും എല്ലാംതന്നെ അദ്ദേഹം

ലോകത്തിന്നുള്ള ശാപങ്ങളായിക്കാണുകയും ചെയ്തു. പക്ഷെ വിമുക്തിയില്ലാത്ത ശാപങ്ങളായല്ല; പരസ്പരം പ്രേമവും സഹകരണവും വളർത്തി ഈ ശാപങ്ങളിൽനിന്നു മോചനം നേടുവാൻ എളുപ്പത്തിൽ കഴിയുമെന്നു് അദ്ദേഹം വിശ്വസിച്ചു. ആത്മകഥയിൽ രാധാകൃഷ്ണൻ ഇപ്രകാരം എഴുതി: "മാനസികവും അദ്ധ്യാത്മവുമായ വീക്ഷണഗതിയിൽ ഒരു മാററം വരുത്തിയാൽ നമുക്കു ഇന്നത്തെ അധഃപതനത്തെ തടുത്തുനിൎത്തുവാനും പുതിയ, ശോഭനമായ ഒരു വിധി നമുക്കുവേണ്ടി രൂപപ്പെടുത്തുവാനും സാധിക്കും. കിറുക്കത്തൊന്തോന്നികളെപ്പോലെ താഴെ നാശഗൎത്തത്തിലേക്കോ അതല്ല പുണ്യതീൎത്ഥയാത്രക്കാരെപ്പോലെ മേല്പോട്ടു പുരോഗതിയിലേയ്ക്കോ പോകുന്നുവെന്നതു നമ്മെത്തന്നെ ആശ്രയിച്ചുനില്ക്കുന്നു. ശരിയായ മാററം വരുത്തുവാൻ സ്നേഹത്തിന്നുള്ള കഴിവിനെപ്പററി എനിക്കു് പൂൎണ്ണമായ ആത്മവിശ്വാസമുണ്ടു്." ദരിദ്രരെയും നിൎഭാഗ്യവാന്മാരെയും നിസ്സഹായന്മാരെയും സ്നേഹംകൊണ്ടു് ജീവിതസൌഭാഗ്യത്തിലേയ്ക്കും ആത്മവിശ്വാസത്തിലേയ്ക്കും ഉയൎത്തുക!"—ഇതായിരുന്നു രാധാകൃഷ്ണൻെറ സന്ദേശം.

ഡാക്ടർ രാധാകൃഷ്ണൻ ഹിന്ദുമതത്തിന്നും ബുദ്ധമതത്തിന്നും ഇന്ത്യൻ തത്വശാസ്ത്രത്തിന്നും മാത്രമല്ല മതങ്ങൾക്കു് പൊതുവെ ചെയ്ത സേവനങ്ങൾ ഇവിടെ അനുസ്മരിക്കാതിരുന്നുകൂടാ. വിവേകാനന്ദസ്വാമികൾക്കുശേഷം ഇത്രയും മഹാനായ ഒരു വക്താവിനെ ഹിന്ദുമതത്തിന്നു ലഭിച്ചിട്ടില്ലെന്നു പറയാം. ശ്രീ ബുദ്ധൻ ഹിന്ദുമതത്തിൻെറ ശത്രുവായിരുന്നില്ലെന്നും ഒരു പരി

ഷ്ഠത്താവു് മാത്രമായിരുന്നെന്നും ഉപനിഷത്തുക്കൾ ര ചിച്ച ഋഷിമാർ പ്രതിപാദിച്ച തത്വങ്ങൾതന്നെയാ ണു് ശ്രീബുദ്ധൻ ഉന്നയിച്ചതെന്നും രാധാകൃഷ്ണൻ സയു ക്തികം തെളിയിച്ചു. എല്ലാ മതങ്ങളുടെയും പിന്നി ലുള്ള ആത്മബോധത്തെ അദ്ദേഹം മാനിച്ചു; യുക്തിക്ക പരിയായി വിശ്വാസത്തിന്നുള്ള സ്ഥാനത്തെ സമാദ രിച്ചു; മതപരമായ അനുഭവങ്ങളെ പ്രകീർത്തിച്ചു; ഒരാ ത്മീയനവോത്ഥാനത്തിനു മാത്രമേ ആധുനികലോക ത്തിലെ ദുരിതങ്ങൾക്കു് ശമനം കാണുവാൻ സാധി ക്കുകയുള്ളുവെന്നു് ഉച്ചത്തിൽ ഉദ്ഘോഷിക്കുകയും ചെയ്തു.

ശാരീരികമോ മാനസികമോ ആയ പരിഷ്കാരം പോരെന്നും ആത്മീയപരിഷ്കാരമാണു് പ്രധാനമെന്നും ഡാക്ടർ രാധാകൃഷ്ണൻ ആവർത്തിച്ചു പറയാറുണ്ടായിരു ന്നു. "വിജ്ഞാനമണ്ഡലത്തിലെ നേട്ടങ്ങളും ശക്തി സമ്പാദനങ്ങളും മാത്രംപോരാ; ആത്മീയതയും ധർമ്മ ബോധവും അത്യാവശ്യമാണു്. എന്നാൽ മാത്രമേ മ നുഷ്യൻ ഉദ്ദേശ്യപൂർണ്ണവും ചൈതന്യയുക്തവുമായ ഒരു ശക്തികേന്ദ്രമായിത്തീരുകയുള്ളൂ"— ഇതായിരുന്നു രാ ധാകൃഷ്ണൻെറ വിശ്വാസം. ഏതുനിലയിൽ വേണ മെന്നു വിചാരിക്കുന്നുവോ ആ നിലയ്ക്കു് അതാതു കാ ലഘട്ടങ്ങളെ രൂപപ്പെടുത്താനുള്ള ശക്തി മനുഷ്യന്നു ണ്ടെന്നും അദ്ദേഹം കരുതി. പുരോഗതി തനിയേ എ ത്തിച്ചേരുന്നതല്ല. പുരോഗതി എത്തിച്ചേരുമെന്നു വി ചാരിച്ചു് മനുഷ്യർ വെറുതെ കൈകെട്ടിനിന്നാൽ പോരാ. യഥാർത്ഥപരിഷ്കാരം കൈവരുത്തുവാൻ മ

നുഷ്യന്നു് ഒരു കത്തവ്യമുണ്ടു്. നമ്മുടെ പരിഷ്ക്കാരത്തിന്നു് ഇന്നു് ആത്മാവില്ലെന്നു് രാധാകൃഷ്ണൻ പറയുന്നു. "ആധുനികപരിഷ്ക്കാരം ആത്മ്യരാഹിത്യമെന്ന രോഗംബാധിച്ചു കിടക്കുകയാണെന്നു് എനിക്കു തോന്നി. രാഷ്ട്രവിജ്ഞാനീയവും സാമ്പത്തികശാസ്ത്രവും സദാചാരങ്ങളിൽനിന്നും മതത്തിൽനിന്നുമല്ല അവയുടെ ഗതി നിയന്ത്രിക്കാനുള്ള നിദ്ദേശങ്ങഠം കൈക്കൊള്ളുന്നതു്. നഷ്ടപ്പെട്ടുപോയ ആത്മാവു് മനുഷ്യജീവിതത്തിന്നു് വീണ്ടുകിട്ടണമെങ്കിൽ ചൈതന്യാത്മകമായ ഒരു പുതിയ മതം വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഈ മതം യുക്തിയുടെ അവകാശങ്ങഠം അടിയറവെക്കുവാൻ ആവശ്യപ്പെടുന്നതാകരുതു്. തികച്ചും സ്വാതന്ത്ര്യം കൊതിക്കുന്ന ആത്മാക്കഠംക്കു് സ്വീകരിക്കാൻ സാധിക്കുന്നതുമാകണം." ഈ മതബോധം മനുഷ്യത്വത്തെ വികസിപ്പിക്കുന്നതും പരസ്പരസഹകരണം വളത്തുന്നതുമായിരിക്കണമെന്നും സാമൂഹ്യജീവിതത്തിലുള്ള പ്രശ്നങ്ങഠം വിജയപൂവ്വം അഭിമുഖീകരിക്കുവാനും ആത്മാവിന്നു് സംതൃപ്തിയും സൌന്ദയ്യവും നല്കുവാനും ഉപകരിക്കണമെന്നും രാധാകൃഷ്ണൻ ഉദ്ബോധിപ്പിച്ചു.

മതത്തെ അവഹേളിക്കുന്നവക്കു് രാധാകൃഷ്ണൻ അദ്ദേഹത്തിൻെറ ലേഖനങ്ങളും പ്രസംഗങ്ങളും വഴിയായി വേണ്ട മറുപടി കൊടുത്തിട്ടുണ്ടു്. മതബോധം ശാസ്ത്രീയതക്കു് വിരുദ്ധമല്ല. അതു് യാഥാത്ഥ്യത്തിലേക്കുള്ള ഒരാന്തരദശ്നമാണു്. മതത്തെ അവലംബിച്ചുള്ള ആത്മബോധം ധമ്മവും നീതിയും മുൻനിത്തിയ ഒരു പുതിയ സമുദായത്തെ ഉളവാക്കുവാൻ സഹായി

ക്കം. ഇന്നത്തെ സമുദായശരീരത്തിൽ മൌലികമായ പല ന്യൂനതകളുമുണ്ടു്. അതു് വേണ്ടവിധം പ്രജായത്തമായിത്തീൎന്നിട്ടില്ല. പ്രജായത്തസമ്പ്രദായത്തിൻെറ അടിസ്ഥാനം മനുഷ്യൻെറ അന്തസ്സു് അറിയുന്നതിലും അംഗീകരിക്കുന്നതിലുമാണു് കുടികൊള്ളുന്നതു്. പക്ഷെ ഇന്നത്തെ സമുദായഘടനയാകട്ടെ ശക്തന്മാൎക്കു് എന്തും ചെയ്യാമെന്നും ദുൎബ്ബലന്മാർ അവർ ചെയ്യുന്നതു് സഹിച്ചടങ്ങിക്കൊള്ളണമെന്നും തോന്നത്തക്കവിധം പ്രവൎത്തിക്കുന്നു. രാഷ്ട്രീയമായും അന്തർരാഷ്ട്രീയമായും നോക്കിയാൽ ഇതാണു് വാസ്തവം. ലോകത്തിലെങ്ങും അജ്ഞരും അടിച്ചമൎക്കപ്പെട്ടവരുമായ ജനലക്ഷങ്ങൾ അതിനാൽ അസ്വസ്ഥരായിത്തീൎന്നിരിക്കുന്നു. സദാചാരപരവും ധാൎമ്മികവും ആത്മീയവുമായ ആദൎശങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്ന മാനവജാതിക്കു മാത്രമേ സമുദായജീവിതത്തിലെ ദോഷങ്ങൾ ദൂരീകരിച്ചു് പരിഷ്കാരത്തിൻെറ യഥാൎത്ഥലക്ഷ്യങ്ങൾക്കുവേണ്ടി ശാസ്ത്രീയവിജ്ഞാനത്തിൻെറ വമ്പിച്ച വിജയങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയുള്ളു.— ഇതാണു് രാധാകൃഷ്ണൻെറ ദൃഢവിശ്വാസം. മനോബോധം സമുദായപരിഷ്കരണത്തെ സാധിപ്പിച്ചു് നീതിയും ധൎമ്മവും ലോകത്തിൽ പ്രതിഷ്ഠിക്കുന്നതാകണം. സങ്കുചിതത്വത്തിലല്ല വിശാലതയിലാണു് അതിൻെറ അധിഷ്ഠാനമെന്നും രാധാകൃഷ്ണൻ ജനങ്ങൾക്കു് മനസ്സിലാക്കിക്കൊടുപ്പാൻ ശ്രമിച്ചു.

ആധുനികകാലങ്ങളിൽ ജീവിച്ചിരിപ്പുള്ള തത്വചിന്തകന്മാരിൽ ഏററവും മഹാനായി ഡാക്ടർ രാ

ധാകൃഷ്ണന്റെ പേർ ചരിത്രം രേഖപ്പെടുത്തുമെന്നതിൽ സന്ദേഹമില്ല. ലൌകികതയുടെയും ഭൌതികവാദത്തിന്റെയും മുന്നേററത്തിൽനിന്നു മതത്തെ സംരക്ഷിച്ചുപോന്ന ഋഷികളുടെയും ദാശനികരുടെയും പരമ്പരയെത്തന്നെയാണു് രാധാകൃഷ്ണനും അലങ്കരിക്കുന്നതു്. അനന്തകാലങ്ങളിലായി മതബോധത്തിനു് ഉജ്ജീവനം നല്കിപ്പോന്ന ഇന്ത്യയുടെ ഉത്തമസംസ്കാരത്തെ അദ്ദേഹം പ്രതിനിധീകരിക്കുന്നു. ഇന്ത്യയുടെ ആത്മാവിനെ രാധാകൃഷ്ണൻ വിദേശിയക്കു കാണിച്ചുകൊടുത്തു. മഹാത്മജിയെയും ടാഗോറിനെയും കഴിച്ചാൽ ലോകത്തിലെ വിചാരശീലന്മാക്കു് രാധാകൃഷ്ണനെപ്പോലെ അത്രമാത്രം പ്രചോദനം നല്കിയ മറെറാരാളും ആധുനികകാലങ്ങളിൽ ഉണ്ടായിട്ടില്ല. മഹത്തായ ഇന്ത്യാരാജ്യത്തിന്റെ മനസ്സാക്ഷി ഗാന്ധിജി പ്രതിനിധീകരിച്ചുവെങ്കിൽ, വിശ്വമഹാകവി ടാഗോർ ഭാരതത്തിന്റെ സംസ്കാരത്തിന്നു് ഉത്തമപ്രാതിനിദ്ധ്യം വഹിച്ചുവെങ്കിൽ, ഡാക്ടർ രാധാകൃഷ്ണൻ ഭാരതഭൂമിയുടെ ചിന്താപ്രവണതയ്ക്കു് പ്രതിനിധിയായിപ്പരിലസിക്കുന്നു. ബഹുമുഖമായ സേവനങ്ങളെ സമാദരിച്ചു് ഇന്ത്യാഗവമ്മേണ്ടു് അദ്ദേഹത്തിനു് നല്കിയ 'ഭാരതരത്നം' എന്ന ബഹുമതിബിരുദം അന്വത്ഥമാണു്. അദ്ദേഹം ഭാരതത്തിലെ ഒരു രത്നംതന്നെയാകുന്നു. വിചാരമഹിമയിൽ വിളങ്ങുന്ന ഒരു രത്നം! ആ രത്നം അങ്ങിനെ പ്രകാശം ചൊരിഞ്ഞു് ഏറെനാളും പരിലസിക്കാൻ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ!

ജയ്ഹിന്ദു്.

Approved Nondetails for class use

	ക.	ണ.
ഗാന്ധിജി—T. K. രാമൻമേനോൻ	0	12
മൺമറഞ്ഞ സാഹിത്യകാരന്മാർ — പി. വി. കൃഷ്ണവാരിയർ.	1	0
ഇരുളിൽനിന്നു വെളിച്ചത്തിലേക്ക് — K. S. എഴുത്തച്ഛൻ.	1	0
വൈരമാല — ,, ,,	1	4
കാശ്മീർ — S. K. പൊറ്റെക്കാട്ട്	1	0
പ്രതാപനം ശക്തനം—K. V. M.	0	10
ശക്തൻ സാമൂതിരി — ,,	1	0
താരാപഥം — ,,	1	4
മാനസോദ്യാനം — ,,	1	4
മനുഷ്യമാതൃകകൾ—ഭരതപ്പിഷാരോടി	1	0
മൌലാനാ ആസാദ്— മേക്കുന്നത്ത്.	1	0
ഡാക്ടർ എസ്സ്. രാധാകൃഷ്ണൻ— ടി.	0	12
രമാബായി— പി. കുഞ്ഞിരാമൻനായർ.	0	8
ഝാൻസിയിലെ വീരറാണി— ഗോപാലവ്രതൻ.	1	0
പരിത്യാഗം— വിദ്വാൻ, സി. മാധവമേനോൻ.	0	൬
ബാപ്പു— കൃഷ്ണൻനായർ.	0	10
സാഹസികയാത്രാകഥകൾ— മേക്കുന്നത്ത്.	0	12
1857-ലെ മഹാവിപ്ലവം— ഗോപാലവ്രതൻ.	1	4